JEEVA MOZHIKAL RNI/KERBIL/-2003/21404
July 2011 www.jeevamozhikal.org
Regn No: KL/KTM/606/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## 'എറിഞ്ഞു വീഴ്ത്തിയ' പുസ്തകം

ഒരിക്കൽ സാമുവൽ ബ്രിംഗിൾസ് എന്ന ദൈവദാസൻ ഒരു തെരുവിലൂടെ നടന്നു പോകുകയായിരുന്നു. പെട്ടെന്നു മദ്യപനായ ഒരു മനുഷ്യൻ അദ്ദേഹത്തിന്റെ നേരെ ഒരു ഇഷ്ടികക്കഷ്ണം എടുത്തെറിഞ്ഞു.

ആ ഏറുകൊണ്ട് ബ്രിംഗിൾസിനു ഗുരുതരമായി പരുക്കേറ്റു. 18 മാസത്തോളം നടക്കാനും പ്രസംഗിക്കാനും പോകാൻ കഴിയാത്ത അവസ്ഥയിൽ അദ്ദേഹം കിടക്കയിലായിരുന്നു. എന്നാൽ ഈ സമയത്ത് അദ്ദേഹത്തിന് ഒരു പുസ്തകം എഴുതാനുള്ള പ്രേരണ ദൈവം കൊടുത്തു.

പതിനെട്ടു മാസം കൊണ്ട് അദ്ദേഹം ആ പുസ്തകം എഴുതിതീർത്തു. അതാണ് 'വിശുദ്ധിയിലേക്കുള്ള സഹായം' (Helps to holiness). ഇത് ക്രമേണ ഏറ്റവും കൂടുതൽ വില്പനയുള്ള ഒരു പുസ്തകമായിത്തീർന്നു. അനേകം ഭാഷകളിലേക്ക് ഇതു ഭാഷാന്തരം ചെയ്തിട്ടുണ്ട്.

സാമുവൽ ബ്രിംഗിൾസിന്റെ ഭാര്യ ഇങ്ങനെ പറയാറുണ്ട്: "ആ ഇഷ്ടിക ഇല്ലായിരുന്നുവെങ്കിൽ ഈ പുസ്തകം ഉണ്ടാകുകയില്ലായിരുന്നു."

ബ്രിംഗിൾസിന്റെ വീടിന്റെ പൂമുഖത്ത് ഒരു ഇഷ്ടികയിൽ ഇപ്രകാരം എഴുതി വച്ചിരിക്കുന്നു. "നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ അതു ഗുണമാക്കി തീർത്തു" (ഉല്പത്തി 50: 20)

തന്നെ അടിമയാക്കി വിറ്റുകളഞ്ഞ സഹോദരന്മാരോട് പിന്നീട് ഈജിപ്തിൽ പ്രധാന മന്ത്രിയായിത്തീർന്ന യോസഫ് പറയുന്ന വാക്യമാണിത്. സാമുവൽ ബ്രിംഗിൾസിനെ സംബന്ധിച്ചും അത് അർത്ഥവത്തായി മാറി.

"പ്രിയമുള്ളവരേ, നിങ്ങൾക്ക് പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ കാര്യം നിങ്ങൾക്കു വന്നു കൂടി എന്നുവെച്ച് അതിശയിച്ചു പോകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ" (1 പത്രൊസ് 4: 12, 13).

### അറിയാനും പറയാനും

- യഥാർത്ഥത്തിൽ ദൈവത്തെ ഭയപ്പെടുന്നെങ്കിൽ മറ്റൊന്നിനെയും നിനക്കു ഭയപ്പെടേണ്ടതില്ല.
- നിന്റെ ജീവിതത്തെ നീ സൂക്ഷിക്കുക. നിന്റെ അന്ത്യത്തെ ദൈവം സൂക്ഷിച്ചുകൊള്ളും.
- കഷ്ടതകൾ ദൈവം അയക്കുന്നതിനു പിന്നിലെ കാരണം മനസ്സിലായാൽ കഷ്ടതകൾ പിന്നെ നമ്മെ ഭാരപ്പെടുത്തുകയില്ല.
- മനുഷ്യന്റെ കഴിവിന്റെ പരിമിതി, പരിമിതിയില്ലാത്ത ദൈവത്തിന്റെ ശക്തിയിലേക്കു വെളിച്ചം വീശുന്നു.

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 9 - ലക്കം 7 ജൂലൈ 2011 Rs. 7.00



മുടിയൻപുത്രനിൽ നിന്നു മൂത്തപുത്രനിലേക്ക് – സന്തോഷ് പുന്നൻ
ദൈവസാന്നിധ്യപരിശീലനം – ബ്രദർ ലോറൻസ്
വിശ്വസ്ത ഗൃഹവിചാരകൻ – എലിയാസ് ആസ്‌ലാക്സൻ
നിങ്ങൾ കുറ്റപ്പെടുത്തുന്നവരോ മദ്ധ്യസ്ഥത വഹിക്കുന്നവരോ ?

**എഡിറ്റോറിയൽ**

# കുറ്റപ്പെടുത്തുന്ന വിരൽ രക്ഷിക്കുന്ന വിരൽ



ചുരുട്ടിയ മുഷ്ടിയും ചൂണ്ടിയ വിരലും-പാപത്തിൽ വീണുപോയ മനുഷ്യകുലത്തിന്റെ മനോഭാവത്തെ കാണിക്കുന്ന രണ്ടു പ്രതീകങ്ങൾ. ചുരുട്ടിയ മുഷ്ടി, 'എല്ലാം എനിക്കു മാത്രം; ഒന്നും വിട്ടുതരില്ല' എന്ന സ്വാർത്ഥതയെ കാണിക്കുന്നു. ചൂണ്ടിയ വിരൽ, 'കുറ്റം നിന്റേത്' എന്ന് മറ്റൊരാൾക്കെതിരെ നീളുന്ന കുറ്റപ്പെടുത്തുന്ന മനോഭാവത്തെ കുറിക്കുന്നു.

ഈ രണ്ടു തിന്മകളിൽ നിന്നും മനുഷ്യകുലത്തെ രക്ഷിക്കാനാണ് യേശു വന്നത്. യേശുവിന്റേത് ചുരുട്ടിയ മുഷ്ടികളായിരുന്നില്ല; വിടർന്ന കരങ്ങളായിരുന്നു. ഒന്നും താൻ തനിക്കായി പിടിച്ചു വച്ചില്ല. എല്ലാം മറ്റുള്ളവർക്കു നൽകി; ഒടുവിൽ സ്വന്തജീവൻ പോലും. ക്രൂശിൽ അവിടുന്നു കരങ്ങൾ വിടർത്തി. ആ വിടന്ന കരങ്ങളിൽ അവർ ആണികളടിച്ചു. വിചാരിച്ചാൽ പോലും ആ കരങ്ങൾ പിന്നീടു ചുരുട്ടുവാൻ കഴിയുമായിരുന്നില്ല. ജീവതത്തിലുടനീളം എല്ലാം മറ്റുള്ളവർക്കു നൽകിയ, ആളുകളെ അനുഗ്രഹിച്ച യേശു വിടർത്തിയകരങ്ങളുമായിത്തന്നെ ഈ ലോകം വിട്ടുപോയി.

യേശുവിന്റെ കാലത്തു ജീവിച്ചിരുന്ന പരീശന്മാരുടെ പ്രത്യേകത അവരുടെ ചൂണ്ടുവിരലുകളുടെ 'നീളക്കൂടുതൽ'ആയിരുന്നു. ന്യായപ്രമാണത്തിന്റെ കുത്തകക്കാരായിരുന്ന അവർക്ക് എപ്പോഴും മറ്റുള്ളവർക്കുനേരേ വിരൽ ചൂണ്ടുവാൻ മതിയായ കാരണങ്ങളുണ്ടായിരുന്നു. അങ്ങനെയെങ്കിൽ 'ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും നീക്കുവാനല്ല നിവർത്തിപ്പാൻ വന്ന' യേശുവിന് മറ്റെല്ലാവർക്കും നേരേ എത്ര ആധികാരികതയോടെ വിരൽ ചൂണ്ടാമായിരുന്നു! എന്നാൽ കാപട്യക്കാരല്ലാത്ത എല്ലാവരെയും രക്ഷിക്കുന്ന വിരലായിരുന്നു യേശുവിന്റേത്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ നേരെ പരീശന്മാർ കുറ്റപ്പെടുത്തുന്ന വിരൽ ചൂണ്ടിയപ്പോൾ യേശുവിന്റെ വിരൽ അവളെ രക്ഷിക്കുന്നതായിരുന്നു. (യോഹ. 8:6,8).

മറ്റുള്ളവർക്കു നേരേ കുറ്റപ്പെടുത്തുന്ന വിരൽ ചൂണ്ടുന്ന സ്വഭാവം മനുഷ്യർക്ക് എവിടെനിന്നാണു കിട്ടിയത്? ബൈബിളിൽ ആദ്യം എഴുതിയ ഗ്രന്ഥമായ ഇയ്യോബിന്റെ പുസ്തകത്തിന്റെ ആദ്യ രണ്ട് അധ്യായങ്ങളിൽ നിന്നുതന്നെ ഇതേക്കുറിച്ചു നമുക്കു സൂചന ലഭിക്കും. ഒരു ദിവസം ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽ നിൽപ്പാൻ ചെന്നപ്പോൾ 'സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദി'യായ (വെളിപ്പാട് 12:10) സാത്താനും അവിടെ ചെന്നു. അന്നു ലോകത്തിൽ ഉള്ളതിൽ വച്ച് ഏറ്റവും കൂടുതൽ നിഷ്ക്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും എന്നു ദൈവം തന്നെ സർട്ടിഫിക്കറ്റു നൽകിയ ഇയ്യോബിനു നേരേ വിരൽ ചൂണ്ടുവാനാണ് അവൻ അവിടെ ചെന്നത്.

ഇയ്യോബിനെ കുറ്റംപറഞ്ഞശേഷം, ദൈവം തന്റെ വിരൽ നീട്ടി ഇയ്യോബിനുള്ളതൊക്കെയും ഒന്ന് 'തൊടണ'മെന്നു സാത്താൻ നിർദ്ദേശിക്കുന്നു (1:11). ദൈവം അതിനു തയ്യാറായില്ല. പകരം സാത്താനെ അനുവദിച്ചു. സാത്താൻ 'കരം' നീട്ടി (1:12); ഇയ്യോബിനുള്ളതൊക്കെയും നഷ്ടമായി. രണ്ടാം അധ്യായത്തിലും കാര്യങ്ങൾ ഏറെക്കുറേ ഇതുപോലെ ആവർത്തിക്കുന്നു. ഇയ്യോബിന്റെ അസ്ഥിയും മാംസവും വിരൽ നീട്ടി ഒന്നു 'തൊടുക' എന്നായിരുന്നു ഇപ്രാവശ്യം ദൈവത്തോടുള്ള സാത്താന്റെ ആവശ്യം (2:5). എന്നാൽ ദൈവം പറഞ്ഞു: "ഇതാ അവൻ നിന്റെ കയ്യിൽ ഇരിക്കുന്നു. അവന്റെ പ്രാണനെ മാത്രം തൊടരുത്" (2:6). സാത്താൻ പ്രാണനെ ഒഴിവാക്കി അവനെ തൊട്ടു; ഇയ്യോബ് പരുക്കളാൽ ബാധിതനായി.

നോക്കുക: മറ്റുള്ളവരെ കുറ്റംപറയുന്ന, അവർക്കു നേരേ അക്ഷരാർത്ഥത്തിൽ തന്നെ വിരൽ ചൂണ്ടുന്ന സ്വഭാവം സാത്താന്റേതാണ്. സാത്താനിൽ നിന്ന് ഈ സ്വഭാവം മനുഷ്യകുലത്തിനു പകർന്നു കിട്ടിയത് ഏദൻ തോട്ടത്തിൽവച്ചാണ്. മറ്റുള്ളവരെ കുറ്റം ചുമുത്തുന്ന അപവാദിയുടെ ഈ 'വിഷം' കല്പനാലംഘനത്തിലൂടെ ആദാമിനു പകർന്നുകിട്ടയപ്പോൾ അവൻ ആദ്യം ചെയ്തത് ദൈവത്തിനും ഹവ്വയ്ക്കും എതിരെ വിരൽ ചൂണ്ടുകയായിരുന്നു (ഉല്പത്തി 3:12). ഹവ്വ തുടർന്നു ദൈവസൃഷ്ടിയായ പാമ്പിനുനേരെ വിരൽ ചൂണ്ടി (3:13). ആദിമമാതാപിതിക്കളിലൂടെ ഈ വിഷം തലമുറകളിലേക്കു പകർന്നപ്പോൾ മറ്റുള്ളവർക്ക് എതിരെ വിരൽ ചൂണ്ടുന്ന രീതി ആദാമ്യവംശത്തിന്റെ സ്വഭാവമായി.

ഇതിനു പരിഹാരം വരുത്തുവാനും മറ്റുള്ളവരിലേക്കല്ല, അവനവനിലേക്കു തന്നെ വിരൽ ചൂണ്ടുവാനുമാണു ദൈവം തന്റെ വിരൽകൊണ്ട് എഴുതി 'പത്തു കല്പനകൾ' നൽകിയത്. പത്തു കല്പനകളിൽ ഓരോന്നും അവനവൻ അനുസരിക്കുവാനും അനുസരിച്ചോ എന്നു സ്വയം ശോധന ചെയ്യുവാനുമാണു നൽകിയത്. എന്നാൽ ആ കല്പനകളും പ്രമാണങ്ങളും തന്നെ മറ്റുള്ളവരെ കുറ്റം വിധിക്കുവാൻ പരീശൻ ഉപയോഗിച്ചപ്പോൾ അവന്റെ രക്ഷയ്ക്കായി ദൈവം വച്ച സംവിധാനം തന്നെ അവനു ശിക്ഷയ്ക്കു ഹേതുവായിത്തീരുകയും (റോമർ 7:10-13) മറ്റുള്ളവർക്കെതിരെ അതു ദണ്ഡനോപകരണമായി മാറുകയും ചെയ്തു.

തുടർന്നാണ് രക്ഷകനായ യേശുവിന്റെ വരവ്. അവിടുന്നു മറ്റുള്ളവരെ കുറ്റപ്പെടുത്താതെ കുറ്റങ്ങളും അതിന്റെ ശിക്ഷയും സ്വയം ഏറ്റുവാങ്ങുകയും മറ്റുള്ളവരെ വെറുതെ വിടുകയും ചെയ്തു. മറ്റുള്ളവർക്കെതിരെ വിരൽ ചൂണ്ടുക എന്നതു നിലനില്പിനുള്ള ഏക ജീവിതക്രമമായി അംഗീകരിച്ചിരുന്ന ലോകത്ത് യേശു കാട്ടിയ ഈ വഴി ഒരു വ്യത്യസ്തതയായി, രക്ഷാമാർഗ്ഗമായി.

എന്നാൽ യേശു കാട്ടിയ ഈ രക്ഷാമാർഗ്ഗത്തിലൂടെ ദൈവരാജ്യത്തിന്റെ അനുഭവങ്ങളിലേക്കുവന്ന വിശ്വാസികളിൽ പലരേയും മറ്റുള്ളവർക്കെതിരെ വിരൽ ചൂണ്ടുന്ന മനോഭാവം ഇന്നും പിൻതുടരുന്നു. അതു സാത്താന്യമാണെന്നും അങ്ങനെ ചെയ്യുമ്പോൾ തങ്ങൾ ' പിശാചിന് ഇടംകൊടുക്കുകയാണെന്നും' (എഫെ. 4:25-27) അവർ അറിയുന്നില്ല. പിശാചിന് അവസരം കൊടുത്താൽ 'അവൻ മോഷ്ടിക്കുകയും അറുക്കുകയും മുടിക്കുകയും' ചെയ്യും (യോഹ. 10:10). അവൻ മോഷ്ടിച്ചു കൊണ്ടുപോകുന്നത് എന്താണ്? അവൻ തട്ടിക്കൊണ്ടു പോകുന്നത് ദൈവരാജ്യത്തിന്റെ സമ്പത്തായ നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് (റോമർ 14:17). ശരിയല്ലേ? മറ്റുള്ളവർക്കെതിരേ വിരൽ ചൂണ്ടുകയും അവർക്കെതിരേ മനസ്സിലെങ്കിലും നിരന്തരം കുറ്റാരോപണം നടത്തുകയും ചെയ്യുന്നവർക്കല്ലേ സന്തോഷവും സമാധാനവും ദൈവമുൻപാകെയുള്ള നീതിയും നഷ്ടമാകുന്നത്? മറ്റുള്ളവർക്കെതിരേ വിരൽ ചൂണ്ടുന്നവർ സ്വയം ഒരു ദണ്ഡനം ഏറ്റുവാങ്ങുകയാണ്. മറുവശത്ത് അവർ മനസ്സിൽ ആർക്കെതിരേ കുറ്റാരോപണം നടത്തിയോ

(ശേഷം പേജ് 38 ൽ)

സന്ദേശം

# നിങ്ങൾ കുറ്റപ്പെടുത്തുന്നവരോ മധ്യസ്ഥത വഹിക്കുന്നവരോ?

**നി**ങ്ങൾ ആരുടെ സഹപ്രവർത്തകനാണ്? - സാത്താന്റെയോ കർത്താവായ യേശുക്രിസ്തുവിന്റെയോ?

സാത്താൻ സഹോദരന്മാരെ രാപ്പകൽ കുറ്റപ്പെടുത്തുന്നവനാണെന്ന് നാം വെളിപ്പാട് 12:10 ൽ വായിക്കുന്നു. അവൻ അവരെ ദൈവമുമ്പാകെ രാപ്പകൽ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇത് സാത്താൻ ഏർപ്പെട്ടിരിക്കുന്ന ഒരു 'മുഴുസമയശുശ്രൂഷ'യാണ്. ഈ ശുശ്രൂഷയിൽ അവന് ഒട്ടേറെ കൂട്ടുപ്രവർത്തകർ ഉണ്ട്- അത് അവന്റെ കിങ്കരരായ ദുരാത്മാക്കളും മനുഷ്യരുടെ ഇടയിൽ നിന്നു ള്ളവരും ആണ്. ദുഃഖകരമായ സത്യം സാത്താന്റെ ഈ 'കുറ്റപ്പെടുത്തലിന്റെ ശുശ്രൂഷ'യിൽ അനേക വിശ്വാസികളും സാത്താന്റെ സഹപ്രവർത്തകരാണ് എന്നതാണ്.

ഏദെൻ തോട്ടത്തിൽ ആദാം പാപം ചെയ്തപ്പോൾ ഉടൻ തന്നെ സാത്താൻ അവന്റെ സ്വഭാവം ആദാമിനു പകർന്നു കൊടുത്തു. അതിന്റെ തെളിവ്, ദൈവം ആദാമിനോട് 'വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലം നീ തിന്നുവോ?' എന്നു ചോദിച്ചപ്പോൾ ഒന്നാമത് ആദാം ചെയ്തത് ഹവ്വയെ ചൂണ്ടിക്കാണിച്ചു



**ചൂണ്ടുവിരൽ മറ്റൊരു മനുഷ്യജീവിക്കു നേരേ ചൂണ്ടി നില്ക്കുന്ന ആദാമിന്റെ സ്വഭാവം അവന്റെ മക്കളിലെല്ലാം കാണാം. കുഞ്ഞുനാൾ മുതലേ നമ്മിലെല്ലാം വികസിച്ചു വരുന്ന ഒരു സ്വഭാവമാണ് മറ്റുള്ളവരെ പഴിചാരുകയും കുറ്റംപറയുകയും ചെയ്യുക എന്നത്.**

> **മനോഭാവത്തിലുള്ള മാറ്റം ദൈവത്തോടുള്ള സഹകരണത്തിൽ കൂടെയല്ലാതെ ഒരിക്കലും നമ്മിൽ നടക്കുകയില്ല. ദൈവം തന്നെയാണ് ഈ പുതിയ മനോഭാവം നമ്മുടെ ഹൃദയത്തിൽ വരുത്തുവാൻ പ്രവർത്തിക്കുന്നത്. സംശയമില്ല എന്നാൽ അവിടുന്ന് നമ്മെ യന്ത്രങ്ങളെപ്പോലെയോ യന്ത്രമനുഷ്യനെപ്പോലെയോ അല്ല കൈകാര്യം ചെയ്യുന്നത്. നമ്മുടെ തെറ്റായ മനോഭാവത്തിൽ നിന്നു നമ്മുടെ സ്വന്ത രക്ഷയ്ക്കായി പ്രവർത്തിക്കുന്നതിന് നാം ദൈവത്തോടു സഹകരിച്ചേ പറ്റുകയുള്ളൂ.**

കൊണ്ട് 'ഇവളാണ് എനിക്കു തിന്നുവാനായി ഫലം തന്നത്' എന്നു പറയുകയായിരുന്നു എന്നതാണ്. (ഉൽപ 3: 12)

ചൂണ്ടുവിരൽ മറ്റൊരു മനുഷ്യജീവിക്കു നേരേ ചൂണ്ടി നില്ക്കുന്ന ആദാമിന്റെ ആ ഭാവം നമുക്കു സുപരിചിതമാണ്; അവന്റെ മക്കളിലെല്ലാം ആ സ്വഭാവം കാണാം. കുഞ്ഞുന്നാൾ മുതലേ നമ്മിലെല്ലാം വികസിച്ചു വരുന്ന ഒരു സ്വഭാവമാണ് മറ്റുള്ളവരെ പഴിചാരുകയും കുറ്റംപറയുകയും ചെയ്യുക എന്നത്. നാം വളർന്ന് വലുതാകുംതോറും ഈ പഴിചാരലും കുറ്റപ്പെടുത്തലിന്റെ ആത്മാവും കൂടുതൽ ബുദ്ധിപൂർവ്വവും, നിഗൂഢവും ദുഷ്ടത നിറഞ്ഞതുമായി വെളിപ്പെടും. ദുഃഖകരമായ കാര്യം വീണ്ടുംജനിച്ച് അനേക വർഷങ്ങൾ കഴിഞ്ഞാലും ചില വിശ്വാസികളിൽ നിന്നും ഈ സ്വഭാവം ഒഴിഞ്ഞുപോകുന്നില്ല എന്നതാണ്.

ബൈബിൾ പറയുന്നു: "ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതെല്ലാം നീങ്ങിപ്പോയി കണ്ടാലും സകലവും പുതുതായിത്തീർന്നിരിക്കുന്നു" (2 കൊരി. 5:17) മറ്റു മനുഷ്യരോടുള്ള നമ്മുടെ മനോഭാവം ഇപ്പോൾ പുതുതായിരിക്കണം. യേശുവിന് അവരോടുണ്ടായിരുന്ന അതേ മനോഭാവം തന്നെ ആയിരിക്കണം. എന്നാൽ മനോഭാവത്തിലുള്ള അത്തരമൊരു മാറ്റം ദൈവത്തോടുള്ള സഹകരണത്തിൽ കൂടെയല്ലാതെ ഒരിക്കലും നമ്മിൽ നടക്കുകയില്ല. ദൈവം തന്നെയാണ് ഈ പുതിയ മനോഭാവം നമ്മുടെ ഹൃദയത്തിൽ വരുത്തുവാൻ പ്രവർത്തിക്കുന്നത്. സംശയമില്ല. എന്നാൽ അവിടുന്ന് നമ്മെ യന്ത്രങ്ങളെപ്പോലെയോ യന്ത്രമനുഷ്യനെപ്പോലെയോ അല്ല കൈകാര്യം ചെയ്യുന്നത്. നമ്മുടെ തെറ്റായ മനോഭാവത്തിൽ നിന്നു നമ്മുടെ സ്വന്തരക്ഷയ്ക്കായി പ്രവർത്തിക്കുന്നതിന് നാം ദൈവത്തോടു സഹകരിച്ചേ പറ്റുകയുള്ളൂ. (ഫിലി 2:12, 13). അപ്പോൾ മാത്രമേ നമുക്കു മാറ്റം വരികയുള്ളൂ.

'സ്വന്തരക്ഷയ്ക്കായി പ്രവർത്തിക്കുക' എന്ന കല്പന വിശ്വാസികൾ ഗൗരവമായി എടുക്കാത്തതു കൊണ്ട് അവർ ജീവിതാവസാനം വരെ ആദാമിന്റെ സന്തതികളെപ്പോലെ പെരുമാറുന്നത് തുടർന്നു കൊണ്ടേയിരിക്കുന്നു. തന്റെ മക്കളുടെ മോശമായ പെരുമാറ്റം മൂലം കർത്താവിന്റെ നാമം ദുഷിപ്പിക്കപ്പെടുന്നു. ഒരു തെറ്റായ പഠിപ്പിക്കൽ അനേക വിശ്വാസികളെയും നയിച്ചിരിക്കുന്നത് വിശുദ്ധീകരണത്തിനുവേണ്ടി അവർക്ക് ഒന്നും ചെയ്യാനില്ല എന്ന സങ്കല്പത്തിലേക്കാണ്. സുവിശേഷസത്യങ്ങളെ ബുദ്ധിപരമായി വിശ്വസിച്ചാൽ മാത്രം മതി. എന്നാണ് അവർ കരുതുന്നത്. അത് സത്യമായിരുന്നെങ്കിൽ പിശാചു ശുദ്ധികരിക്കപ്പെടുമായിരുന്നു എന്തുകൊണ്ടെന്നാൽ അവനും സുവിശേഷത്തിലെ എല്ലാ വസ്തുതകളും വിശ്വസിക്കുന്നു!. എന്നാൽ അവൻ ഇപ്പോഴും സഹോദരന്മാരെ കുറ്റപ്പെടുത്തുന്നവനായിത്തന്നെ ഇരിക്കുന്നു- വിശ്വാസികളെന്ന് വിളിക്കപ്പെടുന്ന അനേകരും അങ്ങനെ തന്നെ. യേശുവിന്റെ കാലത്തെ പരീശന്മാരെത്തന്നെ എടുക്കാം. അവർ അടിസ്ഥാനപരമായി നല്ല ഉപദേശങ്ങളുള്ളവരും ആഴമായി മതഭക്തരുമായിരുന്നു. അവർ അവരുടെ തലമുറയിലുണ്ടായിരുന്ന സ്വതന്ത്രചിന്തകരായിരുന്ന സദൂക്യരോട് ദൈവവചനത്തിന്റെ സത്യങ്ങളെച്ചൊല്ലി മല്ലടിച്ചിരുന്നു- സുവിശേഷ വിഹിത ക്രിസ്ത്യാനികൾ ഇന്നു ചെയ്യുന്നതുപോലെ. എന്നിട്ടും യേശു സദൂക്യരെക്കാളധികം പരീശന്മാരെയാണ് കുറ്റവാളികളാക്കിയത്.





> **നാം കർത്താവിനെ അനുഗമിക്കുമ്പോൾ നമ്മുടെ പോരാട്ടവും, നല്ല ഉപദേശം ഉള്ളവരെങ്കിലും മറ്റുള്ളവരെ രക്ഷിക്കുന്നതിന് ഒരു വിരൽ പോലും ഉയർത്താതെ അവരെ കുറ്റപ്പെടുത്തുന്ന ക്രിസ്തീയ മൗലിക വാദികൾക്ക് നേരെയാണെന്നു കാണാൻ കഴിയും. നഷ്ടപ്പെട്ട ജാതികളെ രക്ഷിക്കുവാനായി ഭാരമുണ്ടെന്ന് അവകാശപ്പെടുന്ന അനേകരും അതേ സമയം തങ്ങളുടെ സഹവിശ്വാസികളെ കുറ്റപ്പെടുത്തുന്നവരാണ്, അവരെ രക്ഷിക്കുവാനായി യാതൊരു താത്പര്യവും ഇല്ലാതെയിരിക്കുന്നവരാണ്!.**

വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട ഒരു പാവം സ്ത്രീയെ അവർ കുറ്റപ്പെടുത്തിയ സംഭവത്തിൽ നിന്നും പരീശന്മാരുടെ മനോഭാവം വ്യക്തമായി നമുക്കു കാണാൻ കഴിയും. അവളെ പാപകരമായ ജീവിതത്തിൽ നിന്നു രക്ഷിക്കാനുള്ള ഒരു താത്പര്യവും അവർക്കില്ലായിരുന്നു. അവരുടെ സ്വന്ത നീതിയെ പ്രദർശിപ്പിക്കുക എന്ന ഒരു ഉദ്ദേശ്യമേ അവർക്കുണ്ടായിരുന്നുള്ളൂ. അവിടെ അവർ തങ്ങളുടെ ചുണ്ടുവിരൽ (അവരുടെ പൂർവ്വപിതാവ് ചെയ്തതുപോലെ) ആ നിസ്സഹായയായ സ്ത്രീയുടെ നേരെ ചൂണ്ടിക്കൊണ്ടുനിന്നു. അവരുടെ ആ പ്രവൃത്തിയിൽ കൂടെ അവർ യഥാർത്ഥമായി ആരുടെ മക്കൾ ആണെന്ന് വെളിപ്പെടുത്തുകയായിരുന്നു. യേശുവാകട്ടെ, അത്തരം സ്ത്രീകളെ അവരുടെ പാപത്തിൽ നിന്നു രക്ഷിക്കാനാണു വന്നത്. യേശു ആ പരീശന്മാരോടു പറഞ്ഞത്, അവരുടെ പിതാവ് ആദാം മാത്രമല്ല, പിന്നെയോ കുറ്റപ്പെടുത്തുന്നവൻ, സാത്താൻ, തന്നെ ആണെന്നാണ്. (യോഹ 8 :11,14,44 കാണുക)

യേശുവിന്റെ മുഴുവൻ ശുശ്രൂഷയും പരീശന്മാരോടുള്ള ഒരു എതിർത്തുനില്പ് ആയിരുന്നു. കാരണം, അവിടുന്ന് ഭൂമിയിലേക്ക് വന്നത് 'കുറ്റപ്പെടുത്തുന്നവനോടും' അവന്റെ പ്രതിനിധികളോടും – ആ പ്രതിനിധികൾ മതത്തിന്റെ അങ്കി ധരിച്ചവരാണെങ്കിലും – യുദ്ധം ചെയ്യാൻ വേണ്ടിയാണ്. നാം കർത്താവിനെ അനുഗമിക്കുമ്പോൾ നമ്മുടെ പോരാട്ടവും, നല്ല ഉപദേശം ഉള്ളവരെങ്കിലും മറ്റുള്ളവരെ രക്ഷിക്കുന്നതിന് ഒരു വിരൽ പോലും ഉയർത്താതെ അവരെ കുറ്റപ്പെടുത്തുന്ന ക്രിസ്തീയ മൗലിക വാദികൾക്ക് നേരേയാണെന്നു കാണാൻ കഴിയും. നഷ്ടപ്പെട്ട ജാതികളെ രക്ഷിക്കുവാനായി ഭാരമുണ്ടെന്ന് അവകാശപ്പെടുന്ന അനേകരും അതേ സമയം തങ്ങളുടെ സഹവിശ്വാസികളെ കുറ്റപ്പെടുത്തുന്നവരാണ്, അവരെ രക്ഷിക്കുവാൻ യാതൊരു താത്പര്യവും ഇല്ലാതെയിരിക്കുന്നവരാണ്!.

ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ കുറ്റം വിധിപ്പാനല്ല, അതിനെ രക്ഷിക്കുവാനാണ് (യോഹ 3:17). നമ്മുടെ കർത്താവിന്

**സാത്താന്റെ ശുശ്രൂഷ കുറ്റപ്പെടുത്തലിന്റെയും ശിക്ഷാവിധിയുടെയുമാണ്. നമുക്ക് അതിൽ ഒരുപങ്കുമുണ്ടാകാൻ പാടില്ല. നമ്മുടെ കർത്താവിന് മറുവശത്ത് 'മുഴുവൻ സമയ ശുശ്രൂഷ'യുള്ളത് മദ്ധ്യസ്ഥതയുടെയും രക്ഷയുടെയും ശുശ്രൂഷയാണ്. ഈ ശുശ്രൂഷയാണ് നമുക്കും ഉണ്ടായിരിക്കേണ്ടത്.**

നമ്മെ പൂർണമായും രക്ഷിക്കാൻ കഴിയും. കാരണം, അവിടുന്ന് എപ്പോഴും ജീവിക്കുന്നത് നമുക്ക് വേണ്ടി മദ്ധ്യസ്ഥത വഹിക്കാൻ വേണ്ടിയാണ് (എബ്രാ. 7:25).

സാത്താന്റെ ശുശ്രൂഷ കുറ്റപ്പെടുത്തലിന്റെയും ശിക്ഷാവിധിയുടെയും ശുശ്രൂഷയാണ്. നമുക്ക് അതിൽ ഒരു പങ്കുമുണ്ടാകാൻ പാടില്ല. മറുവശത്ത് നമ്മുടെ കർത്താവിന് 'മുഴുവൻ സമയ ശുശ്രൂഷ'യുള്ളത് മദ്ധ്യസ്ഥതയുടെയും രക്ഷയുടെയും ശുശ്രൂഷയാണ്. ഈ ശുശ്രൂഷയാണ് നമുക്കും ഉണ്ടായിരിക്കേണ്ടത്.

ഈ ശുശ്രൂഷയ്ക്കുവേണ്ടി ദൈവം നമ്മെ യേശുവിന് അവിടുത്തെ കാന്തയായും തുണയായും നൽകിയിരിക്കുകയാണ്. അതുകൊണ്ട് മദ്ധ്യസ്ഥതയുടെ ശുശ്രൂഷയിൽ നാം കർത്താവിന്റെ കൂട്ടു പ്രവർത്തകർ ആയിരിക്കേണ്ടതാണ്. പിതാവ് യേശുവിനെ ഭൂമിയിലേക്കയച്ചത് കുറ്റം വിധിക്കാൻ അല്ല അതിനെ രക്ഷിക്കാനാണ് എന്നതുപോലെ നമ്മെയും അവിടുന്നു ലോകത്തിലേക്കയച്ചിരിക്കുന്നത് ശിക്ഷ വിധിക്കുവാനോ, മറ്റുള്ളവരെ കുറ്റപ്പെടുത്തുവാനോ അല്ല. പിന്നെയോ അവരെ രക്ഷിക്കുവാനാണ്(യോഹ 20:21). അതുകൊണ്ട് ലോകത്തിലെ,ദൈവത്തിന്റെ പ്രവൃത്തിയിൽ നാം അവിടുത്തെ കൈയിലെ ഫലപ്രദമായ ഉപകരണമാകണമെങ്കിൽ നാം കുറ്റപ്പെടുത്തലിന്റെ ആത്മാവിനെ (സാത്താന്റെ ആത്മാവ്) നമ്മുടെ ജീവിതത്തിൽ നിന്നു നീക്കിക്കളഞ്ഞ് അതിനെ മധ്യസ്ഥതയുടെ ആത്മാവ് (യേശുവിന്റെ ആത്മാവ്) കൊണ്ട് പുനഃസ്ഥാപിക്കേണ്ടതുണ്ട്.

സെഖ.3:1-5 വാക്യങ്ങളിൽ ഈ രണ്ടു ശുശ്രൂഷകളുടെയും ഭംഗിയായ ഒരു ചിത്രം കാണാം. അവിടെ നാം കാണുന്നത് എന്താണ്? യോശുവ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ നില്ക്കുന്നു. അവൻ ഒരു മുഷിഞ്ഞ വസ്ത്രം ധരിച്ചിരിക്കുന്നു. (അതു സൂചിപ്പിക്കുന്നത് നമ്മളിൽ ഏറ്റവും നല്ലവരുടെ ജീവിതത്തിന്റെ അവസാനം വരെ പാപം (സുബോധമനസ്സിലും അബോധമനസ്സിലും) ഉണ്ടായിരിക്കും എന്നതാണ്. കാരണം യോശുവ മഹാപുരോഹിതനും, യഹൂദന്മാരുടെ നേതാവും ആയിരുന്നു എന്നോർക്കുക. സാത്താൻ യോശുവയെ കുറ്റപ്പെടുത്തുവാനായി അവന്റെ അടുത്തു തന്നെ നിൽക്കുന്നുണ്ടായിരുന്നു. മറുവശത്ത് നാം കാണുന്നത് യഹോവ യോശുവയുടെ പക്ഷംപിടിച്ച് അപവാദിയെ ശാസിക്കുന്നതായിട്ടാണ്. യഹോവ യോശുവയുടെ മുഷിഞ്ഞ വസ്ത്രം നീക്കി അതിന്റെ സ്ഥാനത്ത് മഹത്വമുള്ള വസ്ത്രം നല്കുന്നു. ഇതൊക്കെ കണ്ടുകൊണ്ടു നിന്ന സെഖര്യാവ് ദൈവം യോശുവയെ നീതികരിക്കുന്നത് കണ്ട് ആവേശം നിറഞ്ഞ് തന്റെ സഹോദരനെ മഹത്വപ്പെടുത്തുന്നതിന് യഹോവയോടു ചേർന്നുകൊണ്ടു പറഞ്ഞു: 'അവർ അവന്റെ തലയിൽ മനോഹരമായ തലപ്പാവ് കൂടെ ധരിപ്പിക്കട്ടെ'. യഹോവ സെഖര്യാവിന്റെ പ്രാർത്ഥന കേട്ട് യോശുവയ്ക്ക് വൃത്തിയുള്ള ഒരു തലപ്പാവും നല്കി. ഇതാണ് ദൈവത്തിന്റെ സഹപ്രവർത്തകരായിരിക്കുക എന്നതിന്റെ അർത്ഥം.





വേദപുസ്തകം പറയുന്നു: "സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം. ദൈവം അവന് ജീവനെ കൊടുക്കും." (1 യോഹ. 5:16). ഇത് ദൈവത്തിന്റെ അത്ഭുതകരമായ വാഗ്ദാനമാണ്. എപ്പോഴെങ്കിലും ഒരു സഹോദരൻ പാപം ചെയ്യുകയോ വീഴുകയോ ചെയ്യുന്നത് കണ്ട് ഈ വാഗ്ദാനം ഉപയോഗിക്കുന്നതിനെപ്പറ്റി നാം ചിന്തിച്ചിട്ടുണ്ടോ?. അതോ നാം സാത്താന്റെ സൈന്യത്തോടു ചേർന്ന് ആ പാവം സഹോദരനെ കുറ്റപ്പെടുത്തുകയായിരുന്നോ?.

ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ ഈ രണ്ടു ശുശ്രൂഷയും,കുറ്റപ്പെടുത്തലും മദ്ധ്യസ്ഥതയും , സ്ഥിരമായി നടന്നുകൊണ്ടിരിക്കുന്നു. ഈ രണ്ടു ശുശ്രൂഷയിൽ ഏതിലാണ് നാം ഭാഗഭാക്കാകേണ്ടത് എന്നു നാമാണ് തീരുമാനിക്കേണ്ടത്.

ഒന്നാമതായി സാത്താനും അവന്റെ ദുരാത്മാക്കളുമാണ് നമ്മുടെ കൂട്ടു സഹോദരങ്ങളെ കുറ്റപ്പെടുത്തുവാൻ നമ്മെ പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നത് എന്നു നാം വ്യകതമായി കാണണം. സാത്താൻ എപ്പോഴും അതിന് നല്ലതും നീതിപൂർവ്വവുമായ ഒരു കാരണം നമ്മെ കാണിച്ചു തരും!. ഇതു നാം എത്രയധികം ചെയ്യുന്നുവോ അത്രയധികം ദുരാത്മാക്കളുടെ സ്വാധീനം നമ്മുടെ ജീവിതത്തിന്മേൽ വരുന്നതിനായി നമ്മെത്തന്നെ തുറന്നു കൊടുക്കുകയാണ്. മറ്റുള്ളവരെ കുറ്റപ്പെടുത്തുന്ന ഈ ദുഷിച്ച സ്വഭാവം മാത്രമാണ് ഇന്ന് അനേക വിശ്വാസികളും അവരുടെ ശരീരത്തിലും മനസ്സിലും സുഖപ്പെടാത്ത രോഗങ്ങളാൽ ബാധിതരായിരിക്കുന്നതിന്റെ പ്രധാന കാരണം.

**ഒന്നാമതായി സാത്താനും അവന്റെ ദുരാത്മാക്കളുമാണ് നമ്മുടെ കൂട്ടു സഹോദരങ്ങളെ കുറ്റപ്പെടുത്തുവാൻ നമ്മെ പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നത് എന്നു നാം വ്യകതമായി കാണണം. സാത്താൻ എപ്പോഴും അതിന് നല്ലതും നീതിപൂർവ്വവുമായ ഒരു കാരണം നമ്മെ കാണിച്ചു തരും!. ഇതു നാം എത്ര അധികം ചെയ്യുന്നുവോ അത്രയധികം ദുരാത്മാക്കളുടെ സ്വാധീനം നമ്മുടെ ജീവിതത്തിന്മേൽ വരുന്നതിനായി നമ്മെ തന്നെ തുറന്നു കൊടുക്കുകയാണ്.**

കുറ്റപ്പെടുത്തലിന്റെ ആത്മാവിനെ പൂർണമായും നമ്മുടെ ജീവിതത്തിൽ നിന്ന് ഒഴിവാക്കുന്ന കാര്യത്തിൽ നാം പൂർണ്ണ ഹൃദയം ഉള്ളവരായിരിക്കണം - അർബുദത്തിന്റെ മുഴ ഒരു ഡോക്ടർ മുറിച്ചു മാറ്റുന്നതുപോലെ കുറ്റപ്പെടുത്തലിന്റെ ആത്മാവ് കാൻസറിനേക്കാൾ മോശമാണെന്ന് നാം കണ്ടിട്ടുണ്ടോ എന്നതാണ് പ്രധാന ചോദ്യം.

മറ്റുള്ളവരെ കുറ്റപ്പെടുത്തുന്ന സ്വഭാവം നമുക്ക് എല്ലാം ജന്മനാ ലഭിച്ചിട്ടുള്ളതാണ്. മറ്റുള്ളവരുടെ നേരേ വിരൽ ചൂണ്ടുകയും ഒന്നല്ലെങ്കിൽ മറ്റൊരു കാര്യത്തിന് അവരെ കുറ്റപ്പെടുത്തുകയും അവർക്ക് എതിരേ ഏഷണി പറയുകയും ചെയ്തു നമ്മുടെ ജീവിതം നാം ചെലവഴിച്ചു. പരീശന്മാരെപ്പോലെ നമ്മുടെ പാപങ്ങളെപ്പറ്റി നാം മറന്നു പോയി! നമ്മുടെ സ്വന്തം പാപങ്ങൾ മറ്റുള്ളവരെ കല്ലെറിയുന്നതിന് നമ്മെ അയോഗ്യരാക്കി

*ശേഷം പേജ് 27 ൽ*

# മുടിയൻ പുത്രനിൽ നിന്നു മൂത്തപുത്രനിലേക്ക്

**സന്തോഷ് പുന്നൻ**

**യേ**ശുവിന്റെ വചനം കേൾക്കാൻ പാപികൾ അവിടുത്തെ അടുക്കൽ വന്നു. അതുകണ്ട് പരീശന്മാരും ശാസ്ത്രിമാരും ഇങ്ങനെ പിറുപിറുത്തു...ഈ മനുഷ്യൻ (യേശു) പാപികളെ കൈകൊള്ളുന്നു. (ലൂക്കോ. 15:13) അവരോട് യേശു പറഞ്ഞ ഉപമയാണ് ലൂക്കോസ് 15:11-32 ൽ കാണുന്ന, ഒരു മനുഷ്യനു രണ്ടു പുത്രന്മാരുണ്ടായിരുന്നു എന്ന് തുടങ്ങുന്ന ,ഉപമ.

ഇത് യേശുവിന്റെ ഏറ്റവും പ്രസിദ്ധമായ ഉപമകളിൽ ഒന്നാണ്. ഒന്നാമതായി ശ്രദ്ധിക്കേണ്ടത് യേശു തന്റെ കാലത്തെ ഏറ്റവും മതഭക്തരായ ആളുകളോടാണ് ഇത് പറഞ്ഞിരിക്കുന്നത് എന്നതാണ്.(വാക്യം2). യേശുവിനെ കേൾക്കാനായി വന്ന പാപികളെ അവിടുന്നു സ്വീകരിക്കുന്നു എന്ന് പറഞ്ഞ് പിറുപിറുത്തവരാണ് അവർ.

നിങ്ങൾ നിശ്ചയമായും ഈ കഥ കേട്ടിട്ടുള്ളതാണെന്ന് എനിക്കറിയാം. സ്വയത്തിൽകേന്ദ്രീകൃതനായ ഇളയമകൻ വീട്ടിൽനിന്ന് ഓടിപ്പോയി അവന്റെ ഓഹരി നശിപ്പിച്ചശേഷം പശ്ചാത്തപിച്ചു തിരികെ വന്നത്, ഭവനത്തിൽ ആയിരിക്കുവാൻ വേണ്ടി ഒരു വേലക്കാരന്റെ സ്ഥാനം പോലും സ്വീകരിക്കുവാൻ മനസ്സുള്ളവനായിട്ടാണ്. മൂത്തപുത്രൻ പുറമേ നല്ലവനായി കാണപ്പെട്ടെങ്കിലും അകമേ സ്വയത്തിൽ കേന്ദ്രീകരിച്ചവനായിരുന്നു. അവൻ തന്റെ ഇളയ സഹോദരൻ അനുഭവിച്ച ഉല്ലാസങ്ങളെപ്പറ്റി അസൂയ നിറഞ്ഞവനും പരിതാപാവസ്ഥയിൽ വന്ന തന്റെ ഇളയസഹോദരനു ലഭിച്ച അംഗീകാരത്തിൽ മുഷിച്ചിലുള്ളവനും അതേപ്പറ്റി പിതാവിനോടു കോപിക്കുന്നവുമായിരുന്നു.

ഈ കഥയിലെ ശ്രദ്ധേയമായ കാര്യം ഇതാണ്. 'സംസാരിച്ച വാക്കുകൾ' പിതാവിന്റെ ഭവനം വിട്ടുപോയ ഇളയമകന്റെ ബാഹ്യമായ അലഞ്ഞുതിരിയൽ ചിത്രീകരിക്കുന്നു.'സംസാരിക്കാത്ത വാക്കുകൾ' പിതാവിന്റെ ഭവനത്തിൽത്തന്നെ ആയിരുന്ന മൂത്ത പുത്രന്റെ അകമേയുള്ള പിന്മാറ്റം വെളിപ്പെടുത്തുന്നു.

അനേകദൈവമക്കളെ സംബന്ധിച്ച് ഇന്നും സത്യമായതും ഖേദകരമായതുമായ വൈരുദ്ധ്യം ഇവിടെയാണ് കിടക്കുന്നത്. ഈ സംഗതിയുടെ യാഥാർത്ഥ്യം എല്ലാ ദൈവമക്കളും 'മുടിയൻ പുത്രന്മാരാ'ണെന്നുള്ളതാണ് (റോമ 3:10,23)! എന്നിട്ടും അനേക 'മുടിയൻ പുത്ര'ന്മാരും സഭയിൽ ആയിരിക്കുമ്പോൾ 'മൂത്തപുത്രന്മാർ' ആയിത്തീരുന്നുണ്ട്.

നിങ്ങൾ 'മുടിയൻ പുത്ര'നിൽനിന്നു 'മൂത്തപുത്ര'നായി പിന്മാറിപ്പോകുന്നതിന്റെ ചില അടയാളങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

- നിങ്ങൾ പാപകരമായ അലച്ചിലിൽ നിന്ന് ഭവനത്തിലേക്കു മടങ്ങിവന്നത് ഇങ്ങനെ പറഞ്ഞുകൊണ്ടായിരുന്നു. "ഞാൻ നിന്റെ മകൻ എന്നുവിളിക്കപ്പെടുവാൻ യോഗ്യനല്ല. എന്നെ അവിടുത്തെ വേലക്കാരിൽ ഒരുവനെപ്പോലെ ആക്കേണമേ" (വാ19). എന്നിട്ട് നീ ഇപ്പോൾ ഉച്ചത്തിൽ പറയുന്നത്: "നോക്കൂ അനേകവർഷങ്ങളായി ഞാൻ നിന്നെ സേവിക്കുന്നു. എന്നാൽ നീ എനിക്ക് ഒരിക്കലും...." (വാ.29)

- കഴിഞ്ഞകാലത്ത് ഒരു ദിവസം നീ ഭവനത്തിലേക്ക് ഇങ്ങനെ പറഞ്ഞുകൊണ്ടാണ് വന്നത്: "പിതാവേ ഞാൻ സ്വർഗ്ഗത്തോടും അവിടുത്തെ കാഴ്ചയിലും പാപം ചെയ്തു. അവിടുത്തെ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല'' (വാ.21). എന്നാൽ ഇപ്പോൾ, എത്രമാത്രം നിനക്കു ക്ഷമിച്ചുകിട്ടി എന്നതു മറന്നിട്ട് സ്വയം അവകാശപ്പെടുന്നത്: "ഞാൻ നിന്റെ ഒരു കല്പനപോലും ലംഘിച്ചിട്ടില്ല. എന്നിട്ടും നീ ഒരിക്കലും...."(വാ.29)

- മാനസാന്തരപ്പെട്ട നിങ്ങളുടെ സഹോദരനോടുകൂടെ ആനന്ദിക്കുന്നതിനു പകരം സ്വയംനീതികരിക്കുന്ന സ്നേഹിതരോടു ചേർന്നിരിക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്.

- പിതാവു നിങ്ങളോടു പറയുന്നു: "എന്റെ മകനേ നീ എല്ലായ്പ്പോഴും എന്നോടുകൂടെയായിരുന്നല്ലോ. എനിക്കുള്ളതെല്ലാം നിന്റേതുമാണല്ലോ. (വാക്യം 31) പിതാവിന്റെ ഈ വാക്കുകളിൽ തൃപ്തനാകുന്നതിനു പകരം പുറമേയുള്ള അംഗീകാരത്തിലും ഭൗതികമായ അനുഗ്രഹത്തിലും (മേത്തരമായ അങ്കി, മോതിരം, ചെരിപ്പ്, തടിപ്പിച്ച കാളക്കുട്ടി) ആണ് നിങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നത്.

- ഒരിക്കൽ നിങ്ങളുടെ പാപകരമായ അലച്ചിലിൽ നിന്നും ഭവനത്തിൽ തിരിച്ചുവന്ന് നുറുക്കത്തോടെ താഴ്മയിൽ പിതാവിനോടു കേണപേക്ഷിച്ചു (വാക്യം 21). എന്നാൽ ഇപ്പോൾ ദൈവം നിങ്ങളെ കൈകാര്യം ചെയ്യുന്ന കാര്യങ്ങളിൽ പിറുപിറുക്കുകയും ദൈവത്തോടു കോപിക്കുകയും ചെയ്യുന്നതുകൊണ്ട് അവിടുത്തേക്കു നിന്നോടു അഭ്യർത്ഥിക്കേണ്ടതായി വരുന്നു (വാക്യം28)

പാപത്തോടു പോരാടിക്കൊണ്ടിരിക്കുന്നവരോടു നിങ്ങൾ പുച്ഛത്തോടെയാണോ പെരുമാറുന്നത്? നിങ്ങളുടെ ജീവിതപങ്കാളിയുടെ കഴിഞ്ഞകാലത്തെ തെറ്റായ പെരുമാറ്റങ്ങളുടെ പേരിൽ ഇപ്പോൾ നിങ്ങൾ അവരെ കുറ്റം വിധിക്കുന്നുണ്ടോ? നിങ്ങളെ വഞ്ചിക്കുകയും വേദനിപ്പിക്കുന്ന രീതിയിൽ സംസാരിക്കുകയും ചെയ്തിട്ടുള്ള വ്യക്തിയോടു പൂർണമായും നിങ്ങൾ ക്ഷമിച്ചിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിന്മേൽ ദൈവം വച്ചിരിക്കുന്ന അധികാരങ്ങളോടു നിങ്ങൾ മത്സരിച്ചിട്ടുണ്ടോ? ദൈവം നിങ്ങളുടെ ജീവിതത്തിന്മേൽ അനുവദിച്ചിട്ടുള്ള കാര്യങ്ങളെപ്പറ്റി ദൈവത്തോടു നിങ്ങൾക്കു പരാതി ഉണ്ടോ? എങ്കിൽ നിങ്ങളുടെ ദൈവികശുശ്രൂഷ വെറും കപടഭക്തിയുടെ മതപരമായ പ്രഹസനം മാത്രമാണ്.

ഈ ആത്മാവിനെപ്പറ്റി ശ്രദ്ധാലുവായിരിക്കുക. പുളിമാവുപോലെ ഹൃദയത്തിന്റെ ആഴത്തിൽ വളരെക്കാലം അത് ഒളിച്ചുവയ്ക്കാൻ സാധിക്കും. എന്നാൽ ദൈവം ഒരു ദിവസം അതു തുറന്നു കാണിക്കും. നരകമായിരിക്കും അതിനുള്ള പ്രതിഫലം (ലൂക്കോ 12:15) ദൈവത്തെ ഭയപ്പെടുക!

എന്നാൽ പിതാവിനോടുകൂടെ ആയിരിക്കുന്നതിൽ തൃപ്തിയുള്ള മുടിയൻ പുത്രന്മാരോട് അവിടുന്നു പറയും "ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്"

**മൊഴിമാറ്റം വി. എം. വർഗീസ്**

❖

# ഫിലിപ്പ് ജേക്കബ് സ്പെനർ: ഭക്തിപ്രസ്ഥാനത്തിന്റെ പ്രണേതാവ്


**കാലാകാലങ്ങളിൽ** ചിലർ നമ്മെ ഓർമ്മിപ്പിക്കാറുള്ള ഒരു കാര്യം ഇതാണ്. യഥാർത്ഥ ക്രിസ്തീയതയ്ക്ക് വംശനാശം വരാൻ ഒരു തലമുറയുടെ ഇടവേള മതി. യഥാർത്ഥവിശ്വാസം സഭാപ്രസ്ഥാനങ്ങൾ കൊണ്ടുമാത്രം നിലനിർത്തിക്കൊണ്ടുപോകുക അസാദ്ധ്യമാണ്. ജനഹൃദയങ്ങളിൽ സ്ഥായിയായ ചില ചലനങ്ങൾ ഉണ്ടായേ മതിയാകൂ. അതുകൊണ്ടാണ് ചിലപ്പോൾ ചില ക്രിസ്തീയവിശ്വാസികളോ, ക്രിസ്തീയസമൂഹങ്ങളോ ഇങ്ങനെ ചോദിക്കുന്നത്. "സഭയിൽ ഉണർവുണ്ടാകാൻ എന്തുവിലയാണ് കൊടുക്കേണ്ടത്?".

നിർഭാഗ്യവശാൽ നവീകരണ പ്രസ്ഥാനങ്ങൾ തന്നെ കാലപ്പഴക്കത്തിൽ ഘനീഭവിക്കുകയും നവീകരണത്തിനു തന്നെ ഒരു പുത്തൻ ഉണർവ്വ് ആവശ്യമായി വരികയും ചെയ്യുന്നു. പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിന് ഇതാണ് സംഭവിച്ചിരിക്കുന്നതെന്ന് പല പ്രൊട്ടസ്റ്റന്റ് വിശ്വാസികളും ചിന്തിക്കുന്നുണ്ട്. പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ ആദ്യതലമുറ കഴിഞ്ഞപ്പോൾ നവീകരണത്തിന്റെ വക്താക്കൾ വേദശാസ്ത്രപാണ്ഡിത്യത്തിലേക്കും, വിശ്വാസപ്രമാണങ്ങളിലേക്കും തിരിഞ്ഞു. ലൂഥറിന്റെ അനുയായികൾ പലരും ചലനാത്മകമായ അദ്ദേഹത്തിന്റെ വിശ്വാസത്തെ മതസിദ്ധാന്തമാക്കി മാറ്റിക്കളഞ്ഞു. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവത്തിന്റെ കരുണയ്ക്കു മുമ്പിൽ വിനയപൂർവ്വം കീഴടങ്ങുന്നതാണ് യഥാർത്ഥവിശ്വാസം. എന്നാൽ ബുദ്ധിപരമായ സ്വാധീനങ്ങളാൽ ഈ യഥാർത്ഥവിശ്വാസം വേദപണ്ഡിതന്മാർ നിർവചിച്ച ഉപദേശസത്യങ്ങൾക്കു തലയാട്ടുകമാത്രം ചെയ്യുന്ന ഒരു കാര്യമായി തരംതാണുപോയി.

നവീകരണപ്രസ്ഥാനത്തെ പുനർജ്ജീവിപ്പിക്കാൻ പതിനേഴാം നൂറ്റാണ്ടിൽ വ്യവസ്ഥാപിത സഭകളിൽ നിന്നും എഴുന്നേറ്റ ആത്മീയ നേതാക്കളിൽ പ്രമുഖനായിരുന്നു ഫിലിപ്പ് ജേക്കബ് സ്പെനർ (1635- 1705). ഇംഗ്ലണ്ടിലെ പ്യൂരിട്ടൻ എഴുത്തുകാരുടെ രചനകളുടെ ശക്തമായ സ്വാധീനശക്തിയിലാണ് സ്പെനർ വളർന്നത്. സ്ട്രാസ്ബെർഗ് സർവ്വകലാശാലയിൽ ലൂഥറിന്റെ "വിശ്വാസത്താലുള്ള നീതികരണം" കേവലം ഉപദേശമായി മാത്രമല്ല ആത്മീയ അനുഭവമായി ഗ്രഹിച്ചിരുന്ന അദ്ധ്യാപകരുടെ ശിക്ഷണത്തിൽ സ്പെനറുടെ ഹൃദയസ്പർശിയായ വിശ്വാസം ശക്തിപ്പെട്ടു. ക്രിസ്തീയ ശുശ്രൂഷാ രംഗത്തെ ആദ്യത്തെ അനുഭവം സ്ട്രാസ്ബെർഗിലെ പള്ളിയിൽ ചെലവഴിച്ച മൂന്നു വർഷമായിരുന്നു. അതിനുശേഷം ഫ്രാങ്ക്ഫർട്ടിൽ എത്തിയ അദ്ദേഹം ആ പട്ടണത്തിന്റെ അവസ്ഥ കണ്ട് ഞെട്ടിപ്പോയി. സഭയിലാണ് മാറ്റം ആദ്യം കൊണ്ടുവരേണ്ടത് എന്നു ബോദ്ധ്യപ്പെട്ട സ്പെനർ അനുതാപത്തിനായും ശിഷ്യത്വത്തിനായും ഉള്ള ആഹ്വാനം നൽകാൻ ധൈര്യപ്പെട്ടു. ചിലവർഷങ്ങളോളം കാര്യമായ ഒരു മാറ്റവും കണ്ടില്ല. എന്നാൽ 1669 ൽ ഗിരി







പ്രഭാഷണ ഭാഗത്തെ ആസ്പദമാക്കി അദ്ദേഹം പ്രസംഗിക്കുമ്പോൾ പലരും മാനസാന്തരപ്പെടുകയും കുടുംബങ്ങൾ യഥാസ്ഥാനപ്പെടുകയും ചെയ്തു. തുടർന്ന് സമർപ്പണ മനോഭാവമുള്ള ഒരു ചെറിയകൂട്ടത്തെ ആഴ്ചയിൽ രണ്ടു തവണ സ്പെനർ തന്റെ ഭവനത്തിൽ തിരുവചനപാരായണത്തിനായും ആത്മീയചർച്ചകൾക്കായും കൂട്ടിവരുത്തി. വൈകാതെ പലരും ഈ കൂടിവരവിനെ "ഭക്തന്മാരുടെ കൂട്ടായ്മ" എന്ന് പരിഹസിച്ചു വിളിക്കാൻ തുടങ്ങി. ക്രിസ്തീയഭക്തിപ്രസ്ഥാനത്തിന്റെ തുടക്കമായി ഈ കൂടിവരവുകളെ കണക്കാക്കാം. ഭക്തിസാഹിത്യത്തിലുള്ള താത്പര്യം വർദ്ധിച്ചപ്പോൾ സ്പെനർ പ്രസിദ്ധീകരണം നിലച്ചുപോയിരുന്ന "യഥാർത്ഥക്രിസ്ത്യാനിത്വം" എന്ന പത്രിക വീണ്ടും പ്രസിദ്ധീകരിക്കാൻ തുടങ്ങി. സഭകളിലെ ഉണർവ്വിന് സഹായകമായ പല നിർദ്ദേശങ്ങളും 'വിശുദ്ധ അഭിവാഞ്ഛകൾ' എന്ന ലഘുഗ്രന്ഥത്തിലൂടെ അദ്ദേഹം ക്രിസ്തീയ ലോകത്തിനു നൽകി. ആത്മീയവളർച്ചയ്ക്കായി ദൈവ വചനപഠനകൂട്ടങ്ങൾ നടത്തുക, ശിക്ഷണമുള്ള ക്രിസ്തീയജീവിതത്തിന് ഊന്നൽ നൽകുക, വേദവിദ്യാർത്ഥികൾക്ക് ആത്മീയപരിപോഷണം നൽകുക, ബൈബിൾ അധിഷ്ഠിതമായ പ്രസംഗങ്ങൾ ശ്രദ്ധിക്കുക തുടങ്ങി പല നിർദ്ദേശങ്ങളും അദ്ദേഹം മുമ്പോട്ടു വച്ചു.

ക്രിസ്തീയ അനുഭവമുള്ള ചെറിയ കൂട്ടായ്മകൾ ജർമ്മനിയിൽ ഉടനീളം ഉടലെടുത്താൽ സഭയിൽ ഉണർവ്വ് പടർന്നുപിടിക്കും എന്ന് ജേക്കബ് സ്പെനർ വിശ്വസിച്ചു. സമർപ്പിതരായ ഒരു കൂട്ടം ക്രിസ്തുശിഷ്യർ സ്പെനറോടൊപ്പം ഭക്തിപ്രസ്ഥാനത്തിന്റെ തുടക്കത്തിന് കാരണക്കാരായി. ആധുനിക പ്രോട്ടസ്റ്റന്റ് പ്രസ്ഥാനത്തിലെ ഏറ്റവും സ്വാധീന ശക്തിയുള്ള ആത്മീയ മുന്നേറ്റമായിരുന്നു അത്. ഭക്തിപ്രസ്ഥാനത്തിന്റെ വിശ്വാസഅനുഭവത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തീയ ധ്യാനമായിരുന്നു. ക്രിസ്തീയധ്യാനത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തുവിന്റെ കഷ്ടാനുഭവം എന്ന യാഥാർത്ഥ്യമായിരുന്നു താനും. ഈ ധ്യാനം അത്യന്താപേക്ഷിതമാണെന്ന് താഴെക്കൊടുത്തിരിക്കുന്ന സ്പെനറുടെ വാക്കുകളിൽ നിന്നു വ്യക്തമാകും.

### ക്രിസ്തുവിന്റെ കഷ്ടതകളുടെ ധ്യാനം

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനശിലകൾ എല്ലാം തന്നെ ആഴമായ ധ്യാനത്തിന് വിധേയപ്പെടുത്തേണ്ടതാണ്. എന്നാൽ ചുരുക്കം ചിലത് കൂടുതൽ കനമേറിയതും പ്രാധാന്യമുള്ളതും, അത്യുൽസാഹത്തോടെ കൂടെക്കൂടെ ചിന്തിക്കേണ്ടവയുമത്രേ. ഇങ്ങനെയുള്ള ചുരുക്കം കാര്യങ്ങളിൽ നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളും മരണവും പോലെ അത്യന്താപേക്ഷിതവും പ്രാധാന്യമുള്ളതുമായ ഒരു ധ്യാനവിഷയം

**ക്രിസ്തുവിന്റെ കഷ്ടതകളെ നാം ദർശിക്കേണ്ടത് രണ്ട് വീക്ഷണകോണുകളിലൂടെയാവണം എന്നാണ് വിശുദ്ധ അഗസ്റ്റിനും, മാർട്ടിൻ ലൂഥറും പറഞ്ഞിട്ടുള്ളത്. നമ്മുടെ അനുഗ്രഹത്തിനായി ശക്തിയും ആത്മീയ ഫലവും പ്രദാനം ചെയ്യുന്ന ഒരു ദൈവികദാനമായി ഒന്നാമത് നാം ആ കഷ്ടതകളെ കാണണം. അതേ സമയം നമുക്ക് പിൻചെല്ലാൻ ഒരു മാതൃക എന്ന നിലയിലും ആ കഷ്ടാനുഭവങ്ങളെ നാം ധ്യാനിക്കണം.**

ഇല്ലെന്നു പറയാം.

നമ്മുടെ പാപപരിഹാരത്തിനായി കർത്താവായ യേശുക്രിസ്തുവിന് സഹിക്കേണ്ടി വന്ന കഷ്ടതകളെ നാം ഹൃദയപൂർവ്വം ധ്യാനിക്കേണ്ടതാണ്. നരകശിക്ഷയ്ക്ക് യോഗ്യമായ നമ്മുടെ പാപങ്ങളാണ് യേശുവിന്റെ കഷ്ടങ്ങൾക്കു കാരണം എന്നതിനാൽ നമ്മുടെ പാപങ്ങളേപ്പറ്റി മനസ്താപത്തോടെ ധ്യാനിക്കണം. ദൈവികനീതി പൂർണ്ണമായി നിറവേറ്റപ്പെട്ട, കഷ്ടതകളായിരുന്നു ക്രിസ്തുവിന്റേത് എന്നതിനാൽ ആ കഷ്ടതകളുടെ ആത്മാർത്ഥമായ ധ്യാനം വളരെയധികം ആത്മീയഫലം ലഭിക്കാൻ മുഖാന്തരമാകും. സ്വർഗ്ഗീയപിതാവിന്റെ ഹിതം ഹൃദയപൂർവ്വം നിറവേറ്റുവാനായി പരിശുദ്ധനായ ക്രിസ്തു സഹിച്ച കഷ്ടപ്പാടുകളെ നാം ധ്യാനിക്കുമ്പോൾ എപ്പോഴും അവിടുത്തെ കാൽച്ചുവടുകൾ പിൻപറ്റാനുള്ള താത്പര്യത്തോടെയാവണം അത് ചെയ്യേണ്ടത്. ശരിയായ മനോഭാവത്തോടെ ആ കഷ്ടാനുഭവങ്ങളെ ധ്യാനിക്കുമ്പോൾ ഫലപ്രാപ്തി സുനിശ്ചിതമാണ്.

ക്രിസ്തുവിന്റെ കഷ്ടതകളെ നാം ദർശിക്കേണ്ടത് രണ്ട് വീക്ഷണകോണുകളിലൂടെയാവണം എന്നാണ് വിശുദ്ധ അഗസ്റ്റിനും, മാർട്ടിൻ ലൂഥറും പറഞ്ഞിട്ടുള്ളത്. നമ്മുടെ അനുഗ്രഹത്തിനായി ശക്തിയും ആത്മീയഫലവും പ്രദാനം ചെയ്യുന്ന ഒരു ദൈവികദാനമായി ഒന്നാമത് നാം ആ കഷ്ടതകളെ കാണണം. അതേ സമയം നമുക്ക് പിൻചെല്ലാൻ ഒരു മാതൃക എന്ന നിലയിലും ആ കഷ്ടാനുഭവങ്ങളെ നാം ധ്യാനിക്കണം. കേവലം ഒരു ദാനം എന്ന നിലയിൽ മാത്രം പോരാ, ഒരു മാതൃക എന്ന നിലയിലും നാം ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ കാണണം. തൽഫലമായി നമുക്ക് അനുകരണീയമായ കഷ്ടാനുഭവങ്ങളുടെ മാതൃക ക്രിസ്തുവിൽ ദർശിക്കുമ്പോൾ അവിടുത്തെ മനോഭാവത്തിലേക്കും നാം നയിക്കപ്പെടും. ക്രിസ്തുവിന്റെ മുഴുജീവിതത്തേയും കാണാൻ നമ്മുടെ ആന്തരികനേത്രങ്ങൾ തുറക്കപ്പെടുമ്പോൾ അവിടുത്തെ കഷ്ടതകളിൽ അതിശ്രേഷ്ഠമായ സൽഗുണങ്ങളുടെ ആഴവും നിർമ്മലവുമായ ഒരു പ്രതിഫലനവും നാം ദർശിക്കും. യേശുവിന് തന്റെ സ്വർഗ്ഗീയപിതാവിനോടുള്ള തികഞ്ഞ അനുസരണം ആദ്യം നാം ശ്രദ്ധിക്കും. അതോടൊപ്പം തന്റെ പിതാവിലുള്ള ആഴമായ വിശ്വാസവും. മാത്രമല്ല നമ്മുടെ സ്നേഹവാനായ രക്ഷകന്റെ അർത്ഥപൂർണ്ണമായ പ്രാർത്ഥനയുടെയും, ക്ഷമയുടെയും മഹനീയ മാതൃകയും നാം കാണാൻ തുടങ്ങും. തന്റെ പിതാവിനോടുള്ള ബന്ധത്തിൽ മാത്രമല്ല മനുഷ്യരായ നമ്മോടുള്ള ബന്ധത്തിലും കഷ്ടാനുഭവങ്ങളിലൂടെ അവിടുന്ന് വെളിപ്പെടുത്തിയ മഹത്തായ ദിവ്യസ്വഭാവം നാം കാണുന്നു. സ്നേഹത്തിന്റെ അഗ്നിയിൽ വെന്തെരിഞ്ഞ നമ്മുടെ പെസഹാകുഞ്ഞാടായി നമുക്ക് യേശു





വിനെ കാണാൻ കഴിയുന്നു. നമ്മോടുള്ള അഗാധമായ സ്നേഹം നിമിത്തം തന്റെ ജീവത്യാഗത്താലല്ലാതെ മറ്റൊന്നുകൊണ്ടും തൃപ്തിപ്പെടാത്ത രക്ഷകനെ നാം അറിയുന്നു. നാം നിത്യമായി നഷ്ടപ്പെടാൻ അനുവദിക്കുന്നതിനേക്കാൾ അതിഭയങ്കരമായ കഷ്ടതകൾക്കായി തന്നെത്തന്നെ ഏല്പിച്ചു കൊടുത്ത വീണ്ടെടുപ്പുകാരൻ!.

തന്റെ കഷ്ടാനുഭവങ്ങളുടെ പ്രതിഫലമായി അവിടുന്ന് നമ്മെ തന്റെ സ്വന്തമാക്കി. നാം ഇനി നമ്മുടെ ഇഷ്ടത്തിനല്ല പൂർണ്ണമായും അവിടുത്തെ പ്രമോദത്തിനായി ജീവിക്കേണ്ടതിന് കാൽവറിയിലെ ആ കഷ്ടാനുഭവങ്ങളുടെ പൂർണ്ണത നാം ധ്യാനിക്കണം. ക്രിസ്തുവിനോടൊപ്പം നമ്മെ നിത്യമായി ബന്ധിക്കുന്ന ഈ കഷ്ടതകൾ, ദൈവഭക്തിയുള്ള ഒരു ജീവിതത്തിന് ആവശ്യമായ ദിവ്യശക്തി നമുക്ക് പ്രദാനം ചെയ്യും. നമ്മുടെ ജഡത്തെ മരിപ്പിക്കുവാനും ജഡത്തിന്റെ ചിന്തകളുടെ മേൽ ജയം നേടുവാനും ആവശ്യമായ ശക്തി ക്രൂശിൽ ലഭ്യമാണ്. ഈ ശക്തി നാം പ്രയോജനപ്പെടുത്തേണം.

ക്രിസ്തുവിന്റെ കഷ്ടതകളുടെ ശരിയായ ധ്യാനം ഈ വിധം ആയിരിക്കണം. പാപത്തെക്കുറിച്ച് ആഴമായ അനുതാപത്തിലേക്ക് ഒരുവനെ നടത്തുന്നതാണ് ഇത്തരം ധ്യാനം. അതോടൊപ്പം വിശ്വാസവും ദൈവഭക്തിയും ഉള്ള ഒരു ജീവിതത്തിനായി നമ്മെ വെല്ലുവിളിക്കുന്ന ഒന്നത്രേ യേശുവിന്റെ കഷ്ടാനുഭവങ്ങളുടെയും മരണത്തിന്റെയും ധ്യാനം.

**തന്റെ കഷ്ടാനുഭവങ്ങളുടെ പ്രതിഫലമായി അവിടുന്ന് നമ്മെ തന്റെ സ്വന്തമാക്കി. നാം ഇനി നമ്മുടെ ഇഷ്ടത്തിനല്ല പൂർണ്ണമായും അവിടുത്തെ പ്രമോദത്തിനായി ജീവിക്കേണ്ടതിന് കാൽവറിയിലെ ആ കഷ്ടാനുഭവങ്ങളുടെ പൂർണ്ണത നാം ധ്യാനിക്കണം. ക്രിസ്തുവിനോടൊപ്പം നമ്മെ നിത്യമായി ബന്ധിക്കുന്ന ഈ കഷ്ടതകൾ, ദൈവഭക്തിയുള്ള ഒരു ജീവിതത്തിന് ആവശ്യമായ ദിവ്യശക്തി നമുക്ക് പ്രദാനം ചെയ്യും.**

സമ്പാദകൻ **മാത്യു ജോർജ്ജ്**

(All the Saints Adore Thee Bruce Shelly)

❖

**'Now, you can pay your subscription, online!'.**

**Jeevamozhikal - Direct Fund transfer Details**

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677

**Note:**
Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.

## ദൈവസാന്നിദ്ധ്യപരിശീലനം – 2

# ദൈവത്തോടുള്ള ഏകീഭാവം

ബ്രദർ ലോറൻസ്

### മൂന്നാമത്തെ സംഭാഷണം (1666 നവംബർ 22 )

**ദൈവത്തെക്കുറിച്ച്** വിശ്വാസത്താൽ ലഭിച്ച ഉന്നതമായൊരു ചിന്താഗതിയാണ് തന്റെ ആത്മീയജീവിതത്തിന്റെ അടിസ്ഥാനമെന്ന് ബ്രദർ ലോറൻസ് പറഞ്ഞു. ഉറച്ച ഈ ആത്മീയാനുഭവം ഒരിക്കൽ പ്രാപിച്ചുകഴിഞ്ഞാൽ പിന്നെ മറ്റെല്ലാ ചിന്താഗതികളെയും വിശ്വസ്തതയോടെ വിട്ടുകളയുവാൻ അദ്ദേഹത്തിനു മടിയുണ്ടായിരുന്നില്ല. ഇതിന്റെ ഫലമായി താൻ ചെയ്യുന്നതെല്ലാം ദൈവസ്നേഹത്തിൽ ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ചില സന്ദർഭങ്ങളിൽ ദൈവത്തെപ്പറ്റി ചിന്തിക്കാതെ ദീർഘസമയം ചെലവിടുവാൻ ഇടയാകുന്നപക്ഷം അതിനെപ്പറ്റി അദ്ദേഹം അസ്വസ്ഥനായിരുന്നില്ല. എങ്കിലും ദൈവത്തെ വിസ്മരിച്ചു ജീവിച്ചുപോയ ആ സ്ഥിതി ദൈവത്തോട് ഏറ്റുപറഞ്ഞ ശേഷം അദ്ദേഹം വീണ്ടും കൂടുതൽ വിശ്വാസത്തോടെ ദൈവത്തിങ്കലേക്കു മടങ്ങിവരുമായിരുന്നു. ദൈവത്തിൽ നാം അർപ്പിക്കുന്ന വിശ്വാസം അവിടുത്തെ അത്യധികം ബഹുമാനിക്കുന്നതും വലിയ പ്രതിഫലം നൽകുന്നതുമാണ്. തനിക്കായി സ്വയം സമർപ്പിക്കുകയും സകലവും ദൈവത്തിനു വേണ്ടി സഹിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ള ഒരു വ്യക്തിയെ ദൈവം ഒരിക്കലും കൈവിടുകയില്ല.

### തക്കസമയത്തെ ദൈവികസഹായം

ദൈവത്തെപ്പറ്റി മാത്രം ചിന്തിക്കുന്ന ഒരവസ്ഥയിൽ താൻ എത്തിച്ചേർന്നിരുന്നതായി ബ്രദർ ലോറൻസ് പറഞ്ഞു. എന്നാൽ അതിനു വിപരീതമായി വ്യാപരിക്കുന്ന ഏതെങ്കിലും പ്രലോഭനം വരുമ്പോൾ അതിനെക്കുറിച്ച് ഒരു പൂർവാവബോധം അദ്ദേഹത്തിനു ലഭിച്ചിരുന്നു. തക്കസമയത്ത് ദൈവം തന്റെ സഹായത്തിനെത്തുന്ന അനുഭവം ഉണ്ടായിരുന്നതിനാൽ ചിലപ്പോൾ ആ പ്രലോഭനം തുടരുവാൻ ദൈവം അനുവദിച്ചാലും അതിൽനിന്നു വിടുവിക്കുവാൻ വേണ്ടി അദ്ദേഹം ദൈവത്തെ വിളിച്ചപേക്ഷിച്ചുപോന്നു. ഇതുപോലെ തനിക്കെന്തെങ്കിലും ലൗകികകാര്യം നിർവ്വഹിക്കുവാനുള്ളപ്പോൾ അതിനെപ്പറ്റി അദ്ദേഹം കാലേകൂട്ടി ചിന്തിച്ചിരുന്നില്ല. എങ്കിലും സമയം വരുമ്പോൾ താനെന്താണു ചെയ്യേണ്ടതെന്ന് ഒരു കണ്ണാടിയിൽ നിഴലിച്ചു കാണുന്നതുപോലെ കാണുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. എന്തെങ്കിലും പ്രയാസം വരുമെന്ന ശങ്കകൂടാതെ കുറേ സമയത്തേക്ക് ഈ വിധത്തിൽ അദ്ദേഹം പ്രവർത്തിച്ചുപോന്നു. തന്റെ കാര്യങ്ങളിൽ തക്കസമയത്ത് ദൈവം ഇടപെടുന്ന ഈ അനുഭവം ലഭിക്കുന്നതിനു മുമ്പുതന്നെ ഇതിനെപ്പറ്റിയും ഒരു മുൻബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഓരോകാര്യവും ചെയ്യുന്നതിന്നിടയിൽത്തന്നെ തന്റെ പ്രവർത്തന





മാർഗ്ഗം കാലേകൂട്ടി മനസ്സിൽ കരുതിക്കൊള്ളാതെ നിശ്ചിന്തനായിക്കഴിയാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. ഭക്ഷണമേശയിൽ നിന്നെഴുന്നേറ്റു കഴിയുമ്പോൾ തന്നെ താനെന്താണു ഭക്ഷിച്ചതെന്നകാര്യം അദ്ദേഹം മറന്നുപോകും. എങ്കിലും തന്റെ ചിന്താഗതിയുടെ ലാളിത്യം മൂലം സകലവും ദൈവസ്നേഹത്തിനു വേണ്ടിയാണ് അദ്ദേഹം ചെയ്തിരുന്നത്. ദൈവം തന്നിലൂടെ പ്രവർത്തിച്ച കാര്യത്തിനുവേണ്ടി അദ്ദേഹം സ്തോത്രം ചെയ്തുപോന്നു. അനേകം കാര്യങ്ങൾ താൻ ചെയ്തിരുന്നെങ്കിലും എല്ലാം ലളിതബുദ്ധിയോടും ദൈവസാന്നിധ്യത്തെ സ്നേഹിക്കുന്ന വിധത്തിലുമാണ് അദ്ദേഹം ചെയ്തിരുന്നത്.

### അനുസ്മരണചിന്തകൾ

പ്രാർത്ഥനയല്ലാതെയുള്ള ബാഹ്യപ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ തന്റെ ആത്മാവിൽ ദൈവത്താൽ നിക്ഷിപ്തമായിരുന്ന ചില അനുസ്മരണചിന്തകൾ അദ്ദേഹത്തിനു ലഭിക്കുമായിരുന്നു. ഇവ ദൈവത്തെക്കുറിച്ചുള്ള ശക്തമായ ചില ബോധങ്ങൾ അദ്ദേഹത്തിൽ ഉളവാക്കിപ്പോന്നു. അദ്ദേഹത്തിന്റെ ചിന്തയെ ഊഷ്മളവും ദൈവികജ്വാലയോടുകൂടിയതും ആക്കുന്നവയായിരുന്നു ഈ അനുഭവങ്ങൾ. ശക്തമായ ഈ പ്രേരണകൾ ലഭിക്കുമ്പോൾ അദ്ദേഹം ഉന്മത്തനെപ്പോലെ പാടുകയും നൃത്തം ചെയ്യുകയും പതിവായിരുന്നു. തന്റെ സാധാരണപ്രവർത്തനങ്ങളിൽ അദ്ദേഹം ദൈവവുമായി അധികമായ ഒരേകീഭാവം പ്രാപിക്കുമായിരുന്നു. ബാഹ്യമായ പ്രവർത്തനങ്ങളിൽ നിന്നു വിട്ടുമാറി ഔപചാരികമായ ധ്യാനചിന്തകളിലേർപ്പെടുമ്പോൾ ലഭിക്കുന്നതിലധികമായി ദൈവത്തോട് ഏകീഭാവം പ്രാപിക്കുവാൻ ഇത്തരം സമയങ്ങളിൽ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

**ദൈവം തന്നെ പൂർണ്ണമായും കൈവിടുകയില്ലെന്നും അവിടുത്തെ നിയന്ത്രണത്തിൽ കീഴിൽ തനിക്കുവരുന്ന ഏതു ദോഷത്തെയും നേരിടുവാനുള്ള ശക്തി സ്നേഹവാനായ ദൈവം തനിക്കു നൽകുമെന്നുമുള്ള ഉറപ്പ് അദ്ദേഹത്തിനു ലഭിച്ചു. അതിനാൽ ഒന്നിനെക്കുറിച്ചും അദ്ദേഹം ഭയപ്പെട്ടില്ല. തന്റെ ജീവിതത്തെ സംബന്ധിച്ച് ആരോടും ആലോചന ചോദിപ്പാൻ ആവശ്യമില്ലെന്നും അദ്ദേഹം കരുതി.**

### സമ്പൂർണ്ണസമർപ്പണത്തിന്റെ മാർഗ്ഗം

കാലങ്ങൾ കഴിയുന്നതോടെ ശരീരത്തിലോ മനസ്സിലോ എന്തോ വലിയൊരു പീഡനം ഉണ്ടാകാനിടയുള്ളതായി അദ്ദേഹം ആശങ്കിച്ചിരുന്നു. തനിക്കു സംഭവിക്കാവുന്ന ഏറ്റവും വലിയ ആപത്ത് ഇക്കാലമത്രയും തന്നെ ഭരിച്ചിരുന്ന ദൈവബോധം നഷ്ടപ്പെടുകയാണെന്ന് അദ്ദേഹം കരുതി.എന്നാൽ ദൈവം തന്നെ പൂർണ്ണമായും കൈവിടുകയില്ലെന്നും അവിടുത്തെ നിയന്ത്രണത്തിൽ കീഴിൽ തനിക്കുവരുന്ന ഏതുദോഷത്തെയും നേരിടുവാനുള്ള ശക്തി സ്നേഹവാനായ ദൈവം തനിക്കു നൽകുമെന്നുമുള്ള ഉറപ്പ് അദ്ദേഹത്തിനു ലഭിച്ചു. അതിനാൽ ഒന്നിനെക്കുറിച്ചും അദ്ദേഹം ഭയപ്പെട്ടില്ല. തന്റെ ജീവിതത്തെ സംബന്ധിച്ച് ആരോടും ആലോചന ചോദിപ്പാൻ ആവശ്യമില്ലെന്നും അദ്ദേഹം കരുതി. അപ്രകാരം ആലോചന ചോദിച്ചിട്ടുള്ളപ്പോഴെല്ലാം കൂടുതൽ അസന്തു

**ദൈവം നമ്മുടെ ഉള്ളിൽ സന്നിഹിതനായിരിക്കുന്നു എന്ന അറിവ് നമുക്കാവശ്യമാണ്. അതിനാൽ ഓരോനിമിഷവും നമുക്ക് അവങ്കലേക്ക് അടുത്തു ചെല്ലാം. താൻ നമ്മോടാവശ്യപ്പെടുന്നതെല്ലാം ചെയ്യാനായിട്ടാണ് അപ്രകാരം നാം അടുത്തുചെല്ലുന്നത്. നാം ചെയ്യുന്നതെല്ലാം അവിടുത്തേക്കായി സമർപ്പിച്ചുകൊണ്ട് അതിനായിത്തന്നെ നന്ദി പ്രകാശിപ്പിച്ചുകൊണ്ടുമാണ് നാമിതു ചെയ്യുന്നത്.**

ഷ്ടനായി മാത്രമേ അദ്ദേഹം മടങ്ങിയിരുന്നുള്ളു. ദൈവസ്നേഹത്തിനുവേണ്ടി മരിക്കാനും സ്വയം നഷ്ടമാകുവാനും സന്നദ്ധനായിരുന്നതിനാൽ യാതൊരാപൽഭയവും അദ്ദേഹത്തെ തീണ്ടിയിരുന്നില്ല. എപ്പോഴും മുന്നോട്ടു പോകുവാനുള്ള വെളിച്ചം ലഭിക്കുമാറുള്ള ഒരു സമ്പൂർണസമർപ്പണമായിരുന്നു തന്റെ മുമ്പിൽ തെളിഞ്ഞുകിട്ടിയിരുന്ന സുരക്ഷിതമാർഗ്ഗം.

ആരംഭത്തിൽ വിശ്വസ്തതയോടെ നീങ്ങുകയും തന്നെത്താൽ ത്യജിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നു. എന്നാൽ അതിനുശേഷം പറഞ്ഞറിയിക്കുവാനാവാത്ത സന്തോഷം മാത്രമായിരുന്നു തൽഫലമായി ലഭിച്ചുപോന്നത്. വിഷമഘട്ടങ്ങളിൽ ക്രിസ്തുവിങ്കലേക്കു തിരിഞ്ഞ് അവിടുത്തെ കൃപയ്ക്കായി യാചിക്കുക മാത്രമായിരുന്നു ആവശ്യം. അതുകഴിഞ്ഞാൽ എല്ലാം അനായാസമായി ഭവിക്കുമായിരുന്നു. പാപങ്ങളെക്കുറിച്ചനുതപിക്കയും ധ്യാനപൂർവം ആരാധിക്കയും ചെയ്യേണ്ടത് ആവശ്യമായിരുന്നു. ഇതുമൂലം ലഭിക്കുന്ന ദൈവസ്നേഹം തന്നെയായിരുന്നു പരമലക്ഷ്യം. ഉറച്ച സൽഗുണനിഷ്ഠ വളരെക്കുറവായി മാത്രം ആളുകളിൽ കാണപ്പെടുന്നതിന്റെ കാരണം ഇതാണ്. ദൈവത്തോട് അടുത്തുചെല്ലുവാൻ പ്രത്യേകസാമർത്ഥ്യമോ പരിജ്ഞാനമോ ആവശ്യമില്ല. നേരേമറിച്ച് ഉറച്ചമനസ്സോടെ ദൈവത്തിങ്കലേക്കു തിരിയുക, അവിടുത്തേക്കായി മാത്രം ജീവിക്കുക, അവിടുത്തെ സ്നേഹിക്കുക - ഇത്രമാത്രമേ നാം ചെയ്യേണ്ടതുള്ളു.

## നാലാമത്തെ സംഭാഷണം

### 1667 നവംബർ ഇരുപത്തിയഞ്ച്

### കൃപനമ്മോടു കൂടെ

താൻ ദൈവത്തെ സമീപിക്കുന്ന മാർഗ്ഗത്തെക്കുറിച്ച് ബ്രദർ ലോറൻസ് എപ്പോഴും അത്യധികം തീക്ഷ്ണതയോടെ സംസാരിച്ചുപോന്നു. ഇതിനെപ്പറ്റി നേരത്തേതന്നെ പരാമർശിച്ചിരുന്നല്ലോ. നിഗൂഢതയോ കൃത്രിമത്വമോ കൂടാതെ ദൈവത്തോടു നിരന്തരം സംഭാഷിക്കുന്ന ഒരനുഭവത്തിലേക്കു നടത്തപ്പെടുക, അതിനുവേണ്ടി മറ്റുള്ളതെല്ലാം പരിത്യജിക്കുക എന്ന ഒരു നല്ല പരിപാടിയുടെ ഭാഗമാണ് ഇവയെല്ലാം. ഇതിനുവേണ്ടി ദൈവം നമ്മുടെ ഉള്ളിൽ സന്നിഹിതനായിരിക്കുന്നു എന്ന അറിവ് നമുക്കാവശ്യമാണ്. അതിനാൽ ഓരോനിമിഷവും നമുക്ക് അവങ്കലേക്ക് അടുത്തുചെല്ലാം. താൻ നമ്മോടാവശ്യപ്പെടുന്നതെല്ലാം ചെയ്യാനായിട്ടാണ് അപ്രകാരം നാം അടുത്തുചെല്ലുന്നത്. നാം ചെയ്യുന്നതെല്ലാം അവിടുത്തേക്കായി സമർപ്പിച്ചുകൊണ്ടും അതിനായിത്തന്നെ നന്ദിപ്രകാശിപ്പിച്ചുകൊണ്ടുമാണ് നാമിതു ചെയ്യുന്നത്. മുടക്കമില്ലാത്ത ഈ ദൈവസംസർഗ്ഗജീവിതത്തിൽ ഒരുവൻ ദൈവത്തെ അവിടുത്തെ അന്തമറ്റ





സ്നേഹത്തിനും സമ്പൂർണതയ്ക്കും വേണ്ടി നിരന്തരം സ്തുതിക്കയും ആരാധിക്കയും ചെയ്യേണ്ടത് ആവശ്യമത്രേ.

ദൈവത്തിന്റെ അന്തമറ്റ ഈ നന്മകളിലാശ്രയിച്ചുകൊണ്ട് നാം സകലവിശ്വാസത്തോടും കൂടെ അവിടുത്തെ കൃപയ്ക്കായി യാചിക്കണം. ഇതിൽ നമ്മുടെ ബുദ്ധിയെ നാം ആശ്രയിക്കരുത്. ജീവിതത്തിലെ എല്ലാ ഘട്ടങ്ങളിലും തന്റെ കൃപനമുക്കു നൽകുവാൻ ദൈവം ഒരിക്കലും മുടക്കം വരുത്തുകയില്ല. ഈ വസ്തുത ബ്രദർലോറൻസ് വ്യക്തമായി ഗ്രഹിച്ചിരുന്നു. ദൈവസാന്നിധ്യത്തിൽനിന്ന് അകലത്തായിത്തീരുമ്പോഴോ അവിടുത്തെ സഹായം അഭ്യർത്ഥിക്കുവാൻ മറക്കുമ്പോഴോ അല്ലാതെ മറ്റൊരു സമയത്തും ഈ കാഴ്ചപ്പാട് അദ്ദേഹത്തെ വിട്ടുമാറിയിരുന്നില്ല.

### സ്വന്തവഴികൾ വിട്ട് ദൈവസ്നേഹത്തിലേക്കു വരിക

ദൈവത്തെ പ്രസാദിപ്പിക്കുവാനും അവിടത്തെ സ്നേഹത്തിനു വേണ്ടി പ്രവർത്തിക്കുവാനുമല്ലാതെ മറ്റൊരാഗ്രഹവും നമുക്കില്ലാത്തപ്പോൾ നാം സംശയാകുലരായിത്തീരുന്ന പക്ഷം നമുക്കുവെളിച്ചം നൽകുന്ന കാര്യത്തിൽ ദൈവം ഒരിക്കലും വീഴ്ച വരുത്തുകയില്ല. നമ്മുടെ പ്രവർത്തനത്തിൽ നാം വരുത്തുന്ന മാറ്റങ്ങളെ ആശ്രയിച്ചല്ല, മറിച്ച് നമുക്കുവേണ്ടി നാം ചെയ്തുപോരുന്ന കാര്യങ്ങൾ ദൈവത്തിനു വേണ്ടിയുള്ളവയാക്കിത്തീർക്കുന്നതിലൂടെയാണ് നാം ശുദ്ധീകരണം പ്രാപിക്കുന്നത്. തങ്ങൾ ചെയ്യുന്ന കാര്യങ്ങൾ വളരെ അപൂർണതയോടെ ആളുകൾ നിർവഹിച്ചുപോരുന്നത് പരിതാപകരം തന്നെ. തങ്ങളുടെ സ്വന്തവഴികൾ പിന്തുടരുക എന്ന പ്രവണതയാണ് ഇതിനുകാരണം. അവർ എപ്പോഴും മാർഗ്ഗത്തെ ലക്ഷ്യമെന്നു തെറ്റിദ്ധരിച്ചുകൊണ്ടാണ് ഇപ്രകാരം പ്രവർത്തിക്കുന്നത്. എല്ലാ മാനുഷികമാർഗ്ഗങ്ങളിൽനിന്നും നമ്മെത്തന്നെ ശുദ്ധീകരിച്ചശേഷം ദൈവത്തോടുള്ള അനുസരണത്തെ മുഖ്യമായിക്കരുതി നമ്മുടെ സാധാരണപ്രവൃത്തികൾ ചെയ്യുന്ന പക്ഷം അതാണ് ദൈവത്തോട് അടുത്തുചെല്ലുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം, അങ്ങനെ എല്ലാ കാര്യങ്ങളും ദൈസ്നേഹത്തിനുവേണ്ടി മാത്രം നാം നിർവഹിക്കേണ്ടതാണ്.

**പ്രാർത്ഥനയുടെ സമയം മറ്റു സമയങ്ങളിൽ നിന്നു വ്യത്യസ്തമാണെന്നുള്ള ചിന്ത ഭയാനകമായ ആത്മവഞ്ചനയാണ്. പ്രാർത്ഥനയ്ക്കായി നാം വേർതിരിക്കുന്ന പ്രത്യേകസമയത്തെന്നപോലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും നാം നടത്തുന്ന സമയത്തും ദൈവത്തോടുള്ള ഏകീഭാവത്തിൽ നാം ജീവിക്കേണ്ടതാണ്. ബ്രദർലോറൻസിന് പ്രാർത്ഥനയെന്നത് സാക്ഷാൽ ദൈവസാന്നിധ്യം തന്നെയായിരുന്നു. ആ സമയത്ത് സ്നേഹമൊഴികെ മറ്റൊന്നിനെക്കുറിച്ചും അദ്ദേഹം ബോധവാനായിരുന്നില്ല.**

### സദാ ദൈവസന്നിധിയിൽ

പ്രാർത്ഥനയുടെ സമയം മറ്റു സമയങ്ങളിൽ നിന്നു വ്യത്യസ്തമാണെന്നുള്ള ചിന്ത ഭയാനകമായ ആത്മവഞ്ചനയാണ്. പ്രാർത്ഥനയ്ക്കായി നാം വേർതിരിക്കുന്ന പ്രത്യേകസമയത്തെന്നപോലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും നാം നടത്തുന്ന സമയത്തും ദൈവത്തോടുള്ള ഏകീഭാവത്തിൽ നാം ജീവിക്കേണ്ടതാണ്. ബ്രദർലോറൻസിന് പ്രാർത്ഥനയെന്നത് സാക്ഷാൽ ദൈവസാന്നിധ്യം തന്നെയായിരുന്നു. ആ സമയത്ത് സ്നേഹ

മൊഴികെ മറ്റൊന്നിനെക്കുറിച്ചും അദ്ദേഹം ബോധവാനായിരുന്നില്ല. അത്തരം സമയങ്ങളൊഴിച്ചുള്ള മറ്റു സമയങ്ങളിൽ അദ്ദേഹത്തിന്റെ ചിന്തയിൽ ഒരു വ്യത്യാസവും സംഭവിച്ചിരുന്നില്ല. അപ്പോഴെല്ലാം അദ്ദേഹം ദൈവസന്നിധിയിൽത്തന്നെ സമയം ചെലവിട്ടിരുന്നു. തന്റെ സർവശക്തിയോടും കൂടെ ദൈവത്തെ സ്തുതിച്ചും ആരാധിച്ചും മാറ്റമില്ലാത്ത സന്തോഷത്തിൽ അദ്ദേഹം ജീവിച്ചിരുന്നു. എന്നിരുന്നാലും ചിലപ്പോഴൊക്കെ നാം ബലം പ്രാപിക്കുന്നതിനുവേണ്ടി എന്തെങ്കിലും കഷ്ടത സഹിക്കുവാനുള്ള അവസരം ദൈവം നൽകിയിരുന്നു. എന്നെന്നേക്കുമായി ദൈവകരങ്ങളിൽ നമ്മെത്തന്നെ സമർപ്പിക്കണമെന്നും അവിടത്തെ ഹിതത്തിനായി നമ്മെത്തന്നെ വിട്ടുകൊടുക്കണമെന്നും അദ്ദേഹം പ്രസ്താവിക്കുമായിരുന്നു. അങ്ങനെയെങ്കിൽ നാം വഞ്ചിതരാകുവാൻ ദൈവം അനുവദിക്കുകയില്ല. ചെറിയ കാര്യങ്ങൾ ദൈവസ്നേഹത്തിനുവേണ്ടി ചെയ്‌വാൻ നാം മടിക്കരുത്. നമ്മുടെ പ്രവൃത്തിയുടെ വലിപ്പമല്ല, അതിന്റെ പിന്നിലുള്ള സ്നേഹമാണ് ദൈവം നോക്കുന്നത്. ആരംഭഘട്ടത്തിലുള്ള ഏതെങ്കിലും പരാജയം നമ്മെ നിരുത്സാഹരാക്കരുത്.ശീലം എന്നതു ക്രമേണ മാത്രമേ രൂപപ്പെടുകയുള്ളൂ. അതുവന്നു കഴിയുമ്പോൾ നമ്മുടെ ചിന്തകൂടാതെ തന്നെ പ്രവർത്തനം സ്വയം വന്നുകൊള്ളും. അതുമൂലം അത്ഭുതകരമായ സന്തോഷവും നമുക്കനുഭവിപ്പാൻ സാധിക്കും.

### വിശ്വാസം, പ്രത്യാശ, സ്നേഹം

ദൈവഹിതത്തിനു നാം പൂർണ്ണസമർപ്പിതരായിത്തീരുന്നതിലേക്ക് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ മൂന്നും പരിപോഷിക്കപ്പെടുക മാത്രമാത്രമാണാവശ്യം. മറ്റുള്ളതെല്ലാം അപ്രധാനമത്രേ. അന്തിമമായ ലക്ഷ്യസ്ഥാനത്തിലേക്കു ചെന്നുചേരുന്നതിന് ഒരു പാലം കടക്കുമ്പോഴെന്ന പോലെ ഇവയെത്തന്നെ ആശ്രയിക്കുകയാണ് നാം ചെയ്യേണ്ടത്. വിശ്വസിക്കുന്നവന് സകലവും സാധ്യമാണ്. പ്രത്യാശിക്കുന്നവനും എല്ലാം സാധ്യം തന്നെ. ഈ മൂന്നു സദ്ഗുണങ്ങളെയും പ്രയോഗത്തിൽ വരുത്തുന്നവന് എല്ലാറ്റിലുമധികമായി കാര്യങ്ങൾ സാധിച്ചുകിട്ടും. നിത്യത മുഴുവനിലുമെന്നപോലെ ഈ ജീവിതത്തിലും നാം നമ്മുടെ മുമ്പിൽ വച്ചുകൊള്ളേണ്ട ലക്ഷ്യം സാധ്യമായിടത്തോളം ദൈവത്തിന്റെ സമ്പൂർണ്ണാരാധകരായിത്തീരുക എന്നതുതന്നെ.

### കൃപ മാത്രം നമ്മുടെ ആശ്രയം

ആത്മീയജീവിതത്തിലേക്കു നാം പ്രവേശിക്കുമ്പോൾ നാം ഏതുവിധത്തിലുള്ള ആളുകളാണെന്ന കാര്യമാണ് അടിസ്ഥാനപരമായി നാം ചിന്തിക്കേണ്ടത്. അപ്പോൾ നാം എല്ലാ നിന്ദയ്ക്കും പാത്രരും ക്രിസ്ത്യാനിയെന്നപേരിനു തന്നെ അയോഗ്യരും നമ്മെ വലയ്ക്കുകയും നമുക്ക് ആരോഗ്യഹാനി വരുത്തുകയും നമ്മുടെ ഉള്ളിലും പുറത്തുമുള്ള എല്ലാ അവസ്ഥകളെയും തകരാറിലാക്കുകയും ചെയ്യുന്ന എല്ലാ ദുരനുഭവങ്ങൾക്കും പാത്രരുമാണെന്ന് നാം കണ്ടെത്തും. ഇതിനുശേഷം സകലവിധത്തിലുമുള്ള ദുരിതങ്ങളും പരീക്ഷകളും പ്രാതികൂല്യങ്ങളും എതിർപ്പുകളും സമൂഹത്തിൽ നമുക്കു നേരിടുന്നതിനെപ്പറ്റി നാം വിസ്മയഭരിതരായിത്തീരേണ്ടതുണ്ടോ? നേരേമറിച്ച് നാം അവയ്ക്കു കീഴ്പ്പെടുകയും ദൈവം നിശ്ചയിക്കുന്ന കാലത്തോളം അവയെ സഹിക്കുകയുമാണ് ചെയ്യേണ്ടത്. ഒരു വ്യക്തി ആഗ്രഹിക്കുന്ന പരിപൂർണ്ണത എത്രമാത്രം ഉന്നതമായിരിക്കുന്നുവോ അത്രയധികമായ കൃപയ്ക്ക് കീഴ്പ്പെട്ടവനായി അയാൾ തീരേണ്ടത് ആവശ്യം തന്നെ.

(തുടരും)

**മൊഴിമാറ്റം. വി.ഐ.**







# ബൈബിളിലൂടെ...

## ലൂക്കോസിന്റെ സുവിശേഷം
(തുടർച്ച)

**സാക് പുന്നൻ**

### അധ്യായം – 12, 13

ലൂക്കോസ് 12:3-12 വരെയുള്ള വാക്യങ്ങളിൽ നമുക്ക് ആ സമയത്ത് പറയേണ്ടത് പരിശുദ്ധാത്മാവ് നമ്മുടെ നാവിൽ തരും എന്ന വാഗ്ദാനം ഉണ്ട്. അത് പ്രസംഗത്തിനായി അവകാശപ്പെടരുത്. അതു ലഭിക്കയില്ല. പ്രസംഗം നിങ്ങൾ തന്നെ മുമ്പുകൂട്ടി തയ്യാറാക്കേണ്ടതാണ്. മാന്യ അതിഥികൾക്ക് ഭക്ഷണം തയ്യാറാക്കുന്നതുപോലെയുള്ള ഒരു പ്രക്രിയയാണ് പ്രസംഗം. ഇൻഡ്യയിലുള്ള ഒരു വീട്ടമ്മ ഒരു നേരത്തെ ഭക്ഷണം തയ്യാറാക്കുവാൻ നിരവധി മണിക്കൂറുകൾ അടുക്കളയിൽ ചെലവിടാറുണ്ട്. അതുപോലെ ദൈവജനത്തിനുവേണ്ടി ഭക്ഷണമൊരുക്കുന്ന കാര്യത്തിൽ നാം ബുദ്ധിമുട്ടു സഹിക്കാൻ തയ്യാറാകണം.

ലൂക്കോസ് 12ന്റെ 13ൽ ഒരു മനുഷ്യൻ യേശുവിന്നടുത്തുവന്ന് ഇങ്ങനെ പറഞ്ഞു: "കർത്താവേ, എന്റെ സഹോദരനോട് ഞങ്ങളുടെ കുടുംബസ്വത്ത് എനിക്കും കൂടി പങ്കിട്ടു തരുവാൻ കല്പിക്കണമേ" എന്ന്. അയാളുടെ ആവശ്യം യഥാർത്ഥവും നീതിയുക്തവുമെങ്കിലും അത്തരം തർക്കങ്ങളിലേർപ്പെടുന്നത് യേശു നിരസിച്ചു. സ്വർഗ്ഗത്തിൽ സമ്പത്തു സ്വരൂപിക്കുന്നവർക്കു വേണ്ടിയാണ് യേശു വന്നത്; ഭൂമിയിലേക്കുള്ളതിനല്ല.

"മുമ്പേ ദൈവത്തിന്റെ രാജ്യം അന്വേഷിക്കുവിൻ. അതോടുകൂടെ ഇതും ചേർക്കപ്പെടും." (12:31)

ദൈവരാജ്യം അന്വേഷിക്കുന്നവർക്ക് എല്ലാ ഭൗതികാവശ്യങ്ങളും ലഭിക്കുമെന്ന സത്യത്തിന്റെ തെളിവുകളും സാക്ഷികളുമായി എല്ലാ ക്രൈസ്തവരും ജീവിക്കേണ്ടതുണ്ട്.

12:35-ൽ കർത്താവിന്റെ വരവിനു വേണ്ടി ഒരുങ്ങുന്നവരായിരിക്കുവാനുള്ള ആഹ്വാനം നമുക്കു കാണാം. നിങ്ങൾക്കു വിശ്വാസികളുടെമേൽ ഉത്തരവാദിത്വം കർത്താവു തന്നിട്ടുണ്ടെങ്കിൽ അവരെ തല്ലുവാനല്ല തക്ക സമയത്ത് ആവശ്യമുള്ള ഭക്ഷണം നൽകുന്നതിൽ നാം വിശ്വസ്തരാകേണ്ടതുണ്ട്. (12:45) ചിലർ ആടുകൾക്കു ഭക്ഷണം നൽകുന്നതിനു പകരം പ്രഹരമാണ് ഏല്പിക്കാറുള്ളത്. ആടുകളുടെ ആത്മീയ വളർച്ചയ്ക്കുള്ള ഭക്ഷണമല്ല തങ്ങളുടെ പ്രസംഗങ്ങളിലൂടെ അവർ നൽകുന്നത്. ബൈബിൾ വാക്യങ്ങൾ ഒന്നിനു പുറകെ ഒന്നായി ഉപയോഗിച്ച് അവർ ആടുകളെ പ്രഹരിക്കുന്നു. തന്റെ മക്കളെ പീഡിപ്പിച്ചവർക്കൊക്കെ പീഡ നൽകുന്നതിന്നായി ഒരു ദിവസം താൻ വരുന്നു എന്ന് കർത്താവ് പറയുന്നു.

13:34-ൽ യെരുശലേമിനെക്കുറിച്ചു മനസ്സലിഞ്ഞു യേശു അതിനെ ഓർത്തു കരയുന്നതും നാം കാണുന്നു.

### അധ്യായം 14

14:13, 14 ൽ വളരെ ചുരുക്കം വിശ്വാസികൾ മാത്രം അനുസരിക്കുവാൻ താത്പര്യപ്പെടുന്ന ഒരു കല്പന നാം

കാണുന്നു. നിങ്ങൾ ഒരു വിരുന്നു നടത്തുമ്പോൾ നിങ്ങൾക്കു പ്രത്യുപകാരം ചെയ്‌വാൻ വകയില്ലാത്തവരെ ക്ഷണിക്കണമെന്നു പറഞ്ഞിരിക്കുന്നു. യേശുവിന്റെ യഥാർത്ഥശിഷ്യൻ സഭയിലുള്ള ദരിദ്രരെ കരുതുന്നവനാകും. നിങ്ങൾ ഒരു പ്രസംഗകനെങ്കിൽ, പതിവായി ധനികരുടെ അടുത്തേക്കുതന്നെ പോകരുത്. നിങ്ങൾക്ക് ഒന്നും തരാൻ കഴിവില്ലാത്ത ദരിദ്രരുടെ വീടുകളിലേക്കു പോവുക. ധനികരുടെ വീടുകളിൽ പോകുവാൻ ധാരാളം പേരുണ്ടല്ലോ. കർത്താവു ഒരു ദിവസം നിങ്ങൾക്ക് പ്രതിഫലം തരും. നിങ്ങൾക്ക് ഒന്നും തരുവാനില്ലാത്തവർക്കുവേണ്ടി ദൈവവചനത്തിന്റെ സമൃദ്ധമായ ഒരു വിരുന്നൊരുക്കുക.


14:25-34-ൽ ശിഷ്യത്വത്തിന്റെ സർവ്വപ്രധാനമായ മൂന്നു വ്യവസ്ഥകൾ കർത്താവു പറയുന്നു. 1. എല്ലാറ്റിനും ഉപരിയായി യേശുവിനെ സ്നേഹിക്കുക (വാ. 26) 2. ദിനംതോറും ക്രൂശെടുത്തു യേശുവിനെ അനുഗമിക്കുക (വാ. 27) 3. ഭൂമിയിൽ യാതൊന്നും സ്വന്തമെന്നെണ്ണരുത് (വാ. 33). നിങ്ങൾക്ക് വളരെ വസ്തുക്കളുണ്ടാകാം. പക്ഷേ ഒന്നുംതന്നെ സ്വന്തമെന്നെണ്ണരുത്. ഒരു വസ്തു ഉണ്ടായിരിക്കുന്നതും സ്വന്തമെന്നെണ്ണുന്നതും തമ്മിലുള്ള വ്യത്യാസമെന്താണ്? നിങ്ങൾക്ക് ഒരു വീടുണ്ട്. ആ വീട് ദൈവത്തിന്റേതെന്ന നിലയിൽ കരുതുകയും ദൈവം നിങ്ങളെ അതിൽ സൗജന്യമായി താമസിക്കുവാൻ അനുവദിച്ചിരിക്കുന്നു എന്ന വിചാരത്തോടെ താമസിക്കയും ചെയ്ക. അപ്രകാരം നിങ്ങൾക്കുള്ള എല്ലാ വസ്തുക്കളും ഉപയോഗിക്കുക. നിങ്ങൾക്കുള്ളതൊക്കെയും ദൈവത്തിന്റേതാണെന്ന് നിങ്ങൾ മനസ്സിലാക്കണം. കാരം നഷ്ടപ്പെടാത്ത ഉപ്പായിരിക്കുന്നതു ശിഷ്യന്മാർ മാത്രമാണ്. രുചിയില്ലാത്ത ധാരാളം ഉപ്പ് ഇന്നുണ്ട്. കാരണം, ആളുകളെ ശിഷ്യരാക്കാതെ സുവിശേഷകന്മാർ പാപക്ഷമ മാത്രം പ്രസംഗിക്കുന്നു.

**അദ്ധ്യായം 15**

ലൂക്കോസിന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ പറയുന്ന മൂന്നു ഉപമകളിലൂടെ നാലുതരം പിന്മാറ്റക്കാരെ നാം കണ്ടെത്തുന്നു. കാണാതെപോയ ഒരാട്, നഷ്ടപ്പെട്ട ഒരിളയപുത്രനും ഒരു ജ്യേഷ്ഠപുത്രനും, നഷ്ടപ്പെട്ട ഒരു നാണയം. അതോടൊപ്പം ത്രിത്വത്തിലെ മൂന്ന് ആളത്തങ്ങളുടെയും ഒരു ചിത്രം കൂടിയാണിത്. അശ്രദ്ധകൊണ്ടോ അപകടം കൊണ്ടോ നഷ്ടമായിപ്പോയ ഒരു വിശ്വാസിയുടെ ചിത്രമാണ് കാണാതെ പോയ ആട്. ഇടയൻ ദൈവപുത്രനായ യേശുവിന്റെ ചിത്രം. മുടിയനായ പുത്രൻ ദൈവത്തോടും സഭയോടുമുള്ള മത്സരത്താൽ പുറത്തുപോയ വിശ്വാസിയാണ്. പിതാവ് ദൈവപിതാവിന്റെ ദൃഷ്ടാന്തം. പിന്മാറിപ്പോയ ഒരു മകനെ പിതാവ് അന്വേഷിച്ചുപോകുന്നില്ല. പുറപ്പെട്ടു പോയ മകൻ പന്നിയുടെ നിലവാരത്തിൽ അധഃപതിച്ച് മനം തിരിഞ്ഞ് തിരികെ വരാൻ കാത്തിരിക്കുന്നു ആ പിതാവ്. മൂത്തമകൻ സ്വയനീതിയിലും നിയമാനുസരണത്തിലും നിഗളത്തിലും നഷ്ടപ്പെട്ടുപോയ ഒരുവന്റെ ചിത്രമാണ്. നഷ്ടമായ ദ്രഹ്മ അന്വേഷിക്കുന്ന സ്ത്രീ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ഒരു സഭയുടെ ചിത്രമാണ്. അവൾ വിളക്കു കത്തിച്ച് ആ വീട് അടിച്ചുവാരി (15:8) അതുകണ്ടെത്തുംവരെ സൂക്ഷ്മമായി അന്വേഷിച്ചു. ദ്രഹ്മ നഷ്ടപ്പെടുമ്പോൾ അവൾ അശ്രദ്ധയായ ഒരു സഭയായിരുന്നു.അങ്ങനെയായിരുന്നു ചിലർ പിന്മാറിപ്പോയത് (നഷ്ടമായ ദ്രഹ്മ). അപ്പോൾ അവൾ വിളക്കു കത്തിച്ച് (പരിശുദ്ധാത്മാവിനാൽ നിറഞ്ഞു) അന്വേഷണം ആരം







**നഷ്ടപ്പെട്ട ഒരു ആടിനെ എങ്ങനെയുള്ള കൂട്ടത്തിലേക്കാണു നാം മടക്കിക്കൊണ്ടു വരുന്നതെന്നത് പ്രാധാന്യമുള്ള കാര്യമാണ്. പരസ്പരം കടിച്ചുകീറുന്ന, രോഗാതുരരായ 99 ആടുകളാണ് കൂട്ടത്തിലുള്ളതെങ്കിൽ അവിടേക്കു മടക്കിക്കൊണ്ടുവരുന്നതിനെക്കാൾ അതിനെ മരുഭൂമിയിൽ വിട്ടുകളയുന്നതു തന്നെയാണ് നല്ലത്.**

ഭിക്കയും നഷ്ടപ്പെട്ടവരെ കണ്ടെത്തി കൂട്ടത്തിലേക്ക് മടക്കിക്കൊണ്ടു വരികയും ചെയ്തു. നഷ്ടപ്പെട്ടവർക്കും പിന്മാറിപ്പോയവർക്കം വേണ്ടി ഒരു ഭാരവുമില്ലാതെ ജീവിക്കുന്ന അനേകം വിശ്വാസികളുണ്ട്. അവർ തങ്ങളിൽ മാത്രം തത്പരരാണ്. അത്തരം വിശ്വാസികൾ പിതാവിൽ നിന്നും പുത്രനിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും വളരെ അകലെയാണ്. അനേകം വർഷങ്ങളായി ഞാൻ പ്രാർത്ഥിക്കയും ഞങ്ങളുടെ സഭകളിലുള്ള മൂപ്പന്മാരെ പ്രാർത്ഥിക്കുവാൻ ഉത്സാഹിപ്പിക്കയും ചെയ്യുന്ന ഒരു പ്രാർത്ഥന ഇങ്ങനെയാണ്. "കർത്താവേ, ഞങ്ങളുടെ ഈ പ്രദേശത്ത് ദൈവഭക്തിയിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയുണ്ടെങ്കിൽ അവനെ ഞങ്ങളുടെ അടുത്തേക്കയയ്ക്കുകയോ ഞങ്ങളെ അവന്റെ അടുത്തേക്ക് അയയ്ക്കുകയോ ചെയ്യേണമേ. അവിടുന്ന് അങ്ങനെ ചെയ്യാനാഗ്രഹിക്കാത്ത പക്ഷം ഞങ്ങളുടെ കുറവ് എന്തെന്നു ഞങ്ങൾക്കു കാട്ടിത്തരണമേ. അങ്ങനെ ഞങ്ങൾ ഞങ്ങളുടെ തെറ്റുകളെ പരിഹരിച്ച് അങ്ങയുമായി ഐക്യം സൂക്ഷിപ്പാനും നഷ്ടമായവരെ കണ്ടെത്തുവാനും ഞങ്ങളെ സഹായിക്കയും ചെയ്യേണമേ.'' ഈ പ്രാർത്ഥന പ്രാർത്ഥിക്കുവാൻ ഞാൻ താങ്കളെയും ഉത്സാഹിപ്പിക്കുന്നു.

നഷ്ടപ്പെട്ട ഒരു ആടിനെ എങ്ങനെയുള്ള ഒരു കൂട്ടത്തിലേക്കാണു നാം മടക്കിക്കൊണ്ടു വരുന്നതെന്നതും പ്രാധാന്യമുള്ള ഒരു കാര്യമാണ്. പരസ്പരം കടിച്ചുകീറുന്ന, രോഗാതുരരായ 99 ആടുകളാണ് കൂട്ടത്തിലുള്ളതെങ്കിൽ അവിടേക്കു മടക്കിക്കൊണ്ടുവരുന്നതിനെക്കാൾ അതിനെ മരുഭൂമിയിൽ വിട്ടുകളയുന്നതു തന്നെയാണ് നല്ലത്. അതുകൊണ്ടു നഷ്ടപ്പെട്ട ആടുകളെ അന്വേഷിക്കുന്ന ഒരു ശുശ്രൂഷയോടൊപ്പം കൂട്ടത്തിലുള്ള 99നെ സമാധാനത്തോടെ ആരോഗ്യപൂർണ്ണരായി

**മുടിയൻപുത്രന്റെ കഥയുടെ തുടക്കത്തിൽ മൂത്തമകൻ വീട്ടിന കത്തും ഇളയമകൻ പുറത്തുമാ യിരുന്നു. അവസാനത്തിൽ ഇളയ മകൻ അകത്തും മൂത്തമകൻ പുറത്തുമായി. ഇന്നു മുമ്പിലായി രിക്കുന്ന അനേകരും കർത്താ വിന്റെ രാജ്യത്തിൽ പിന്നിലായിരി ക്കും. പിതാവിന്റെ ഹൃദയവുമായി കൂട്ടായ്മയില്ലാത്തതു കാരണം അനേകം ക്രിസ്ത്യാനികളും ദൈവ രാജ്യത്തിനു പുറത്തായിരിക്കും.**

സൂക്ഷിക്കുന്ന ശുശ്രൂഷയും നമുക്ക് ആവശ്യമാണ്." നീതിമാന്മാരായ 99 ആളുകളെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷമുണ്ടാകും.'' (വാ.7) എന്നു യേശുപറഞ്ഞു. എത്ര അത്ഭുതകരമായ ഒരു സഭയായിരിക്കും അത്. ഒരു കാര്യത്തിലും മാനസാന്തരം ആവശ്യമില്ലാത്ത 99 നീതിമാന്മാരുടെ സഭ. അതെങ്ങനെ സംഭവിക്കും? അവർ ദിനംപ്രതി സ്വയം ശോധന ചെയ്കയും മാനസാന്തരപ്പെടുകയും ചെയ്യുന്നവരാണ്. അനേകവർഷങ്ങളായി ഞാൻ അനുവർത്തിച്ചു പോരുന്ന ഒരു കാര്യമാണത്. തത്ഫലമായി ദിനംതോറും ക്രിസ്തുതുല്യമല്ലാത്ത അംശങ്ങൾ എന്റെ വ്യക്തിത്വത്തിൽ ഞാൻ കണ്ടെത്തുകയും വർഷങ്ങളായി, ദിനംപ്രതി മാനസാന്തരപ്പെട്ട് അതിൽനിന്നും മോചനം പ്രാപിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. നിങ്ങളും അങ്ങനെ ചെയ്യുവാൻ മനസ്സു വയ്ക്കുന്നു എങ്കിൽ മറ്റുള്ളവരെ വിധിക്കുവാനും കുറ്റം കണ്ടെത്തുവാനും നിങ്ങൾക്കു സമയം ലഭിക്കില്ല. കാരണം നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതിൽ നിങ്ങൾ ബദ്ധശ്രദ്ധരായിരിക്കും.

അപ്പോൾ നഷ്ടപ്പെട്ട ആടുകൾക്കു മടങ്ങി വന്നു സൗഖ്യം പ്രാപിക്കാൻ കഴിയുന്ന, മാനസാന്തരം കൊണ്ടാവശ്യമില്ലാത്ത, നീതിമാന്മാരുടെ സഭ ഉണ്ടാക്കുവാൻ നിങ്ങൾക്കു കഴിയും. അതുകൊണ്ടു നമ്മുടെ സഭകളിൽ നാം നിരന്തരം മാനസാന്തരം പ്രസംഗിക്കേണ്ടിയിരിക്കുന്നു. ക്രമേണ കാലാന്തരത്തിൽ മറ്റുള്ളവരെ വിധിക്കുന്നതിനുപകരം സ്വയം വിധിച്ചു കൊണ്ടിരിക്കുവാൻ ശീലിച്ച ആളുകളുടെ ഒരു സഭ നമുക്കുണ്ടാകും.

ഒരു ആടു നഷ്ടപ്പെട്ടപ്പോൾ നഷ്ടമുണ്ടായത് ഇടയനാണ്. ദ്രഹ്മ നഷ്ടപ്പെട്ടപ്പോൾ നഷ്ടമുണ്ടായത് സ്ത്രീക്കാണ്. ഇളയമകൻ പോയപ്പോൾ നഷ്ടമുണ്ടായത് പിതാവിനാണ്. ഇതിലൂടെയെല്ലാം യേശു പറയുന്നതു മനുഷ്യൻ പാപം ചെയ്തപ്പോൾ നഷ്ടമുണ്ടായതു ദൈവത്തിനാണ്. നഷ്ടപ്പെട്ടവരെ ദൈവത്തിങ്കലേക്കു മടക്കിക്കൊണ്ടു വരിക എന്നതാണ് സഭയിൽ നാം ചെയ്യേണ്ട പ്രവൃത്തി.

നഷ്ടപ്പെട്ടുപോയ മകന് ഒരു കാര്യം അറിയാമായിരുന്നു. പിതാവ് തന്നെ സ്നേഹിക്കുന്നു. അതുകൊണ്ടാണ് തിരികെ വീട്ടിലേക്കു വരുവാൻ അവൻ തീരുമാനമെടുത്തത്. ആ ദിവസം തന്റെ മകൻ തിരികെ വരുന്നുണ്ടെന്നു പിതാവ് എങ്ങനെയാണറിഞ്ഞത്?- എല്ലാദിവസവും കണ്ണിലെണ്ണയൊഴിച്ച് തന്റെ മകന്റെ വരവും കാത്ത് ഇരുന്നതുകൊണ്ട്. അങ്ങനെ ഇരുന്നിരുന്ന് ഒരു ദിവസം അതാ മകൻ വരുന്നു! അവൻ അവനെ എതിരേൽപ്പാൻ ഓടിച്ചെന്നു. പിതാവിന്റെ ഈ ഹൃദയനൊമ്പരമൊന്നും മൂത്തമകനുണ്ടായിരുന്നില്ല.





അവൻ പിതാവിനെ എപ്പോഴും അനുസരിക്കയും വയലിൽ അദ്ധ്വാനിക്കയും ചെയ്തുപോന്നു. (വാ.28,29) പക്ഷേ നഷ്ടപ്പെട്ടവനോടു പ്രത്യേക അനുകമ്പയൊന്നും അവനുണ്ടായിരുന്നില്ല.

പിതാവിന്റെ ഹൃദയത്തോടു യാതൊരു കൂട്ടായ്മയും അവനുണ്ടായിരുന്നില്ല. "ഞാൻ പോയി എന്റെ സഹോദരനെ അന്വേഷിച്ചു കണ്ടെത്തട്ടെ" എന്ന് ഒരുദിവസം പോലും അവൻ പിതാവിനോടു പറഞ്ഞിട്ടില്ല.

രണ്ടു തരത്തിലുള്ള ശുശ്രൂഷകന്മാരും മൂപ്പന്മാരുമുണ്ട്. ഒരുകൂട്ടർ പിതാവിനെപ്പോലെ സ്നേഹവും മനസ്സലിവും ഉള്ളവരാണ്. രണ്ടാമത്തെ കൂട്ടർ മൂത്തമകനെപ്പോലെ കഠിനഹൃദയരും വഴങ്ങാത്തവരും ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞവരുമാണ്. ഇതിലേതു വേണമെങ്കിലും നമുക്കു തിരഞ്ഞെടുക്കാം. ഈ കഥയുടെ തുടക്കത്തിൽ മൂത്തമകൻ വീട്ടിനകത്തും ഇളയമകൻ പുറത്തുമായിരുന്നു. അവസാനത്തിൽ ഇളയമകൻ അകത്തും മൂത്തമകൻ പുറത്തുമായി. ഇന്നു മുമ്പിലായിരിക്കുന്ന അനേകരും കർത്താവിന്റെ രാജ്യത്തിൽ പിന്നിലായിരിക്കും. പിതാവിന്റെ ഹൃദയവുമായി കൂട്ടായ്മയില്ലാത്തതു കാരണം അനേകം ക്രിസ്ത്യാനികളും ദൈവരാജ്യത്തിനു പുറത്തായിരിക്കും. സഭയിലുള്ള ഓരോ സഹോദരിയും സഹോദരനും കർത്താവിന്റെ ദാസന്മാരും നഷ്ടപ്പെട്ടവരെക്കുറിച്ചു പിതാവിന്റെ ഹൃദയവികാരങ്ങളോടു കൂട്ടായ്മയുള്ളവരായിരിക്കേണ്ടതുണ്ട്.

ഞാൻ ചെറുപ്പമായിരുന്നപ്പോൾ വലിയ ഒരു സുവിശേഷകനായി വടക്കേ ഇന്ത്യയിൽ പ്രവർത്തിക്കുവാൻ അതിയായി ആഗ്രഹിച്ചു. എവിടെ അയച്ചാലും പോകുവാനും ശുശ്രൂഷിക്കുവാനും തയ്യാറാണെന്ന കാര്യം ഞാൻ കർത്താവിനെ അറിയിച്ചു. എന്നാൽ

**പണത്തെ സംബന്ധിച്ചു യേശു വളരെ സംസാരിച്ചു. സുവിശേഷഭാഗങ്ങളുടെ ഏകദേശം 16 ശതമാനത്തോളം ധനത്തെക്കുറിച്ചുള്ളതാണ്. അതായത് ആറിനൊന്ന് എന്ന വാക്യാനുപാതത്തിൽ ഈ വിഷയം പ്രതിപാദിച്ചിരിക്കുന്നു. ആ വിഷയത്തിന് അത്രമാത്രം പ്രാധാന്യം യേശു കല്പിച്ചു. ധനസ്നേഹത്തിൽ നിന്നു മോചനം പ്രാപിക്കുവാനാണ് യേശു പഠിപ്പിച്ചത്.**

വടക്കേ ഇന്ത്യയിലേക്കു പോകുവാൻ കർത്താവ് ഒരിക്കലും എന്നോടു പറഞ്ഞില്ല. കർത്താവ് അയയ്ക്കാത്ത ഒരിടത്തേക്കും പോകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സുവിശേഷവത്കരണത്തിനുള്ള വരമല്ല എനിക്കു ലഭിച്ചത് ഉപദേഷ്ടാവിന്റെ വരമാണ്. എന്നിരുന്നാലും വടക്കേ ഇന്ത്യയിലെ സുവിശേഷവേലയ്ക്കുള്ള താത്പര്യം ഇന്നും എന്റെ ഹൃദയത്തിലുണ്ട്. അവിടുത്തെ മിഷൻ ഫീൽഡുകളിൽ എന്തു സംഭവിക്കുന്നു എന്നറിയാൻ ഞാൻ മിഷനറി മാസികകൾ വായിക്കുന്നു. നിങ്ങൾ ഒരു മിഷനറിയല്ലെങ്കിൽക്കൂടി സുവിശേഷം എത്തിക്കുവാൻ പ്രയാസമുള്ളിടങ്ങളിൽ മറ്റുള്ളവർ കർത്താവിനു വേണ്ടി എന്തുചെയ്യുന്നു എന്നറിവാനുള്ള ഒരു ദാഹം നിങ്ങളും ഹൃദയത്തിൽ സൂക്ഷിക്കുന്നു എന്നു ഞാൻ കരുതുന്നു.

### അദ്ധ്യായം 16

16-21 അദ്ധ്യായങ്ങൾ പണത്തെ സംബന്ധിച്ചുള്ള ഉപദേശങ്ങളാണ്.

**മനുഷ്യർ മഹത്തരമായി കാണുന്ന കാര്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക. എന്നിട്ട് അവയെ ദൈവം മ്ലേച്ഛമായി കാണുന്നു എന്നു തിരിച്ചറിയുക. മനുഷ്യർ വിലമതിക്കുന്ന ഒരു കാര്യത്തിലും മഹത്വമെടുക്കരുത്. അത്തരം ചില കാര്യങ്ങൾ നിങ്ങൾക്കുണ്ടാകാം. അവയ്ക്കൊക്കെ ദൈവം കല്പിക്കുന്ന വില തന്നെ കൊടുക്കുക - പൂജ്യം. അത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചു സമയം കളയരുത്.**

പണത്തെ സംബന്ധിച്ചു യേശു വളരെ സംസാരിച്ചു. സുവിശേഷഭാഗങ്ങളുടെ ഏകദേശം 16 ശതമാനത്തോളം ധനത്തെക്കുറിച്ചുള്ളതാണ്. അതായത് ആറിനൊന്ന് എന്ന വാക്യാനുപാതത്തിൽ ഈ വിഷയം പ്രതിപാദിച്ചിരിക്കുന്നു. ആ വിഷയത്തിന് അത്രമാത്രം പ്രാധാന്യം യേശു കല്പിച്ചു. നാം ധനസ്നേഹത്തിൽ നിന്നു മോചനം പ്രാപിക്കുവാനാണ് യേശു പഠിപ്പിച്ചത്. അധികം പ്രസംഗകരും ദശാംശം കൊടുക്കുവാൻ ആളുകളെ ഉത്സാഹിപ്പിക്കുന്നു. യേശു തന്റെ ശിഷ്യന്മാരെ ഒരിക്കലും അങ്ങനെ പഠിപ്പിച്ചില്ല. പഴയനിയമത്തിൻകീഴിലായിരുന്ന പരീശന്മാരോടുമാത്രം യേശു അങ്ങനെ പറഞ്ഞു. (മത്താ.23)

ഇവിടെ നാം ആദ്യം കാണുന്ന ഉപമയിൽ അനീതിയുള്ള ഒരു കാര്യവിചാരകനെക്കുറിച്ച് യേശു പറയുന്നു. ആ കഥയുടെ സാരാംശം തന്റെ ഭാവി സുരക്ഷിതമാക്കാൻ ആ കാര്യവിചാരകൻ ബുദ്ധിയോടെ പ്രവർത്തിച്ചു എന്നതാണ്. തന്റെ ജോലി നഷ്ടപ്പെടുമെന്നറിഞ്ഞപ്പോൾ തനിക്കു മറ്റൊരു ഉദ്യോഗം നൽകാൻ കഴിയുന്ന സുഹൃത്തുക്കളെ സമ്പാദിക്കാൻ അയാൾ വഞ്ചന കാണിച്ചു. എന്നിട്ടു യേശു പറഞ്ഞു. "നിങ്ങളുടെ ധനം കൊണ്ടു നിത്യതയിലേക്കു സ്നേഹിതന്മാരെ സമ്പാദിച്ചുകൊൾവീൻ. ആ അനീതിയുള്ള കാര്യവിചാരകൻ തന്റെ ഭൂമിയിലെ ഭാവിയെ മാത്രം കരുതി. നമ്മുടെ ഭാവി നിത്യതയിലാണ്. തനിക്കു ധനത്തിന്മേലുള്ള അധികാരമുപയോഗിച്ച് അവൻ തന്റെ ഭാവിക്കു വേണ്ടതു കരുതി. നാമും സുവിശേഷം പ്രചരിപ്പിക്കുകയും ആത്മാക്കളെ നേടുകയും ചെയ്യുവാൻ നമ്മുടെ ധനം വിനിയോഗിക്കുന്നതിലൂടെ സ്നേഹിതരെ ഉണ്ടാക്കണം. അപ്പോൾ നിത്യതയിൽ ആളുകൾ ഇങ്ങനെ പറയും നിങ്ങൾ നിങ്ങളുടെ പണം സുവിശേഷ പ്രചാരണത്തിനായി ചെലവഴിച്ചതുകൊണ്ടു ഞാൻ രക്ഷിക്കപ്പെട്ട് ഇവിടെയെത്തി."(16:9)

ഭൗതികസമ്പത്തിൽ നിങ്ങൾ വിശ്വസ്തരല്ലെങ്കിൽ സത്യമായതു നിങ്ങളെ ആരു ഭരമേല്പിക്കും.?(16:11) എന്ന് യേശു ചോദിച്ചു. സത്യമായ ധനം ദൈവസ്വഭാവവും പരിശുദ്ധാത്മാഭിഷേകവും ദൈവവചനത്തെ സംബന്ധിച്ച വെളിപ്പാടുമാണ്. എന്തുകൊണ്ടാണ് അധികം വിശ്വാസികളും തങ്ങളുടെ സ്വഭാവത്തിലും സംസാരത്തിലും ക്രിസ്തുതുല്യരാകാത്തത്? എന്തുകൊണ്ടാണവർക്കു വചനത്തിൽ ആത്മാവ് വെളിപ്പാടുകൾ നൽകാത്തത്? കാരണം, അവർ ധനത്തിന്റെ കാര്യത്തിൽ വിശ്വസ്തരല്ല.

യേശു പറഞ്ഞു: ഒരു ദാസനും രണ്ടു യജമാനന്മാരെ ഒരേ സമയം സേവിക്കുക സാദ്ധ്യമല്ല. (16:13) നിങ്ങൾക്ക് ഒരു തെരഞ്ഞെടുപ്പു നട

*ശേഷം പേജ് 37 ൽ*





# നിങ്ങൾ കുറ്റപ്പെടുത്തുന്നവരോ മധ്യസ്ഥത വഹിക്കുന്നവരോ!

(പേജ് 9 ൽനിന്ന്)

ത്തീർക്കും എന്നു നാം തിരിച്ചറിയുന്നതുമില്ല.!!

കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ ജീവിതത്തിന്റെ പല സ്ഥാനത്തും കുറ്റപ്പെടുത്തലിന്റെ ആത്മാവ് കാണപ്പെട്ടതോർത്ത് നാം വിലപിക്കേണ്ടതാണ്. കർത്താവിന്റെ വീണ്ടെടുപ്പിന്റെ ശുശ്രൂഷയായ മദ്ധ്യസ്ഥതയ്ക്ക് സഹപ്രവർത്തകരാകുന്നതിനു പകരം അറിയാതെ തന്നെ നാം സാത്താന്റെ കുറ്റപ്പെടുത്തലിന്റെ ശുശ്രൂഷയ്ക്ക് സഹപ്രവർത്തകർ ആയിപ്പോയി!. ഇതേപ്പറ്റി ഇപ്പോഴെങ്കിലും നാം അനുതപിക്കേണ്ട ആവശ്യമുണ്ട്.

കുറ്റപ്പെടുത്തലിന്റെ ദുഷ്ടാത്മാവിനെ നമ്മുടെ ജീവിതത്തിൽ നിന്നു നീക്കിക്കളയുന്നത് നമ്മുടെ പൂർണ്ണ രക്ഷയുടെ ആദ്യത്തെ പടി മാത്രമാണ്. നമ്മുടെ ഹൃദയത്തിൽ അപ്പോഴുണ്ടാകുന്ന ശൂന്യസ്ഥലം മദ്ധ്യസ്ഥതയുടെ ആത്മാവിനാൽ നാം നിറച്ചില്ലെങ്കിൽ യേശു പറഞ്ഞതുപോലെ കുറ്റപ്പെടുത്തലിന്റെ ആത്മാവ് കൂടുതൽ മോശമായ ഏഴ് ആത്മാക്കളെയും കൂട്ടി നമ്മുടെ ഹൃദയത്തിലേക്കു കടന്നിട്ട് നമ്മെ വീണ്ടും ദണ്ഡിപ്പിക്കുകയും ദൂഷിപ്പിക്കുകയും ചെയ്യും. (ലൂക്കോ 11:24 -26). നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. പരിശുദ്ധാത്മാവിനെ മദ്ധ്യസ്ഥതയുടെ ആത്മാവ് എന്നും വിളിക്കാറുണ്ട് (സെഖ. 12:10, റോമ. 8: 26,27 കാണുക). കുറ്റപ്പെടുത്തലിന്റെ ആത്മാവിനെ നമ്മുടെ ജീവിതത്തിൽ നിന്നും സ്ഥിരമായി പുറത്താക്കുന്നതിനുള്ള ഒരേ ഒരു വഴി മദ്ധ്യസ്ഥതയുടെ ആത്മാവിനാൽ നിറയുക എന്നതാണ്.

നിങ്ങൾ ക്രമമായി ആർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവോ അവരെപ്പറ്റി ദോഷമായി സംസാരിക്കാനോ കുറ്റപ്പെടുത്തുന്നതിനോ സാദ്ധ്യതയില്ല. ഇത് ശരിയല്ലയോ എന്നു പരിശോധിച്ചു നോക്കുക. നിങ്ങൾ കുറ്റാരോപണം നടത്തുന്നവർക്കുവേണ്ടി ഒരിക്കലും പ്രാർത്ഥിക്കാറില്ല. ശരിയല്ലേ? അതുകൊണ്ടാണ് അർബുദം പോലെയുള്ള കുറ്റപ്പെടുത്തലിന്റെ ആത്മാവ് നിങ്ങളെ ഒരിക്കലും വിട്ടുമാറാത്തത്. മറിച്ച് ഓരോ വർഷം കഴിയും തോറും സ്ഥിതി മറ്റേതൊരു കാൻസറും പോലെ കൂടുതൽ കൂടുതൽ മോശമായിത്തീരുകയും ചെയ്യുന്നു.

ഇന്ന് ക്രൈസ്തവലോകത്ത് നടമാടുന്നത് സാത്താന്റെ യുദ്ധാഭ്യാസദിനങ്ങളാണ്. അനേക വിശ്വാസികളുടെ ജീവിതത്തിലേക്കും ഹൃദയങ്ങളിലേക്കും നിഷ്പ്രയാസം കുറ്റപ്പെടുത്തലിന്റെ ആത്മാവിനെ കടത്തി വിടുവാൻ അവന് സാധിക്കുന്നു!.

എന്നാൽ ദൈവം നമുക്ക് കുറ്റപ്പെടുത്തലിന്റെ ആത്മാവുൾപ്പെടെ എല്ലാ ദുഷ്ടാത്മാക്കളുടെമേലും അധികാരം തന്നിട്ടുണ്ട് (ലൂക്കോ 10: 19). കുറ്റപ്പെടുത്തുവാൻ നാം പരീക്ഷിക്കപ്പെടുന്ന ഓരോ വ്യക്തിക്കും വേണ്ടി മദ്ധ്യസ്ഥത വഹിച്ചുകൊണ്ട് ഈ ദുഷ്ടാത്മാക്കളുടെമേൽ നാം ഈ അധികാരം പ്രയോഗിക്കണം. നാം അതു ചെയ്യുന്നില്ലെങ്കിൽ എപ്പോഴും നാം ആയിരുന്നതുപോലെ, ഉപയോഗ ശൂന്യരായ മൂന്നാംകിടക്രിസ്ത്യാനികളായി, നമ്മുടെ ജീവിതാവസാനം വരെ നാം തുടരും. നമുക്കു നമ്മുടെ കർത്താവിന്റെ സഹപ്രവർത്തകരാകാൻ കഴിയുകയില്ല.

നാം എല്ലാവരും വളരെ ഗൗരവമായി എടുക്കേണ്ട ഒന്നാണ് മധ്യസ്ഥ

തയുടെ ശുശ്രൂഷ. സഭയിൽ സാത്താനെ ജയിക്കുവാൻ മറ്റൊരു മാർഗ്ഗവുമില്ല. നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നത് നമ്മെ ഉപദ്രവിക്കുന്നവരോടു ക്ഷമിക്കുവാൻ മാത്രമല്ല അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനുമാണ്. (മത്താ. 5: 44). നാം അവരോടു ക്ഷമിക്കുക മാത്രം ചെയ്ത് അവർക്കു വേണ്ടി പ്രാർത്ഥിക്കാതിരുന്നാൽ കുറ്റപ്പെടുത്തലിന്റെ ആത്മാവിന് നമ്മിലേക്ക് പുനഃപ്രവേശം ലഭിക്കും. നമ്മിൽ ഓരോരുത്തരും മറ്റൊരാൾക്കുവേണ്ടി ദൈവത്തോടു നന്ദി പറയാൻ തുടങ്ങാം. അവിടെയാണ് എല്ലാ യഥാർത്ഥ മദ്ധ്യസ്ഥതയും ആരംഭിക്കുന്നത്. നിങ്ങൾ ഒരു ശരീരമായി വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ നന്ദിയുള്ളവരായി (ഒരാൾ മറ്റൊരാൾക്കുവേണ്ടി) ഇരിപ്പിൻ (കൊലോ. 3:15).

പൗലോസിന്റെ ലേഖനങ്ങളിൽ അദ്ദേഹത്തിന് ഈ സ്വഭാവം എങ്ങനെ വന്നു എന്നു കാണുവാൻ കഴിയും. അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഓരോന്നും തുടങ്ങിയിരിക്കുന്നത് വ്യത്യാസം കൂടാതെ റോമ, എഫേസോസ്, ഫിലിപ്പി, കൊലോസ്യ, കൊരിന്ത്, തെസ്സലോനിക്യ എന്നിവിടങ്ങളിലെ ക്രിസ്ത്യാനികൾക്കുവേണ്ടിയും തിമൊഥെയോസ്, ഫിലെമോൻ എന്നിവർക്കുവേണ്ടിയും ദൈവത്തോടു നന്ദി പറഞ്ഞുകൊണ്ടായിരുന്നു. (റോമ 1:8, എഫെ 1:15, ഫിലി 1:3, കൊലോ 1:3, 1 കൊരി 1:4, 1തെസ്സ 1:2, 2 തെസ 1:3, 2 തിമോ 1:3 ഫിലെ. 4). ഒരു ദൈവപുരുഷനായ പൗലോസിന് നിഷ്പ്രയാസം കാണാൻ കഴിയുന്ന അനേകം കുറ്റങ്ങൾ ആ ക്രിസ്ത്യാനികൾക്ക് ഉണ്ടായിരുന്നു എന്നതിന് സംശയമില്ല. എന്നാൽ അപവാദിയോടു ചേർന്ന് അവരെ കുറ്റപ്പെടുത്താൻ അദ്ദേഹം വിസമ്മതിച്ചു. അവരെ സഹായിക്കുന്നതിനും രക്ഷിക്കുന്നതിനുമാണ് ദൈവം അദ്ദേഹത്തെ അയച്ചത്, അവരെ കുറ്റപ്പെടുത്തുന്നതിനും ശിക്ഷ വിധിക്കുന്നതിനുമല്ല.

കൊരിന്ത്യർക്ക് എഴുതിയപ്പോൾ പോലും അവരുടെ മധ്യത്തിൽ ഗൗരവമായ പ്രശ്നങ്ങൾ ഉണ്ടായിട്ടും അവരിൽ കാണുവാൻ കഴിഞ്ഞ നന്മകൾക്കായി ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടാണ് അദ്ദേഹം ആരംഭിച്ചത്. അതുപറഞ്ഞ ശേഷമാണ് അദ്ദേഹം അവരെ തിരുത്തിയത്. ഒരു പക്ഷേ അതുകൊണ്ടാണ് കൊരിന്തിലെ ക്രിസ്ത്യാനികൾ പൗലോസിന്റെ തിരുത്തലുകൾ ഉടൻതന്നെ സ്വീകരിച്ചത് (2 കൊരി 7:8, 9). മറ്റുള്ളവർ നമ്മുടെ തിരുത്തലുകളും പ്രബോധനങ്ങളും സ്വീകരിക്കാത്തതിന്റെ കാരണവും ഒരു പക്ഷേ ഇതുതന്നെയാണ്. കാരണം നാം ഒരിക്കലും അവരിൽ കണ്ടിട്ടുള്ള നന്മകളെ വിലമതിച്ചിട്ടില്ല.

നിങ്ങളിൽ മാതാപിതാക്കളായവർ ഇതേപ്പറ്റി ചിന്തിക്കുക; നിങ്ങളുടെ കുഞ്ഞുങ്ങളിൽ കാണുന്ന നന്മകളെ പ്രോത്സാഹിപ്പിക്കുന്നതിനേക്കാൾ അവരിൽ കാണുന്ന തോൽവികളും തെറ്റുകളും ചൂണ്ടിക്കാണിക്കുന്നതിലാണോ നിങ്ങൾ വേഗതയുള്ളവരായിരിക്കുന്നത്? നിങ്ങൾ എപ്പോഴെങ്കിലും ഉത്സാഹത്തിന്റെയും പ്രോത്സാഹനത്തിന്റെയും വാക്കുകൾ നിങ്ങളുടെ മക്കളോടു പറയാറുണ്ടോ?. നിങ്ങൾ അവരോടുകൂടെ മുട്ടുകുത്തി അവർക്കുവേണ്ടി ദൈവത്തോടു നന്ദി പറയാറുണ്ടോ? നിങ്ങൾ അവരെ വിമർശിക്കുകയും അതേസമയം അനുമോദിക്കാതെയും ഇരുന്നാൽ നിങ്ങളുടെ കുഞ്ഞുങ്ങൾ നന്നായി വരുന്നില്ല എന്നതിൽ അതിശയമൊന്നുമില്ലാ!. എന്തുകൊണ്ട് മറ്റൊന്നു ശ്രമിച്ചു കൂടാ – കൂടുതൽ ദൈവികമായ സമീപനം? നിങ്ങൾ നിങ്ങളുടെ മനോഭാവം മാറ്റുമ്പോൾ

*ശേഷം പേജ് 32ൽ*





ചരിത്രകഥ



# മരണത്തെ പേടിയില്ലാത്തവർ

## അദ്ധ്യായം 10

# ലൂക്യുല്ലസ്

**മാ**ർസില്ലസിന്റെ പീഡകളിലും മരണത്തിലും മുഖം തിരിക്കാതെ, കടുത്ത വേദനയോടെ, വ്യഥയോടെ അതുനോക്കിയിരുന്ന ഒരു പ്രേക്ഷകനുണ്ടായിരുന്നു. എല്ലാവരും പുറത്തുകടന്നിട്ടും ആളൊഴിഞ്ഞ ഇരിപ്പിടനിരകളിൽ ഏകനായി അവനിരുന്നിരുന്നു. പിന്നീടെപ്പോഴോ സ്ഥലകാലബോധം വന്നപ്പോഴാണ് പുറത്തേക്കു പോയത്.

"ചിതാഭസ്മം ശേഖരിക്കുവാനുള്ള ഒരു പേടകം കൊണ്ടു വരൂ" തനിക്കു കവാടം തുറന്നു തന്ന കാവൽക്കാരനോടു അവൻ ആജ്ഞാപിച്ചു. അതു പറഞ്ഞിട്ട് അവൻ എരിഞ്ഞമർന്നുകൊണ്ടിരിക്കുന്ന ചിതയ്ക്കടുത്തേക്കു നടന്നു. കാവൽക്കാരൻ കൊണ്ടുവന്ന പേടകത്തിൽ ചിതയിൽ ബാക്കി വന്ന അവശിഷ്ടങ്ങൾ ശേഖരിച്ച് ലൂക്യുല്ലസ് പുറത്തേക്ക് വന്നു.

അവൻ പുറത്തേക്കു വരുമ്പോൾ നടന്നു വന്ന വയോധികനുമായി എതിർപ്പെട്ടു. ലൂക്യുല്ലസ് പെട്ടെന്നു നിന്നു. "താങ്കൾക്ക് എന്നെക്കൊണ്ട് ഏതെങ്കിലും ആവശ്യമുണ്ടോ?" ലൂക്യുല്ലസ് ചോദിച്ചു.

"എന്റെ പേര് ഹൊണോറിയസ്. ക്രിസ്ത്യാനികളുടെ ഇടയിലെ ഒരു മൂപ്പനാണ്. എന്റെ വളരെ പ്രിയപ്പെട്ട ഒരു സ്നേഹിതൻ ഇന്നിവിടെ മരണം വരിക്കാനിടയായി. അവന്റെ ചിതാഭസ്മം കിട്ടുമെങ്കിൽ ശേഖരിക്കാനെത്തിയതാണു ഞാൻ."

"താങ്കളീക്കാര്യം എന്നോടുതന്നെ ചോദിച്ചതു നന്നായി. മറ്റാരെങ്കിലുമായിരുന്നു താങ്കളുടെ പേരു കേട്ടിരുന്നതെങ്കിൽ താങ്കൾ പിടിക്കപ്പെടുമായിരുന്നു. കാരണം താങ്കളുടെ തലയ്ക്ക് ഒരു വില പ്രഖ്യാപിച്ചിട്ടുണ്ട്. അവൻ എന്റെ പ്രിയ സ്നേഹിതനായിരുന്നു. അവന്റെ മരണം ഈ ഭൂമിയെ ശൂന്യമാക്കിയതുപോലെ, ജീവിതം ഒരു ഭാരമായിത്തീർന്നതുപോലെ."

"അങ്ങനെയെങ്കിൽ താങ്കൾ ലൂക്യുല്ലസല്ലാതെ മറ്റാരുമായിരിക്കില്ല. താങ്കളെക്കുറിച്ച് അവന്റെ സംഭാഷണങ്ങളിൽ സ്നേഹത്തോടെയുള്ള പരാമർശങ്ങളുണ്ടായിട്ടുണ്ട്."

"ഞാൻ തന്നെ. ഞങ്ങളെപ്പോലെ വിശ്വസ്തരായ രണ്ടു സുഹൃത്തുക്കൾ വേറെയില്ല. എന്തെങ്കിലും സാദ്ധ്യതയുണ്ടായിരുന്നെങ്കിൽ ഞാൻ അവനെ രക്ഷിക്കുമായിരുന്നു."

"താങ്കളെ സംബന്ധിച്ച് ഉണ്ടായ നഷ്ടം അവനെ സംബന്ധിച്ച് അളവറ്റ നേട്ടമാണ്. അവൻ പ്രവേശിച്ചിരിക്കുന്നത്. നിത്യസന്തോഷത്തിന്റെ അവകാശത്തിലേക്കാണ്."

"അവന്റെ മരണം ഒരു വിജയമായി

രുന്നു.'' ലൂക്യുല്ലസ് പറഞ്ഞു. “ക്രിസ്ത്യാനികളുടെ മരണം ഞാൻ മുമ്പും കണ്ടിട്ടുണ്ട്. അവരുടെ പ്രത്യാശയെയും വിശ്വാസത്തെയും കുറിച്ച് ഇത്രത്തോളം ബോദ്ധ്യം എനിക്കു മുമ്പൊരിക്കലുമുണ്ടായിട്ടില്ല. മരണമൊരു അനിർവചനീയഭാഗ്യമെന്ന നിലയിലാണ് മാർസില്ലസ് അതിനെ സ്വീകരിച്ചത്.”

“മാന്യ ലൂക്യുല്ലസേ, തന്റെ പുതിയ വിശ്വാസത്തിന്റെ ലളിതമായ ആചാരങ്ങളോടെ രക്തസാക്ഷികളുടെ വിശ്രമസങ്കേതത്തിൽ അവരോടൊത്ത് സംസ്കരിക്കപ്പെടുവാനുള്ള ഒരാഗ്രഹം താങ്കളുടെ സ്നേഹിതനുണ്ടായിരുന്നിരിക്കില്ലേ? ഇന്ന് അവന്റെ പേര് രക്തസാക്ഷികളുടെ ഗണത്തിൽ ചേർക്കപ്പെട്ടിരിക്കയാണല്ലോ.”

ല്യൂക്യുല്ലസ് അല്പസമയം ചിന്താമഗ്നനായി. ഒടുവിൽ പറഞ്ഞു. “തീർച്ചയായും അവന്റെ ആഗ്രഹം അങ്ങനെയായിരുന്നിരിക്കാമെന്നു ഞാൻ കരുതുന്നു. ഞാൻ അതിനെ മാനിക്കുന്നു. ശവസംസ്കാരശുശ്രൂഷകൾ എനിക്കു ചെയ്യണമെന്ന അവകാശം ഞാൻ ഉപേക്ഷിക്കുന്നു. ഹൊണോറിയസ്, താങ്കൾ ഈ പേടകം സ്വീകരിച്ചാലും. ഞാനും കൂടി അതിൽ പങ്കെടുക്കയും സഹായിക്കയും ചെയ്യാം. താങ്കളുടെ ശത്രുവായിക്കരുതുന്ന ഒരു പട്ടാളക്കാരനായ എന്നെ താങ്കളുടെ ഒളിസങ്കേതത്തിലേക്ക് അനുവദിക്കുമെങ്കിൽ. ആ ശുശ്രൂഷകൾക്ക് ഞാനും സാക്ഷ്യം വഹിക്കാം.”

“മാന്യ ലൂക്യുല്ലസേ, താങ്കൾക്കു സ്വാഗതമുണ്ട്. താങ്കൾക്കു മുമ്പെ മാർസില്ലസിനെയും ഞങ്ങൾ സ്വാഗതം ചെയ്തിരുന്നല്ലോ. ഞങ്ങളിൽ നിന്നും അവനു പകർന്നുകിട്ടിയ അനുഗ്രഹങ്ങൾ ഒരു പക്ഷേ താങ്കൾക്കും ലഭിക്കുമായിരിക്കും.”

“ശരി” സമ്മതഭാവത്തിൽ ലൂക്യുല്ലസ് പറഞ്ഞു. പേടകം ഹൊണോറിയസിനു കൈമാറി. ദുഃഖത്തോടെ വീട്ടിലേക്കുപോയി.

പിറ്റേന്ന് ഒരു വഴികാട്ടിയോടൊപ്പം ഭൂഗർഭഒളിത്താവളത്തിലേക്കു ലൂക്യുല്ലസ് പോയി. ലൂക്യുല്ലസിന്റെ വിളറിയ ദുഃഖസാന്ദ്രമായ മുഖം ദുഃഖിതരുടെയിടയിൽ ഉയർന്നു നിന്നു. അവനൊരു ക്രിസ്ത്യാനിയായിരുന്നില്ലെങ്കിലും മഹത്വകരമായ ഈ ഉപദേശങ്ങളെ പ്രശംസിക്കയും ഉന്നതമായ ഈ പ്രത്യാശയെ ഭയത്തോടെ, ഭക്തിയോടെ ശ്രദ്ധിക്കയും ചെയ്തു. അവൻ തന്നെയാണ് ചിതാഭസ്മം അതിന്റെ വിശ്രമസ്ഥാനത്ത് വച്ചത്.

ലൂക്യുല്ലസ് തന്റെ വീട്ടിലേക്കു തിരികെ പോയി.

ഒരു വ്യത്യസ്ത മനുഷ്യനായി.

താനൊരു ക്രിസ്ത്യാനിയാവില്ല എന്നവൻ പറഞ്ഞത് ശരി തന്നെയായിരുന്നു. അവന്റെ സ്നേഹിതന്റെ മരണം അവന്റെ ഹൃദയത്തിൽ ആഴമായ ഒരു ദുഃഖം ഉണ്ടാക്കി. പക്ഷേ പാപത്തെക്കുറിച്ചുള്ള ദുഃഖം അവനുണ്ടായില്ല. മാനസാന്തരമോ ജീവനുള്ള സത്യദൈവത്തെ അറിയാനുള്ള ആഗ്രഹമോ ഉണ്ടായില്ല.

എങ്കിലും പ്രിയ സുഹൃത്തിനെക്കുറിച്ചുള്ള ഓർമ്മ ഒരു മാറ്റം അവനിൽ ഉണ്ടാക്കിയിരുന്നു. മാർസില്ലസ് സഹവസിച്ചിരുന്ന ദരിദ്രരും പീഡിതരുമായ ആ കൂട്ടത്തോട് സഹാനുഭൂതി. ഈ സഹാനുഭൂതി അവരെ സഹായിക്കുന്നതിലേക്ക് അവനെ നടത്തി. താൻ മാർസില്ലസിനു കൊടുത്തിരുന്ന സഹായ വാഗ്ദാനങ്ങൾ അവർക്കും നൽകി. അവന്റെ വീട് തങ്ങൾക്ക് വിശ്വസനീയമായ ഒരു സങ്കേതമെന്ന ഖ്യാതി സഹോദരന്മാർക്കിടയിലുണ്ടായി. തങ്ങളുടെ ഏറ്റവും ശക്തനും സ്വാധീനമുള്ളവനുമായ മാനവസ്നേഹിതൻ എന്ന ഖ്യാതി ലൂക്യുല്ലസിനെക്കുറിച്ചും അവർക്കിടയിൽ വളർന്നു വന്നു. ഇതൊന്നും അധികം കാലം നീണ്ടുനിന്നില്ല. ക്രിസ്ത്യാനികൾക്കെതിരായ പീഡനവും അതുകാരണമായുണ്ടായ





ലൂക്യുല്ലസുമായുള്ള സ്നേഹബന്ധവും ഒക്കെ അതിന്റെ അന്ത്യം കണ്ടു. പീഡനം നിർത്തലാക്കപ്പെട്ടു. സഭകളിൽ സമാധാനം കടന്നു വന്നു. ക്രിസ്ത്യാനികൾ ഒളിത്താവളങ്ങളിൽ നിന്നും പകൽ വെളിച്ചത്തിലേക്കും സ്വതന്ത്രമായ ശുദ്ധവായുവിലേക്കും കടന്നുവന്നു. മനുഷ്യരുടെ ഇടയിൽ തങ്ങളുടെ വീണ്ടെടുപ്പുകാരന്റെ സ്തുതിഗീതങ്ങളും പുകഴ്ചകളും അലയടിക്കാൻ തുടങ്ങി. തിന്മയുടെ ശക്തികളോടു തോൽക്കാത്ത നിരന്തരസമരവുമായി ആ മുന്നേറ്റം തുടർന്നു.

വർഷങ്ങൾ കടന്നുപോയി. ലൂക്യുല്ലസിനു മാറ്റമൊന്നും സംഭവിച്ചില്ല. ഹൊണോറിയസ് ഭൂഗർഭതാവളത്തിൽ നിന്നും പുറത്തുവന്നപ്പോൾ ലൂക്യുല്ലസ് അദ്ദേഹത്തെ തന്റെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ശിഷ്ടായുസ്സ് അദ്ദേഹം അവിടെയാണു കഴിച്ചുകൂട്ടിയത്. തനിക്കു ലഭിച്ച ഈ നന്മകൾക്ക് പ്രത്യുപകാരമായി ഹൊണോറിയസ് ലൂക്യുല്ലസിനെ സത്യത്തോട് അടുപ്പിക്കാനും നിത്യമായ അനുഗ്രഹത്തിന് അവകാശിയാക്കുവാനും നിരന്തരം ശ്രമിച്ചു പോന്നെങ്കിലും അങ്ങനെയൊരുമാറ്റവും കാണാതെ അദ്ദേഹത്തിനു വിടപറഞ്ഞ് പോകേണ്ടി വന്നു.

വളരെ വർഷങ്ങൾക്കു ശേഷമാണ് അതു സംഭവിച്ചത്. യുവത്വത്തിന്റെയും വാർദ്ധക്യത്തിന്റെയും അതിർവരമ്പുകളിലെങ്ങോ ലൂക്യുല്ലസിനെ തന്റെ രക്ഷകൻ സ്പർശിച്ചു. ലോകത്തിന്റെ ആകർഷണങ്ങളിൽ നഷ്ടപ്പെട്ടു കിടന്ന ഒട്ടേറെ വർഷങ്ങൾക്കു ശേഷം ദൈവത്തിന്റെ ആത്മാവ് അവനെ പിടികൂടി. അവിടുത്തെ ദിവ്യശക്തിയാൽ സ്വർഗ്ഗീയമായ സന്തോഷം ധാരാളമായി അനുഭവിക്കാൻ അവന്നിടയായി. ആ ശക്തിയിലൂടെ നിരവധി മനുഷ്യഹൃദയങ്ങൾക്കു സംഭവിച്ച മാറ്റങ്ങളുടെ അത്ഭുതസാക്ഷ്യങ്ങൾ വഹിക്കുവാനിടയായി.

യേശുവിന്റെ സാക്ഷികളെയെല്ലാം ഭൂഗർഭത്താവളങ്ങളിലേക്കു പലായനം ചെയ്യിച്ച ഡീഷ്യസിന്റെ പീഡനത്തിനു ശേഷം കൈസർമാരുടെ നഗരം കാലപ്രവാഹത്തിനും സാക്ഷ്യം വഹിച്ചു. എപ്പിയൻ നിരത്തിനു സമീപം നിന്നുകൊണ്ടു ചുറ്റും നോക്കിയാൽ അതിന്റെ പാദമുദ്രകൾ കാണാം.

തങ്ങൾ ശ്വസിച്ചിരുന്ന ഈ സ്വതന്ത്രവായു ശ്വസിക്കുവാൻ അർഹതയില്ലാത്തവരെന്ന് റോമൻ ഏകാധിപതികൾ ഗണിച്ചവരുടെ ശവകുടീരങ്ങളാണ് നമ്മുടെ പാദഭൂമിയ്ക്കടിയിൽ. ദരിദ്രരാക്കി, നിന്ദിക്കപ്പെട്ട്, തള്ളപ്പെട്ട്, പീഡിപ്പിക്കപ്പെട്ട്, ചരിത്രത്താളുകളിൽ ഇടം പിടിക്കാത്തതിനാൽ പേരുപോലും ഇല്ലാത്തവരായി; എങ്കിലും നാമൊന്നറിയുന്നു അവരുടെ പേര് ജീവപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്ന്. താഴെപ്പറയുന്നവരുടെ ഗണത്തിൽ അവർക്കുകൂട്ടായ്മയുണ്ടെന്ന്.

അവർ മഹാ കഷ്ടത്തിൽ നിന്നും വന്നവർ

കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ

അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു.

അതുകൊണ്ട് അവർ ദൈവസിംഹാസനത്തിന്മുമ്പാകെ രാപ്പകൽ തന്റെ വിശുദ്ധമന്ദിരത്തിൽ അവനെ ആരാധിക്കും. സിംഹാസനത്തിലിരിക്കുന്നവൻ അവരുടെ മദ്ധ്യേ വസിക്കും. അവർക്കു വിശക്കയില്ല,ദാഹിക്കയുമില്ല.

വെയിലും യാതൊരു ചൂടും അവരുടെ മേൽ തട്ടുകയുമില്ല. സിംഹാസനത്തിൻ മദ്ധ്യേയുള്ള കുഞ്ഞാട് അവരെ മേയിച്ച് ജീവന്റെ ഉറവയിലേക്ക് അവരെ നടത്തും.

ദൈവം താൻ അവരുടെ കണ്ണിൽ നിന്നും

കണ്ണീരെല്ലാം തുടച്ചു കളയും.

**(അവസാനിച്ചു)**

മൊഴിമാറ്റം–

**ബോബി ചെറിയാൻ**

❖

## റീസ് ഹൊവൽസ്



വെയിൽസിലെ പ്രസിദ്ധമായ ഉണർവ്വിന്റെ സമയത്ത് അവിടെ ജീവിച്ചിരുന്ന ഖനിത്തൊഴിലാളി.

പരിശുദ്ധാത്മാവിനു സമ്പൂർണ്ണമായി തന്നെത്തന്നെ കീഴ്പ്പെടുത്തിക്കൊടുത്ത റീസ് ഹൊവൽസിനെ ദൈവം അസാധാരണമായ അനുഭവങ്ങളിലൂടെ നടത്തി. വലിയ വിദ്യാഭ്യാസമില്ലത്ത അദ്ദേഹം ഗ്രാമത്തിൽ നിത്യസാധാരണമായ ജീവിതം നയിക്കവെതന്നെ ദൈവകരങ്ങളിൽ അത്ഭുതകരമായി ഉപയോഗിക്കപ്പെട്ടു. പരിശുദ്ധാത്മാവു നൽകി ഭാരങ്ങൾ ഏറ്റെടുത്തു മധ്യസ്ഥപ്രാർത്ഥനയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ചു. പ്രാർത്ഥനയിലൂടെ രണ്ടാം ലോകമഹായുദ്ധത്തിന്റെ ഗതിവിഗതികൾ നിയന്ത്രിച്ചു. യിസ്രായേൽ രാഷ്ട്രം രൂപപ്പെടുന്നതിനു പ്രാർത്ഥനയിൽ പോരാടി.....

*ഒരേ സമയം അത്ഭുതകരവും അസാധാരണവുമായ അനുഭവങ്ങൾ!*
*റീസ് ഹൊവൽസിന്റെ കഥ ഇദംപ്രഥമമായി മലയാളത്തിൽ!*

## ഓരോ ചുവടിലും അനുസരണം

**'ജീവമൊഴി'യിൽ അടുത്ത ലക്കത്തിൽ ആരംഭിക്കുന്നു.**


## നിങ്ങൾ കുറ്റപ്പെടുത്തുന്നവരോ..... (പേജ് 28 ൽ നിന്നു തുടർച്ച)

നിങ്ങളുടെ കുഞ്ഞുങ്ങൾക്കും മാറ്റം വരും. ഇതു പ്രാവർത്തികമാകുമോ എന്നു പരീക്ഷിച്ചു നോക്കുക.

വിശ്വാസികളായിരിക്കുന്ന നമുക്ക് നമ്മോടുതന്നെ ഈ ചോദ്യം ചോദിച്ചു നോക്കാം. നാം അനേക വർഷങ്ങളായി കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്ന മറ്റു വിശ്വാസികളിൽ ഒരു നന്മയുമില്ല എന്ന് സാത്താൻ തുടർച്ചയായി പറയുന്നത് യഥാർത്ഥത്തിൽ സത്യം തന്നെയാണോ? കഴിഞ്ഞ കാലത്ത് കുറ്റപ്പെടുത്തലിന്റെയും പരാതിയുടേയും മറ്റുള്ളവർക്കെതിരെ ഏഷണി പറയുന്നതിന്റെയും ആത്മാവ് നമ്മുടെ ചിന്തകളിലും ഹൃദയങ്ങളിലും ഇടം പിടിച്ചിരിക്കുന്ന അത്രയും തന്നെയുമോ അതിലധികമോ മറ്റുള്ളവർക്കു വേണ്ടിയുള്ള നന്ദി പറച്ചിലിന്റെയും മധ്യസ്ഥതയുടെയും ആത്മാവ് നമ്മിൽ നിറയുവാൻ ദൈവം അനുവദിക്കും. അങ്ങനെ ശത്രുവിന് നമ്മുടെ ജീവിതത്തിൽ ഒരിക്കലും ഒരു സ്ഥാനം ലഭിക്കാതിരിക്കും. അപവാദിയെയും അവന്റെ ആത്മാവിനെയും മദ്ധ്യസ്ഥതയുടെ ആത്മാവിനാൽ ജയിക്കുവാനും ഓടിച്ചു കളയുവാനും സാധിക്കും. നിങ്ങൾ ഇപ്പോൾ കുറ്റപ്പെടുത്തുന്ന സ്വഭാവത്തെ എന്നേക്കുമായി തള്ളിക്കളഞ്ഞ് മദ്ധ്യസ്ഥതയുടെ ആത്മാവിനെ ആ സ്ഥാനത്ത് സ്ഥാപിക്കുവാൻ തീക്ഷ്ണതയുള്ളവനാണോ? അങ്ങനെ ചെയ്യുവാൻ കർത്താവ് നമ്മെ ഒരോരുത്തരെയും സഹായിക്കട്ടെ.

" വിശുദ്ധൻ ആകുവാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ എന്നാൽ അഴുക്കാകുവാൻ ഇച്ഛിക്കുന്നവൻ അഴുക്കായിരിക്കട്ടെ" (വെളി 22:11)

❖





# മേഘത്തിന്റെ മറവ്

ആച്ചിയമ്മ കുരുവിള

നമ്മുടെ ക്രിസ്തീയ ജീവിതത്തെപ്പറ്റി ആരെങ്കിലും ചോദിച്ചാൽ നാം എന്തു പറയും? എത്രയും സന്തോഷകരം അത്ഭുതകരം എന്നൊക്കെ നാം പറയും. ഇത് എത്രയും ശരിതന്നെ. പ്രത്യേകിച്ച് ക്രിസ്തീയ ജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽ. നാം രക്ഷിക്കപ്പെട്ട ആദ്യനാളുകളിലേക്ക് ഒന്നുതിരിഞ്ഞു നോക്കാം. നാം അന്ന് ആത്മീയശിശുക്കൾ ആയിരുന്നല്ലോ? ദൈവത്തിൽ നിന്നും ധാരാളം കരുതലും ലാളനയും നമുക്ക് ലഭിച്ചു. വളരെ ഉത്സാഹഭരിതമായ നാളുകൾ ആയിരുന്നു അവ. നമ്മുടെ ചുറ്റുപാടുകൾ പ്രകാശപൂർണ്ണമായിത്തീർന്നതുപോലെ.

എന്നാൽ ചുറ്റുപാടുകൾ പ്രകാശപൂർണ്ണമാകുന്നതിനെക്കാളേറെ അകത്ത് നമ്മുടെ ഹൃദയത്തിൽ അവിടുത്തെ സത്യവെളിച്ചം നിറയണം എന്നത്രേ നമ്മുടെ സ്വർഗ്ഗസ്ഥ പിതാവ് ആഗ്രഹിക്കുന്നത്. നാം ശിശുക്കളായി ത്തുടരാതെ ആത്മീയമായി പ്രായപൂർത്തി പ്രാപിക്കണമെന്നും പരിശുദ്ധാത്മനിറവ് പ്രാപിക്കണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹങ്ങൾ മാത്രം വാഞ്ഛിക്കുന്നവരാകാതെ അനുഗ്രഹദാതാവായ ദൈവത്തെത്തന്നെ വാഞ്ഛിക്കുന്നവരായി നാം തീരണം. അതിനായി ദൈവം നമ്മുടെ ജീവിതത്തിൽ മേഘത്തിന്റെ മറവും ഭാരവും ഉറക്കവും അനുവദിക്കുന്നു.

കർത്താവിന്റെ ശിഷ്യന്മാരുടെ ജീവിതത്തിലും ഇപ്രകാരം തന്നെയായിരുന്നു. ലൂക്കോസ് അഞ്ചുമുതൽ ഒൻപതുവരെയുള്ള അധ്യായങ്ങളിൽ ക്രിസ്തീയജീവിതത്തിന്റെ പ്രാരംഭഘട്ടം കാണുവാൻ കഴിയും. പെരുത്ത മീൻകൂട്ടത്തിന്റെ സമൃദ്ധിയാൽ ഉത്സാഹം, പക്ഷവാതക്കാരന്റെ സൗഖ്യത്തിലൂടെ വിസ്മയം, യേശുവിനോടുകൂടെ വിരുന്ന്, അവർ ഭാഗ്യവാന്മാർ ആകുന്നു എന്ന യേശുവിന്റെ തന്നെ സാക്ഷ്യം, ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ അറിയാൻ ഭാഗ്യം, കാറ്റിനേയും കടലിനേയും അവർക്കായി യേശു ശാസിച്ച് അമർത്തുന്ന കാഴ്ച, ശക്തിയും അധികാരവും പ്രാപിക്കാൻ അവസരം, വെളിപ്പാടുകൾ പ്രാപിക്കുന്ന അനുഗ്രഹം, വലിയ ജനസമൂഹത്തെ പോഷിപ്പിക്കുന്നതിന്റെ പങ്കാളിത്തം. എന്നുവേണ്ട എത്രയും വിസ്മയഭരിതമായ ക്രിസ്തീയ ജീവിതം. എല്ലാറ്റിനും ഉപരിയായി സാക്ഷാൽ ദൈവപുത്രനായ യേശു അവരുടെ കൺമുമ്പിൽ നഗ്നനേത്രങ്ങൾക്ക് കാണത്തക്കവണ്ണം!!

ഇവ ആസ്വദിച്ച് ഇരുന്ന ശിഷ്യന്മാരുടെ മേൽ ഇതാ മയക്കവും ഉറക്കവും പേടിയും മേഘവും നിഴലിടുന്നു. മേഘത്തിൽനിന്ന് ദൈവശബ്ദം പുറപ്പെട്ട് പത്രോസിനെ നിശ്ശബ്ദനാക്കുന്നു. അവന്റെ വാചാലത മൗനത്തിന് വഴിമാറുന്നു. അവന്റെ പരിജ്ഞാനത്തിന്റെ ലക്ഷണമായ മൗനം പഠിക്കേണ്ടതാവശ്യമായിരുന്നു. തുടർന്ന് അവർ കണ്ടതൊന്നും ആ നാളുകളിൽ ആരോടും അറിയിക്കാതെ മൗനമായിരുന്നു. എന്നാൽ പത്രോസിനെ സംബന്ധിച്ചിടത്തോളം യേശു മറുരൂപമലയിൽ പ്രാപിച്ച ആ തേജസ്സോടെ ഈ ഭൂമിയിൽ തുടരുന്നത് ഏറ്റവും ഉത്തമം ആയിരുന്നു. "ഞാൻ ഇതാ മൂന്നു കു

**നമ്മുടെയും ജീവിതത്തിൽ മേഘവും ക്ഷീണവും ഭയവും നിഴലിടുമ്പോൾ ഓർക്കുക. അവൻ നമ്മെ എന്തോ പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവശബ്ദത്തിനു കാതോർക്കാം. വാചാലത വെടിഞ്ഞ് മൗനമായിരിക്കാം. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ തന്നെ നോക്കാം. അവൻ നമ്മിൽ ഉയിർക്കട്ടെ.**

ടിലുകൾ കെട്ടാം." അവന്റെ വാക്കുകൾ എത്ര ഹൃദ്യം! പക്ഷേ അതിന്റെ പിന്നിലെ ആത്മാവ് ഈ ലോകത്തിന്റേതു തന്നെ. ഈ ഭൂമിയിൽ ഇപ്പോൾ മഹത്വപൂർണ്ണനായി ജീവിക്കുക എന്നതാണത്. അത് ദൈവം തരുന്ന മഹത്വവും സ്ഥാനവും ദാനങ്ങളും അനുഗ്രഹങ്ങളും ഒക്കെ തന്നെയാവും. എന്നാൽ യേശുവിന്റെ കാഴ്ചപ്പാട് നോക്കുക. "എന്റെ സ്വർഗ്ഗസ്ഥ പിതാവ് അനുവദിക്കുന്ന സമയത്തിനു മുമ്പേ, ഈ ഭൂമിയിൽ ഇപ്പോൾ ഈ മഹത്വത്തിൽ തുടരാൻ ഞാൻ ഇച്ഛിക്കുന്നില്ല. അതിനുപകരം എന്റെ പിതാവ് എനിക്ക് തരുന്ന കഷ്ടതയുടെ പാനപാത്രം കുടിപ്പാൻ ഞാൻ ഇച്ഛിക്കുന്നു. പത്രോസേ, ഇപ്പോൾ ഞാൻ ഈ മഹത്വത്തിൽ തുടർന്നാൽ നിന്നെയും മാനവരാശിയെ മുഴുവനേയും കൂടാതെ എനിക്ക് പിതാവിന്റെ വലത്തു ഭാഗത്ത് ഇരിക്കേണ്ടി വരും. അതുകൊണ്ട് ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനാകാൻ ഞാൻ ആഗ്രഹിക്കുന്നു. നിത്യതയിൽ എന്റെ മഹത്വം എങ്കിൽ മാത്രമേ നീയുമായി എനിക്ക് പങ്കുവയ്ക്കാൻ കഴിയൂ."(യോഹന്നാൻ17:24). മേഘത്തിൽ നിന്നും ദൈവശബ്ദം ഉണ്ടായത് എത്ര നന്നായി ! പിന്നത്തേതിൽ തങ്ങളുടെ ഗുരു കഷ്ടമനുഭവിച്ച് തന്റെ പിതാവിന്റെ ഹിതപ്രകാരമുള്ള സമയത്ത് തേജസ്ക്കരണം പ്രാപിച്ച് അവരുടെ മേൽ തന്റെ പരിശുദ്ധാത്മാവിനെ അയച്ചപ്പോൾ, അതായത് ഉയിർത്തെഴുന്നേറ്റ യേശു അവരിൽ ഉയിർത്തപ്പോൾ അവർ മൗനം ഭഞ്ജിച്ചു. യോഹന്നാൻ പറയുന്നു.''ഞങ്ങൾ അവന്റെ തേജസ്സ് കണ്ടു.... (യോഹന്നാൻ 1:4) പത്രോസ് പറയുന്നു. "അവന്റെ മഹിമകണ്ടു... കേട്ടു.... (2പത്രോസ് 1:16-19) വാക്കുകളുടെ പെരുപ്പം ഇല്ല. പക്ഷേ അർത്ഥഗർഭം. ആത്മനിറവിന്റെ എത്ര മഹനീയമായ തെളിവ്. സകലവും അവങ്കൽനിന്നും അവനാലും അവങ്കലേക്കും.

നമ്മുടെയും ജീവിതത്തിൽ മേഘവും ക്ഷീണവും ഭയവും നിഴലിടുമ്പോൾ ഓർക്കുക. അവൻ നമ്മെ എന്തോ പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവശബ്ദത്തിനു കാതോർക്കാം. വാചാലത വെടിഞ്ഞ് മൗനമായിരിക്കാം. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെത്തന്നെ നോക്കാം. അവൻ നമ്മിൽ ഉയിർക്കട്ടെ. ഇരുട്ടിൽ ഇപ്പോൾ അവൻ നമ്മോടു പറയുന്നത് പിന്നീട് ആത്മനിറവിൽ വെളിച്ചത്ത് പറയുവാൻ കഴിയും. ചെവിയിൽ മന്ദമായി പറയുന്നത് പുരമുകളിൽ ഘോഷിക്കാൻ സാധിക്കും. ദൈവശക്തിയാൽ ഒരു കഴുതയ്ക്ക് ശക്തിമത്തായ സന്ദേശം നൽകുവാൻ കഴിഞ്ഞെങ്കിൽ തന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നമുക്ക് എത്രയധികം! മലമുകളിലെ മഹത്വപൂർണത വെടിഞ്ഞ്





**മലമുകളിലെ മഹത്വപൂർണത വെടിഞ്ഞ് സാധാരണജീവിത സാഹചര്യങ്ങളുടെ താഴ്വരകളിലേക്ക് നമുക്ക് അവനെ അനുഗമിക്കാം. പാളയത്തിനു പുറത്ത് സാധാരണവും വിരസവും പരുക്കനും ആയ ജീവിതസാഹചര്യങ്ങൾ മഹത്വപൂർണ്ണനും ജയാളിയും ആയി അവിടുന്നു ജീവിച്ചു. അവിടുത്തെ മാതൃക നമുക്ക് പിൻതുടരാം.**

സാധാരണജീവിത സാഹചര്യങ്ങളുടെ താഴ്വരകളിലേക്ക് നമുക്ക് അവനെ അനുഗമിക്കാം. പാളയത്തിനു പുറത്ത് സാധാരണവും വിരസവും പരുക്കനും ആയ ജീവിതസാഹചര്യങ്ങളിൽ മഹത്വപൂർണ്ണനും ജയാളിയും ആയി അവിടുന്നു ജീവിച്ചു. അവിടുത്തെ മാതൃക നമുക്ക് പിൻതുടരാം. മഹത്വീകരണത്തെപ്പറ്റിയുള്ള ലോകത്തിന്റെ കാഴ്ചപ്പാട് എത്രയോ വികലമാണ്. ഉയരത്തിലേക്ക് ഉയരത്തിലേക്ക് വീണ്ടും ഉയരത്തിലേക്ക് എന്നതാണ് അത്. എന്നാൽ അത് താത്കാലിക മഹത്വം മാത്രമാണ്. അതിന്റെ അവസാനം വീഴ്ച തന്നെ. അഭ്യാസം കാട്ടാതെ അവിടെ നിലനിൽപ്പില്ല. മാനം, സ്ഥാനം, ജോലി, സൽപ്പേര്, അധികാരം, സമ്പത്ത്, സ്വയജീവൻ എന്നിവയുടെ നിലനിൽപ്പിനായി കള്ളം, അർദ്ധസത്യം, എന്നിവ പറയേണ്ടി വരുകയും, സ്വയ നീതീകരണം നടത്തുകയും ഒക്കെ ചെയ്യേണ്ടി വരുമ്പോൾ ഓർക്കുക സാത്താൻ നമ്മെകൊണ്ട് അഭ്യാസം കാണിപ്പിക്കുകയാണ്. സ്വയജീവനും സമ്പത്തിനുമായി അബ്രഹാമും (ഉല്പ 12:12:13) ജഡമോഹത്തിന്റെ പൂർത്തീകരണത്തിനായി ദാവീദും (2 ശമു 11:13, 14) പൊതുജനസമ്മതിക്കായി പൗലോസും (പ്രവൃത്തി 21;24) ഒക്കെ ഇപ്രകാരം സാത്താന്റെ കെണിയിൽ വീണുപോയിട്ടുണ്ട്. എന്നാൽ യേശുവിന്റെ സ്വർഗ്ഗീയമായകാഴ്ചപ്പാട് എന്താണ്?താഴ്മയിലേക്ക്, മരണത്തോളം താഴ്മയിലേക്ക എന്നതാണത്. അതിന്റെ ഫലമോ, പരമോന്നതനായ ദൈവത്താൽ ഉള്ള ഉയർത്തപ്പെടൽ, താഴ്വാരത്തിലേക്ക് ഇറങ്ങുവാൻ മനസ്സുറപ്പിച്ചാൽ അവൻ നമ്മെ താഴ്വരയിൽ മാത്രമല്ല അവന്റെ ഗിരികളിലും നിർത്തുമാറാക്കും. (സങ്കീ 18) അവിടെയും നാം വിശാലത കണ്ടെത്തും. നിലനിൽപ്പിനായി നമുക്ക് അഭ്യാസം കാട്ടേണ്ടിവരികയില്ല. കാരണം, അവൻ തന്നെയാണ് നമ്മെ അവിടെ നിർത്തുന്നത്.

ലോകത്തിന്റെ ഒരു മഹത്വവും ആഗ്രഹിക്കാതിരിക്കാം. ബഹുമാനമോ വിധേയത്വമോ അനുസരണമോ ഒന്നും ആരിൽ നിന്നും ഭൃത്യരിൽ നിന്നുപോലും വാഞ്ഛിക്കാതിരിക്കാം. ദൈവത്തെയല്ലാതെ മറ്റൊന്നും ആഗ്രഹിക്കാതിരിക്കാം. അപ്പോൾ തേജഃപൂർണ്ണനായ യേശുനമ്മിൽ ഉദിക്കും. പരിശുദ്ധാത്മാവിനാൽ അവിടുന്നു നമ്മെ നിറയ്ക്കും. നമ്മുടെ ക്രിസ്തീയജീവിതം അതിന്റെ പ്രാരംഭഘട്ടത്തിനെക്കാൾ സന്തോഷകരവും അത്ഭുതകരവും ആഗ്രഹിക്കത്തക്കതും എന്ന് അപ്പോൾ ഉറപ്പോടെ സാക്ഷിക്കുവാൻ നമുക്ക് കഴിയും. അദൃശ്യനായ ദൈവത്തെ കണ്ടതുപോലെ വിശ്വാസത്തിൽ ഉറച്ചു നിൽപ്പാനും സാത്താന്റെ കോപത്തെ ഭയപ്പെടാതെ ലോകം വച്ചുനീട്ടുന്ന മഹത്വത്തെ നിരസിപ്പാനും നമുക്ക് കഴിയും.(എബ്രായർ 11:27)

❖

# വിശ്വസ്ത ഗൃഹവിചാരകൻ

ഏലിയാസ് ആസ്‌ലാക്സൻ

**ദൈ**വത്തിന്റെ കരങ്ങളിൽ മഹനീയമായി ഉപയോഗിക്കപ്പെട്ട ഒരു മാനപാത്രമായിരുന്നു, പൗലോസ്. ദൈവത്തിന്റെ കൂട്ടുവേലയിൽ ഇത്രമാത്രം ഉപയോഗിക്കപ്പെടുവാനും തന്റെ കാര്യവിചാരകത്വത്തിൽ ഇത്രയധികം ഭരമേല്പിക്കപ്പെടുവാനും ഇടയായത്, തക്കതും യുക്തവുമായ കാരണം കൂടാതെയല്ല. ജീവിതകാലത്തും അതിനുശേഷവും എത്രയനവധി ആത്മാക്കൾ താൻ മുഖാന്തരം അനുഗ്രഹിക്കപ്പെടുവാനിടയായിത്തീർന്നു!

ഇത്ര വിലയേറിയ ഒരു ലക്ഷ്യത്തിനുവേണ്ടി ദൈവം ആരെ തിരഞ്ഞെടുക്കണം? ഇത്രയധികം ആരെ ഭരമേല്പിക്കാൻ കഴിയും?. “അവൻ എന്നെ വിശ്വസ്തനെന്നെണ്ണി ശുശ്രൂഷയിലാക്കി” ( 1തിമോ. 1:12) എന്നുള്ള പൗലോസിന്റെ വാക്കുകളിൽ ഈ ചോദ്യങ്ങൾക്കുത്തരമുണ്ട്.

മനുഷ്യന്റെ ധാരണയിലുള്ള വിശ്വസ്തതയിൽ നിന്നും വ്യത്യസ്തവും കനമേറിയതുമാണ് ദൈവത്തിന്റെ ദൃഷ്ടയിലുള്ള വിശ്വസ്തത. ഏതുസാഹചര്യത്തിലും അതിന്റെ അളവ് തികവുള്ളതാണ്. ചെറിയ കാര്യമെന്നോ വലിയ കാര്യമെന്നോ വ്യത്യാസം ഇല്ലാതെ, അതിന്റെ അളവ് എപ്പോഴും പൂർണ്ണമാണ്. വിശ്വസ്തതയ്ക്കു നാം കൊടുക്കുവാൻ ഇച്ഛിക്കുന്ന വിലയും വ്യത്യസ്ത സാഹചര്യങ്ങളിൽ അതിനോടു നമുക്കുള്ള മനോഭാവവും ദൈവത്തിനു മറവായിരുന്നില്ല. സമൃദ്ധമായ കൃപയും ശക്തിയും, അനുഗ്രഹനിറവും,മഹനീയ കാര്യവിചാരകത്വവും, തികഞ്ഞ വിശ്വസ്തതയുടെ പ്രതിഫലമാണ്.

നമ്മുടെ അഭക്തിയും, തിന്മയും സത്യസന്ധമായി അംഗീകരിച്ച് താഴ്മയിൽ വേരൂന്നി അതിൽ തുടരുന്ന പക്ഷം നമ്മെക്കുറിച്ച് ചെറിയ ചിന്തകൾ പുലർത്തുവാൻ കഴിയും – ഇതാണ് അധികം ഭരമേല്പിക്കപ്പെടുന്നതിന്റെ ഒരു വ്യവസ്ഥ. ഇവ്വണ്ണം. നമുക്കു നമ്മെത്തന്നെ കാണുവാൻ ഇടയാകുന്നതിനാൽ നാം ദൈവത്തിന്റെ കരങ്ങളിൽ വളരെയധികം ഉപയോഗിക്കപ്പെട്ടാലും, മറ്റുള്ളവരാൽ ആദരിക്കപ്പെട്ടാലും, താഴ്മയിൽ തുടരുവാൻ നമുക്ക് കഴിയുന്നു. നമ്മുടെ തിന്മയുടെയും, പാപത്തിന്റെയും അളവ് എത്ര തന്നെ ആയിക്കൊള്ളട്ടെ, ദൈവത്തിന്റെ ക്ഷമ അളവറ്റതാണ്. നമുക്ക് സമ്പൂർണ്ണ പാപക്ഷമ ലഭിക്കും. എന്നാൽ ഏറ്റവും പ്രസക്തമായ കാര്യം നമ്മുടെ മാനസാന്തരം എത്ര തീവ്രതയുള്ളതാണെന്നും, മാനസാന്തരപ്പെട്ട ശേഷം, നാം അനുതപിച്ച കാര്യങ്ങളോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കുന്നുവെന്നും ഉള്ളതാണ്. ജീവപര്യന്തം, തുടർന്നുള്ള എല്ലാ സാഹചര്യത്തിലും അതേ മനോഭാവം നാം പുലർത്തിപ്പോരുമോ എന്നുള്ളതും പ്രസക്തമാണ്.

സ്വാഭാവിക കഴിവുകൾ, വിദ്യാഭ്യാസം, വാക്ചാതുര്യം എന്നിവ ഒന്നും തന്നെ, ദൈവത്തിന് ഒരുവനെ എന്തെങ്കിലും ഭരമേല്പിക്കുവാൻ മതിയായ കാരണങ്ങളല്ല. ഒരുവനെ ദൈവം എന്തെങ്കിലും ഭരമേല്പിക്കുന്നത് കൃത്യമായും അവന്റെ താഴ്മയ്ക്കും വിശ്വസ്തതയ്ക്കും ആനുപാതികമായാണ്. അവന്റെ മാനുഷിക നിലവാരങ്ങൾ, അറിവ്, സംസ്കാരം, കുലമഹിമ ഇവ പ്രസക്തമേയല്ല. വിശ്വസ്തതയും താഴ്മയും മാത്രമാണ് പ്രസക്തം. അതി





## ബൈബിളിലൂടെ

26-ാം പേജിൽ നിന്നു തുടർച്ച

ത്തേണ്ടിവരും. പരീശന്മാർ ഒരേ സമയം മിഷനറിവേല ചെയ്കയും ധനത്തെ വളരെ സ്നേഹിക്കുകയും ചെയ്തിരുന്നു (16:14). യേശു അവരോടു പറഞ്ഞു “നിങ്ങൾ മനുഷ്യരുടെ മുമ്പാകെ നിങ്ങളെത്തന്നെ നീതീകരിക്കുന്നവർ. (നിങ്ങൾ മനുഷ്യരുടെ മുമ്പാകെ വലിയ ആത്മീയരായി നടിക്കുന്നു.) ദൈവമോ നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെ മുമ്പാകെ ഉന്നതമായത് ദൈവസന്നിധിയിൽ അറപ്പാകുന്നു.” ഈ വാക്യം ഞാൻ എന്റെ സ്വീകരണമുറിയിൽത്തന്നെ എഴുതി വച്ചിരിക്കുന്നു കാരണം ജീവിതകാലം മുഴുവനും എന്നും ഓർത്തിരിക്കുവാനായി. മനുഷ്യർ മഹത്തരമായി കാണുന്ന കാര്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക. എന്നിട്ട് അവയെ ദൈവം മ്ലേച്ഛമായിക്കാണുന്നു എന്നു തിരിച്ചറിയുക. മനുഷ്യർ വിലമതിക്കുന്ന ഒരു കാര്യത്തിലും മഹത്വമെടുക്കരുത്. അത്തരം ചില കാര്യങ്ങൾ നിങ്ങൾക്കുണ്ടാകാം. അവയ്ക്കൊക്കെ ദൈവം കല്പിക്കുന്ന വില തന്നെ കൊടുക്കുക – പൂജ്യം. അത്തരം കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചു സമയം കളയരുത്. നിങ്ങൾ സൗന്ദര്യമുള്ള, വലിയ ധനമുള്ള, വലിയ വിദ്യാഭ്യാസമുള്ള, അതിബുദ്ധിമാനായ ഒരു വ്യക്തിയാണോ? ഇക്കാര്യങ്ങളൊന്നും അതിൽത്തന്നെ തെറ്റുള്ളവയല്ല. എന്നാൽ ദൈവം ഇവയെ വിലമതിക്കുന്നു എന്നു കരുതരുത്. ദൈവത്തിന്റെ വലിയ മനുഷ്യരിൽ അധികവും സൗന്ദര്യമോ, ബുദ്ധിസാമർത്ഥ്യമോ വിദ്യാഭ്യാസമോ ഉള്ളവരായിരുന്നില്ല. ദൈവം വിലമതിക്കുന്നത് തന്നോടുള്ള ഭക്തിയും താഴ്മയുമാണ്. അതിനെ ഈ ലോകം വിലമതിക്കുന്നില്ല. ദൈവം വിലമതിക്കുന്ന കാര്യങ്ങളെ നിങ്ങൾ വിലമതിക്കുന്നു എങ്കിൽ ചെയ്യുന്ന ശുശ്രൂഷ അധികം ഫലപ്രദമായിത്തീരും

(തുടരും)

**മൊഴിമാറ്റം-സാജു ജോസഫ്**

❖

നാൽ ദൈവത്തെ ഉറപ്പായി വിശ്വസിക്കുക.

നിറം ഇളകുന്നതും ഇളകാത്തതുമായ തുണികളെക്കുറിച്ച് നാം കേൾക്കാറുണ്ട്. ചൂടുവെള്ളത്തിലും തിളച്ചവെള്ളത്തിലും, സോപ്പിലും കാരത്തിലും നിറം ഇളകാത്ത അവസ്ഥയ്ക്കു സമാനം, “ഇളകാത്തവരും, കുലുങ്ങാത്തവരുമായ” സഹോദരന്മാരെക്കുറിച്ചും വിശ്വസ്തനും, ഉറപ്പുള്ളവനുമായ കൂട്ടുവേലക്കാരനെക്കുറിച്ചും, ചിന്തിച്ചുനോക്കുക യാതൊരുവനും യാതൊന്നിനും നിറം ഇളക്കുവാൻ കഴിയാത്തൊരുവൻ. അങ്ങനെയുള്ള ഒരുവനെ ദൈവത്തിന് എങ്ങനെ ഒഴിവാക്കുവാൻ കഴിയും? അങ്ങനെ ഒഴിവാക്കിയെങ്കിൽ ദൈവം തന്നെ ഒരു നല്ലയവസരം പാഴാക്കിയെന്നു വരികയില്ലയോ? വാസ്തവമിതാണ്. ദൈവം അന്വേഷിക്കുന്നത് ഇപ്രകാരമുള്ളവരെയാണ്.

ഇത്ര മഹനീയ കാര്യങ്ങൾ ഭരമേല്പിക്കപ്പെടുവാനായി ഞാനെത്ര ചെറിയവനും, അപ്രാപ്തനുമാണ്? ഇവ്വിധം പറയാതിരിക്കുക, മറിച്ച് “ഞാനെത്ര വിശ്വസ്തതയില്ലാത്തനും, താഴ്മയില്ലാത്തവനുമായിരിക്കുന്നു” എന്നു പറയുകയാണ് കൂടുതൽ ഉത്തമം. നിരാശപ്പെടേണ്ട .പരിധിയെന്യേ അനുതപിക്കുവാനുള്ള അവസരവും നമ്മുടെ മുമ്പിൽ ഉണ്ട്. നമുക്ക് എന്തുകൊണ്ട് അതു ചെയ്തുകൂടാ?

❖

# എഡിറ്റോറിയൽ *തുടർച്ച*

അവർക്ക് ഒന്നും തന്നെ നഷ്ടമാകുന്നില്ല!

ഈ കുറ്റാരോപണത്തിന്റെ ആത്മാവിൽ നിന്ന് എങ്ങനെയാണ് രക്ഷപ്പെടാൻ കഴിയുന്നത്? ഒന്നാമത് ഇത് സാത്താന്യമാണെന്നും സാത്താന്യശക്തികൾക്കിടം കൊടുക്കുന്നതാണെന്നും തിരിച്ചറിഞ്ഞ് അതിൽ നിന്നുള്ള മോചനത്തിനായി ആത്മാർത്ഥമായി ആഗ്രഹിക്കണം. പിന്നെ വേണ്ടത് കർത്താവിന്റെ 'രക്ഷിക്കുന്ന വിരലി'ന്റെ അടുത്തെത്തുകയാണ്. എങ്കിൽ അവിടുന്നു നമുക്കു നഷ്ടമായ ദൈവ രാജ്യ അനുഭവങ്ങളായ നീതിയും, സമാധാനവും, സന്തോഷവും പുനഃസ്ഥാപിച്ചു നൽകും. ലൂക്കോസ് 11: 20 ൽ യേശു പറഞ്ഞു: ' എന്നാൽ ദൈവത്തിന്റെ ശക്തി കൊണ്ടു ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം'. ഇവിടെ ദൈവത്തിന്റെ 'ശക്തി'യെന്നു മല യാളത്തിൽ വായിക്കുന്നിടത്തു ഇംഗ്ലീഷിൽ, ഭൂതങ്ങളെ പുറത്താക്കുന്നതു ദൈവ ത്തിന്റെ 'വിരൽ' ആണെന്നു കാണുന്നു (by the 'finger' of God-NASB). വിരൽ ചൂണ്ടുന്ന മനോഭാവത്തിൽ നിന്നു നമ്മെ വിടുവിക്കുന്ന യേശുവിന്റെ 'രക്ഷി ക്കുന്ന വിരൽ' ആണിത്.

ഈ 'രക്ഷിക്കുന്ന വിരൽ' പ്രായോഗികതലത്തിൽ പരിശുദ്ധാത്മശക്തിയാ യാണു പ്രവർത്തിക്കുന്നതെന്നു ലൂക്കോസ് 11:20 ലെ വചനം മത്തായി സുവിശേ ഷത്തിൽ ആവർത്തിക്കുന്നിടത്തുനിന്നു വ്യക്തമാണ്: 'ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെ ത്തിയിരിക്കുന്നു സ്പഷ്ടം' (മത്തായി 12:28). യേശു പുറത്താക്കിയ കുറ്റാരോപ ണത്തിന്റെ ആത്മാവ് ഒഴിഞ്ഞുപോയ ഇടങ്ങളെ പരിശുദ്ധാത്മാവ് സ്നേഹം കൊണ്ടും (റോമർ 5:5) നാം നേരത്തെ കുറ്റാരോപണം നടത്തിയവർക്കായുള്ള പക്ഷവാദപ്രാർത്ഥനകൊണ്ടും (റോമർ 8:26,27) നിറയ്ക്കും.

മറ്റുള്ളവർക്കെതിരെയുള്ള നിഷേധാത്മകമായ ചിന്തകളെ പുറത്താക്കിക്കള ഞ്ഞാലും ചിലപ്പോൾ അവരെ കാണുമ്പോഴോ അവർ നമ്മോടു മോശമായി നേരത്തെ പെരുമാറിയ ചില സ്ഥലങ്ങളിൽ ചെല്ലുമ്പോഴോ ആ കുറ്റാരോപണ ത്തിന്റെ ചിന്തകൾ ഹൃദയത്തിൽ വീണ്ടും ഉയർന്നുവരാറില്ലേ? ആ കുറ്റംവിധി യുടെ ചിന്തകൾ വീണ്ടും തലനീട്ടുമ്പോൾ അത് ലൂക്കോസ് 14:24-27 ൽ കാണുന്ന ദുരാത്മാവ് താൻ വിട്ടുപോന്ന വീട് വീണ്ടും ഒന്നു കാണാൻ വരുന്നതാണെന്നു തിരിച്ചറിയണം. പേടിക്കേണ്ട. യേശുവിനെ വിളിച്ചപേക്ഷിക്കുക. അവിടുത്തെ 'രക്ഷി ക്കുന്ന വിരൽ' അപ്പോഴും നമ്മോടുകൂടെയുണ്ട്. വിരൽ ചൂണ്ടുന്ന മനോഭാവ ത്തിനു പിന്നിലുള്ള സാത്താന്യശക്തിയെ ഒരിക്കൽ നമ്മിൽ നിന്നു പുറത്താക്കി ക്കളഞ്ഞ അവിടുന്നു നേരത്തെ നാം ആർക്കെതിരെ വിരൽ ചൂണ്ടിയിരുന്നുവോ അവരോടുള്ള സ്നേഹം, അവർക്കായുള്ള മദ്ധ്യസ്ഥപ്രാർത്ഥന എന്നിവയുടെ ആത്മാവിനാൽ നമ്മുടെ ഹൃദയത്തെ നിറയ്ക്കും. അപ്പോൾ 'വീട്ടിലെ പുതിയ താമസക്കാരനായ' പരിശുദ്ധാത്മാവിൽ യേശുവിന്റെ മുഖം പ്രതിഫലിച്ചു കാണു ന്നതു കണ്ടു ഭയപ്പെട്ട് ദുരാത്മാവ് സ്ഥലംവിടും. വീണ്ടും ചില സന്ദർഭങ്ങളിൽ നാണവും മടിയുമില്ലാത്ത സാത്താന്യശക്തി, സ്ഥിതി ഇപ്പോൾ എങ്ങനെയുണ്ടെ ന്നറിയാൻ വീടു സന്ദർശിച്ചെന്നുവരാം. അപ്പോഴെല്ലാം നേരത്തെ ചെയ്തത് ആവർത്തിക്കാൻ നാം ജാഗ്രതയുള്ളവരാണെങ്കിൽ അതു പിന്നെ വരാതെയാ കും. വിജയം നമ്മുടേതായിരിക്കും.

'ചൂണ്ടുന്ന വിരലി'നെതിരെ 'രക്ഷിക്കുന്ന വിരൽ' ഇങ്ങനെയാണു പ്രവർത്തി ക്കുന്നത്.








# Christian Identity and Personality

**(Part II)**

**Sandeep Poonen**

**Question:**

Philippians 2:3 says, "*Do nothing from selfishness or empty conceit, but with humility of mind regard another as more important than yourselves.*" What does this last part mean? If I have a low esteem about myself, this can lead to an inferiority complex.

This can lead to a false belief that 'He is better than me' even though in terms of talent, he may not be as talented as I am. This can also lead to a fear to take up any responsibility simply because everyone is better than me; ("regard others as more important than yourself"). This can in turn lead to a very low self confidence. The person may grow up into a shy, timid and reserved person not using his potential to the fullest. Please reply when you have the time.

**Answer:**

With what I wrote on how God desires to transform our *identity* and our *personality* as a foundation, let me now address your specific question.

You are right in saying that we cannot have a "low esteem about ourselves" where it leads to any kind of inferiority complex or a reluctance to take up responsibility because one is unworthy and considers all others as being more worthy. So how then should we obey this verse?

One clarifying point up-front:

Paul is talking to the Philippian Christians and their conduct towards

one another. So it is in the context of their spiritual connection to one another (as fellow members of the Body of Christ) that Paul gives these words of advice. So we have no command to think that the opinions of non-Christians and their views about God are more important than ours. We don't have to be in any way deferential to the self-centered opinions of the ungodly, or to the opinions about God from other religions.

Now from the contrast in verse 3, I see that **one's motives** are being questioned primarily. Paul cautions the Philippians on how they must behave towards each other in verse 3. But if I go back to verse 2, he tells me his chief aim and goal with this advice: *being of the same mind, maintaining the same love, united in spirit, intent on one purpose*.

So for me, it is with verse 2 as the goal, that we should all strive with humility of mind, to regard others as more important than themselves. So Paul is definitely telling me that I should not be so caught up with my own interests (v 4). **This includes not being so caught up with my own spirituality only**.

But we must not take this to mean that I must keep on decreasing, and that others increase and benefit. No, the goal is for ALL to be of the same mind, for ALL to have and maintain the same infinite love, ALL being united in spirit, and for ALL to be intent on one singular purpose.

So the thrust of Paul's words is that ALL must be together and of one accord, and nobody should be left behind. And if one falls behind, we who are spiritual must be bothered if others are falling behind. Our joy must be less than complete (in a sense) when others are falling behind or getting waylaid by sin (v 2). Now of course, this does not mean that we lose our own joy in Christ. No, we are to still rejoice always, but there is a sense in which our joy is less than complete when other brothers and sisters don't embrace the love of God, even if we have reached a point where we are rather secure in His love.

But I also want to share a principle that my Dad has taught me and that has been very instructive: **Whenever we want to know how to apply any doctrine in God's Word, we must look to see how this was lived out in the Word who became flesh (John 1:14)**. So if we look at the **life of Jesus**, we can often get more light on how doctrines and theology can be applied.





How did Jesus consider others more important than He was? How did this play out in His life.

And these are some of observations in that regard (with His disciples, and not even thinking about how He dealt with the Pharisees):

- Jesus rebuked Peter saying that he was being directly influenced by Satan
- Jesus called His disciples those of little faith

These are all from the Word who was made flesh and who was tempted in all points as we are – and did not sin even once. So when I put this in the light of Philippians 2:3, I see that Jesus **did not** treat Peter and John and James as if they were more spiritual than He was.

So it is not that we should act as if spiritually worldly Christians are more important spiritually. Or that we should treat their opinions on godliness as more important, etc. Or that people who are not filled with the Holy Spirit and a fire for God are more spiritual than those who are filled with the fire of God's love. Not at all! Jesus was clearly the most spiritual man, and He often told the Pharisees that He was of God and they were not. And there was no doubt in all the disciples' minds that they were subject to Jesus.

So how then *did* Jesus obey this verse? I believe He exemplified this principle by **being a servant to his disciples** (Philippians 2:5-8 explains exactly this).

It tells me that **He made Himself of no reputation**. And what exactly was the reputation of Jesus? It was this: The Eternal Son of God. He completely forgo THAT REPUTATION when He interacted with those on earth. He never acted with the spirit of, "Do you know who you're dealing with? Let Me tell you what My real reputation is," etc. He even silenced the demons who proclaimed Him to be the Son of God (we see Paul do a similar thing in Acts 16:16-18).

Near the end of His life, He washed their feet as a symbol of this principle (John 13). And He was willing to even lay down His life and die for them!

So it is **this heart of a servant** that we must have towards all our brothers and sisters. But let us not forget the over-riding goal that guides us in how to be a truer servant? The goal that we ALL be of the same mind, all maintain the same love, all be united in spirit, and all be intent on one purpose. Jesus did not become a servant because it was a nice thing to do. He too had the desire that we too would be one with Him and the Father (John 17:21).

So it is with this goal in mind that we lift others up, we give in to others, and we build one another up.

So from this, I can completely discount every attitude that is reluctant to take responsibility in the building of the Body of Christ. And since we ALL have our **individual identity of being infinitely loved**, there is no question of an inferiority complex. We are supremely loved. And we protect ourselves from any kind of selfish *superiority* complex by desiring that all my brothers and sisters also fully embrace their "infinitely loved" identity in Christ.

Honestly, this is a humbling thought that hits me afresh even as I write this. I am deeply humbled by this new identity. And I hope I will make use of **all the rest of my days** to embrace this new identity more and more.

But I am also greatly energized by the most exalted *ministry* that the Lord has given me to do. I want to constantly ask God how I might help others see this exalted identity that **is theirs as well in Christ**. So I also want to spend all the rest of my days to help others be of this same mind, maintain this same love, be united in this spirit, and be intent on this purpose too.

So we've got my work cut out, haven't we???!!! :-) May God help us be good and faithful servants to this till the very end!

Thank you again for your question. Your question has given me a fresh sense of wonder for the good news that we have in Christ!

(please mail your genuine doubts to: **sandeep@poonen.org**)

ജീവമൊഴികൾ
വാല്യം 6 ജൂലൈ 2011 ലക്കം 7

എഡിറ്റോറിയൽ ബോർഡ്

വാർഷിക സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു പുറത്ത് | Rs.500/- |

ജീവമൊഴികൾ
കേരള - 686 016,
ഫോൺ 0481 - 2392753,
9495234087, 9249514234

വിദേശപ്രതിനിധികൾ
U.S.A - Binoy James
Phone 512990-2808(R) 512826-5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-7970839
E-mail: skuruvi@gmail.com

മൊഴിമുത്ത്

# യഥാർത്ഥ വിശുദ്ധി



സഹോദരന്മാരെ, ശ്രദ്ധിക്കുക. ഓരോ ചുവടുവയ്പിലും വിശുദ്ധിയോടു കൂടുതൽ അടുത്തു കൊണ്ടിരിക്കുന്നുവെന്നു നാം കരുതുന്നു. എന്നാൽ താഴ്മയിൽ വർദ്ധിച്ചു വരുന്നതു നമ്മുടെ ലക്ഷ്യമാക്കിയിട്ടില്ലെങ്കിൽ കേവലം ഒരു പുതിയ ഉപദേശത്തിലും വിശുദ്ധീകരണത്തെക്കുറിച്ചുള്ള മനോഹരമായ ചിന്തകളിലും അനുഭൂതികളിലും സന്തോഷിക്കുക മാത്രമാണുണ്ടായതെന്ന് അന്ത്യദിവസത്തിൽ നാം കണ്ടെത്തും. സ്വയത്തിന്റെ പടിപടിയായ ശോഷണം (അതു മാത്രമാണല്ലോ ദൈവസാന്നിധ്യത്തിന്റെ തെറ്റിക്കൂടാത്ത അടയാളം) നമ്മിൽ സംഭവിച്ചിട്ടില്ലെന്ന് അനുമാത്രമാണ് നാം ഞെട്ടലോടെ തിരിച്ചറിയുക.

ആൻഡ്രൂ മുറേ

## ഇരുണ്ട വെളിച്ചം




കണ്ണ് കേടുള്ളതെങ്കിലോ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും. എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ആ ഇരുട്ട് എത്ര വലിയത് (മത്താ.6:23)

## When temptation comes...

During the Keswick convention, a man asked a little girl how she overcome when the devil comes to her. She answered "In the past, if the devil came to knock at my front door, as soon as he knocked, I would say 'Don't come in. Don't come in'. But the result was always a failure.Now when the devil knocks at my door I say 'Lord you open the door for me'. If the Lord opens the door and the devil sees the Lord, he will say, 'Sorry, I came to the wrong door' and he will run away".This is God's way of deliverance. If we can stand back and allow the Spirit to fight against the lust and the lusts to fight against the Spirit, we will experience deliverance

When we are tempted and say "Lord save me because temptation is coming my way again" the devil will come in even before the door is open. We have to allow the Lord to handle the matter completely.

Overcoming is refusing to 'move'. Overcoming is disregarding the situation and turning away. If you do not move and if you disregard the situation and turn away, you are letting go. Victory has nothing to do with you. You are dead already. It is christ who overcomes for you. Victory is for you to die and for christ to live.

## *Just a minute*



*'എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും'*
*(സദൃശ. 8:17)*

*Pheba Cleetus*